032;2N121:11 J1;1 MULLAMALA

KRISHNA VARIER

032;2N121:11
J1;1

121:11 J1;1
ARIER (K.)
a.

MUL
171876

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or be
the date last marked below.

17 DEC 1966

23 DEC.

19 JUL 1974

O. 61

Mullamala

# മുല്ലമാല

(ഒരുനാടകം)

UNIVERSITY LIBRARY
- 6 MAR 1956
MADRAS

ഗ്രന്ഥകത്താ: —

**കെ. കൃഷ്ണവാരിയർ, ബി. ഏ., ബി. ഒ. എൽ.**

സെൻറ് അലൂഷ്യസ് കോളേജ്,

മംഗലാപുരം.

K. Krishna Varier.

പ്രസാധകന്മാർ :

**പി. കെ. ബ്രദേർസ്, കോഴിക്കോട്.**

P. K. Brothers, Kozhikode

1951 ] [ വില: 1—8—0

Rs 1/8

ഒന്നാംപതിപ്പ് കോപ്പി 1000

(Copyright to Publishers)

171876
032:2N12:11
J1;1

Printed at
THE PRAKASAKAUMUDI PRINTING WORKS, KOZHIKODE.

# ആമുഖം

മേഘസന്ദേശം വായിക്കുന്ന സമയത്ത് "അദ്രേഃശൃംഗം" എന്ന പദ്യത്തിനു് മല്ലിനാഥൻ കൊടുത്ത വ്യാഖ്യാനക്കുറിപ്പിൽ നിന്നു ദിങ്നാഗൻ എന്നൊരു കവിയുണ്ടെന്നറിവാനിടയായി. പിന്നീടു സംസ്കൃതസാഹിത്യചരിത്രം പാഠിക്കുന്ന സന്ദർഭത്തിൽ ഭവഭൂതിയേക്കാൾ പ്രാചീനനായ ദിങ്നാഗകവി രചിച്ച കുന്ദമാല എന്ന നാടകത്തെപ്പററി കേൾക്കുവാൻ സംഗതിവന്നു. കുറെക്കാലത്തിനു ശേഷം, ഇക്കഴിഞ്ഞകൊല്ലം, മദിരാശിയിലെ ഒരു കോളേജിലെ വിദ്യാർത്ഥികൾ സംസ്കൃതസമാജത്തിന്റെ വാർഷികോത്സവാവസരത്തിൽ കുന്ദമാല ഭംഗിയായഭിനയിക്കുകയുണ്ടായി എന്നു പത്രങ്ങളിൽ കണ്ടു. അപ്പോൾ കുന്ദമാല ഒന്നു വായിച്ചുനോക്കുവാനൊരു കൗതുകം തോന്നി. വായിക്കുംതോറും ദിങ്നാഗന്റെ പ്രസന്നമധുരമായ കവിതയും കഥാഘടനയും മററും എന്നെ അത്യധികം ആകർഷിച്ചു. അതോടൊപ്പംതന്നെ അതിനെ മലയാളത്തിലേക്കു വിവർത്തനം ചെയ്യുകയും ചെയ്തു.

ഈ നാടകത്തിലെ ഇതിവൃത്തം ഉത്തരരാമായണത്തിൽനിന്നെടുത്തതാകുന്നു. എന്നാൽ കവി സ്വമനോധർമ്മം പ്രയോഗിച്ചു പല ഭേദഗതികളും ചെയ്തിട്ടുണ്ടു്. ശ്രീരാമന്റെ പട്ടാഭിഷേകാനന്തരമുള്ള കഥ സംസ്കൃതത്തിൽ വാല്മീകി, കാളിദാസൻ, ദിങ്നാഗൻ, ഭവഭൂതി എന്നീ കവികളുടെ ഭാവനയ്ക്കു വിഷയമായിട്ടുണ്ടു്. ബെംഗാളി ഭാഷയിൽ ഈശ്വരചന്ദ്രവിദ്യാസാഗരനും ദ്വിജേന്ദ്രലാൽ റായിയും ഉത്തരരാമായണകഥയിൽ സ്വമനോധർമ്മം പ്രയോഗിച്ചു സ്വതന്ത്രഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. മലയാളഭാഷയിൽ കുമാരനാശാൻ രാമപരിത്യക്തയായ സീതയുടെ അവസ്ഥയെ അടിസ്ഥാനമാക്കി 'ചിന്താവിഷ്ടയായ സീത' എന്ന മനോഹരകാവ്യം ചമച്ചു. അതിനു മഹാപണ്ഡിതനായ ആററൂർ കൃഷ്ണപിഷാരടി എഴുതിയ അവതാരികയിൽ ആശാന്റെയും ഇതേ ഇതിവൃത്തമെടുത്തു കാവ്യം ചമച്ച പൂർവ്വസൂരികളിൽ ചിലരുടേയും പാത്രചിത്രീകരണവൈചി

ത്ര്യത്തെ അധികരിച്ചു സരസഗംഭീരമായ ഒരു ചച്ച നടത്തിയിരിക്കുന്നു. സംസ്കൃതപരിചയമില്ലാത്ത കേരളീയക്ക് വാത്മീകിയുടെ ഭാവനാസമ്പത്ത് വള്ളത്തോളിന്റെ തജ്ജമയിലും, കാളിദാസന്റേത് കുണ്ടൂരിന്റെ തർജ്ജമയിലും, ഭവഭൂതിയുടേത് ചാത്തുക്കുട്ടി മന്നാടിയാരുടെ തർജ്ജമയിലും കണ്ടറിയാവുന്നതാണ്. ഈശ്വരചന്ദ്രവിദ്യാസാഗരന്റെ കൃതി ശ്രീമതി അമ്പാടി നാരായണി പൊതുവാൾസ്യാരും ദ്വിജേന്ദ്രലാലിന്റെ നാടകം ശ്രീമാൻ ആർ. നാരായണപ്പണിക്കരും മലയാളത്തിലേക്കു തർജ്ജമ ചെയ്തിട്ടുണ്ട്. എന്നാൽ ദിങ്നാഗന്റെ കൃതി ആരും മലയാളത്തിലേക്കു വിവത്തനം ചെയ്തതായി എന്റെ അറിവിൽ പെട്ടിട്ടില്ല* ഭവഭൂതിക്കുകൂടി ഉപജീവ്യനെന്നു സർവ്വസമ്മതനും കാളിദാസന്റെ പ്രതിദ്വന്ദിയെന്നു മല്ലിനാഥനാൽ നിർദ്ദിഷ്ടനുമായ ദിങ്നാഗന്റെ നാടകം കേരളീയ സഹൃദയന്മാക്കു കൌതുകാധായകമാകുമെന്നു വിശ്വസിക്കുന്നു.

ഭാവപ്രകാശമെന്ന ഗ്രന്ഥത്തിൽ ശാരദാതനയൻ കുന്ദമാലാനാടകത്തെ പുകഴ്ത്തിപ്പറയുന്നുണ്ട്. വിശ്വനാഥൻ സാഹിത്യദർപ്പണത്തിൽ കുന്ദമാലയിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിച്ചുകാണുന്നു. ഇങ്ങിനെ കുന്ദമാല സംസ്കൃതസാഹിത്യലോകത്തിൽ സുപ്രസിദ്ധമായിരുന്നുവെങ്കിലും ഇതു ഭാസകൃതികളെപ്പോലെതന്നെ ഇരുപതാം നൂററാണ്ടിൽ മാത്രമേ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുള്ളു. 1923-ൽ രാമകൃഷ്ണകവിയും രാമനാഥശാസ്ത്രിയുംകൂടി ആദ്യമായി ഇതു പ്രസിദ്ധപ്പെടുത്തി. എന്നാൽ എനിക്കു ഈ വിവത്തനത്തിനു ആലംബമായതു 1926-ൽ ജയചന്ദ്രശാസ്ത്രിയുടെ സംസ്കൃതവ്യാ

---

* 'കുന്ദമാല'യുടെ ഏതാനും ഭാഗം പരിഷൽത്രൈമാസികത്തിന്റെ പഴയ ലക്കങ്ങളിൽ പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നു ഒരു സ്നേഹിതൻ അറിയിച്ചിരിക്കുന്നു. അതു മുഴുവനായിട്ടില്ലെന്നാണ് തോന്നുന്നതു്.

ഖ്യാനത്തോടുകൂടി ലാഹോറിൽനിന്നും പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥമാണ്. ശുദ്ധപാഠനിർണ്ണയം ദുഷ്കരമായ പല ഭാഗങ്ങളും ആ പതിപ്പിലുമുണ്ടെന്നുള്ളതു് പരമാർത്ഥമാണ്.

മൂലകൃതിയിലെ ആശയങ്ങളെ അതേവിധത്തിൽതന്നെ ആവിഷ്കരിക്കാനാണ് ഞാൻ ഉദ്യമിച്ചിട്ടുള്ളതു്. എന്നാൽ വളരെ ലഘുവായ ചില ചില്ലറ ഭേദഗതികൾ ചില ദിക്കിൽ കണ്ടേക്കാം. ഒന്നാമതായി ചേർത്ത പദ്യം മൂലത്തിലുള്ളതല്ല, പുതുതായി നിർമ്മിച്ചതാണ്. ചില ഭാഗത്തു് ദുർല്ലഭം ചില പദങ്ങൾ മാററുകയോ ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ടു്. പക്ഷെ ഈ മാററങ്ങൾ എത്രയോ അത്യല്പമാണ്. പദ്യങ്ങളിൽ മൂന്നു നാലെണ്ണമൊഴികെ മററുള്ളവയെല്ലാം അതേ വൃത്തത്തിൽതന്നെയാണ് തർജ്ജമ ചെയ്തിട്ടുള്ളതു്. ഇതിനൊരു കാരണവുമുണ്ടു്. മൂലകൃതിയിലെ പദ്യം ഒന്നോ രണ്ടോ തവണ വായിക്കുമ്പോൾ അതിൽ തന്മയീഭവിച്ചു് അതിൻെറ രസത്തിൽ ലയിച്ചിരിക്കുന്ന ഹൃദയത്തിൽ ആ ഛന്ദോബന്ധത്തിനനുഗുണമായ ഒരു ഗീതരാഗം അനുരണനം ചെയ്തുകൊണ്ടിരിക്കും. ആ സന്ദർഭത്തിൽ പദ്യരചനയ്ക്കുദ്യമിക്കുമ്പോൾ ആ വൃത്തത്തിൽതന്നെയാണ് പദ്യങ്ങൾ പ്രാദുർഭവിക്കുക പിന്നീടു ബലാൽക്കാരം പ്രയോഗിച്ചു് അവയെ മാററിത്തീർക്കേണ്ട കാര്യമില്ലല്ലോ. അതേവൃത്തം തന്നെ ആശ്രയിക്കുമ്പോൾ മറെറാരു മെച്ചമുള്ളതു് "അന്യൂനാനതിരിക്തമായ് വിലസണം ശബ്ദങ്ങളർത്ഥങ്ങളും" എന്ന തത്വം ദീക്ഷിക്കുവാൻ കുറെക്കൂടി എളുപ്പമുണ്ടെന്ന സംഗതിയാണ്.

നിരൂപകദൃഷ്ടിയിൽ കൃതഹസ്തന്മാരായ മഹാകവികളുടെ കൃതികളിൽകൂടി പല ദോഷങ്ങളും സ്പഷ്ടമായിത്തീരുന്നു. ആ സ്ഥിതിക്കു ഇയ്യുള്ളവൻെറ കാര്യം പറയാനുണ്ടോ?

"വൃത്തൌനാനാപ്രമാദാവിവൃതിഷുകഥിതാ
മാധവാദ്യൈശ്ച സർവ്വ-
വ്യാഖ്യാസ്വാഖ്യായിദോഷോബഹുലമഘ
ടിതപ്രക്രിയം കാവ്യപംക്തൌ

നാമവ്യാഖ്യാസ്വാനന്തംകില തദിഹ
മഹാപണ്ഡിതൈരപ്യവർജ്ജ്യാ
വിഭ്രാന്തിശ്ചേൽ, കൃശാദ്ധ്യായിനികൃശ-
ധിഷണേ മാത്രശേകിംനുവാച്യം"
"സ്വനിർമ്മിതത്വപ്രണയാവകുണ്ഠിതഃ
സ്വകാവ്യദോഷം നബുധോഽപിബുദ്ധ്യതേ
അതോഽത്രസൂരീൻ ഗുണദോഷവേദയാൻ
മദ്ഭകൃതിസംശോധന കാര്യ്യമർത്ഥയേ"

എന്നീ മഹാകവിവചനങ്ങളാണ് ഈ ഘട്ടത്തിൽ സ്മരണയിൽ വരുന്നതു്.

മൂലകൃതിയും വിവർത്തനവും മനസ്സിരുത്തി വായിച്ചു് സാരഗർഭമായ ഒരു ഭൂമികയും ടിപ്പണിയും എഴുതിച്ചേർത്തു ഈ ഗ്രന്ഥത്തെ കൂടുതൽ പ്രയോജനപ്രദമാക്കിത്തീർത്ത ശ്രീമാൻ ഇ. ആർ. ശ്രീകൃഷ്ണശർമ്മ, എം. എ., ഇതിന്റെ പ്രസാധകത്വം ഏറെറടുത്ത പി. കെ. ബ്രദേർസ് ഇവരോടെല്ലാം എനിക്കുള്ള കൃതജ്ഞത സീമാതീതമാണു്. പല സുഹൃത്തുക്കളും കയ്യെഴുത്തുപ്രതി വായിച്ചുനോക്കി വിലയേറിയ അഭിപ്രായങ്ങൾകൊണ്ടും അഭിനന്ദനങ്ങൾകൊണ്ടും എന്നെ പ്രോത്സാഹിപ്പിക്കയുണ്ടായി. അവർക്കെല്ലാം എന്റെ ധന്യവാദം സമർപ്പിക്കുവാൻ ഈ അവസരം വിനിയോഗിക്കട്ടെ.

"പരഗുണപരമാണൂൻ പർവ്വതീ കൃത്യനിത്യം"
നിജഹൃദിവികസന്തഃ സന്തിസന്തഃ കിയന്തഃ

എന്ന അഭിജ്ഞവചനത്തിന്റെ സാർത്ഥകത തെളിഞ്ഞു കാണുന്നതിൽപരം ചാരിതാർത്ഥ്യജനകമായി മറെറാന്നില്ലല്ലോ.

ബിന്ദുനാഗകൃതിയുടെ സാരസ്യം കുറെയെങ്കിലും കേരളീയർക്കു ആസ്വാദ്യമായിത്തീർന്നാൽ എന്റെ പരിശ്രമം സഫലമായി.

എന്നു്,
സഹൃദയവിധേയൻ
ഗ്രന്ഥകാരൻ.

- 6 MAR 1956
MADRAS

ശ്രീ.

# ഭൂമിക.

സംസ്കൃത സാഹിത്യത്തിൽ നാടകശാഖ എണ്ണംകൊണ്ടും വണ്ണംകൊണ്ടും മെലിഞ്ഞതല്ല. പക്ഷെ, വിശ്വസാഹിത്യത്തിലെ മികച്ച നാടകങ്ങളുടെ കൂട്ടത്തിൽ കസേര വലിച്ചിട്ടിരിയ്ക്കാൻ പ്രാപ്തിയുള്ള സംസ്കൃതരൂപകങ്ങൾ പരിമിതങ്ങളാണ്. ഭാസൻെറ മൂന്നുനാലു കൃതികൾ, കാളിദാസൻെറ ശാകുന്തളം, ഭവഭൂതിയുടെ ഉത്തരരാമചരിതം, ശൂദ്രകൻെറ മൃച്ഛകടികം, ഒരസാധാരണസൃഷ്ടിയെന്ന നിലയിൽ, വേണമെങ്കിൽ വിശാഖദത്തൻെറ മുദ്രാരാക്ഷസവും—കഴിഞ്ഞു; ഇനി ഇവയോട്ട് ചേർത്തുപറയാവുന്ന ഒരു നാടകത്തിൻെറ പേരു് അത്ര എളുപ്പത്തിൽ തോന്നുന്നില്ല. ഇരുളിൽനിന്നും പുറത്തേക്കു വരേണ്ട പല രത്നങ്ങളുമിനിയുമുണ്ടായിരിക്കും; കണ്ടുകിട്ടിയവയെസ്സംബന്ധിച്ചു മാത്രമാണ് ഇത്രയും പറഞ്ഞതു്. ഇവയിൽത്തന്നെ, ഋഷികല്പനായ ഭാസൻെറ നാടകീയതയിൽ മുന്തിനില്ക്കുന്ന രൂപകങ്ങൾ ഈയിടെ മാത്രമാണല്ലൊ നമുക്കു കിട്ടിയതു്;—അതും, അവയൊന്നും ഭാസൻേറതല്ലെന്ന് വാശിപിടിയ്ക്കുവാൻ തയ്യാറെടുത്ത ഗവേഷകന്മാരുടെ കൺമുന്നിൽക്കൂടെ! ഏതായാലും, ഇതരാനപേക്ഷമായ അവയുടെ ആത്മവത്ത, ഗവേഷകന്മാരുടേയും നിരൂപകന്മാരുടേയും വാക്കുകളെ കേട്ടതായിത്തന്നെ നടിക്കാതെ സഹൃദയഹൃദയങ്ങളിൽ അവയെ പ്രതിഷ്ഠിച്ചുകഴിഞ്ഞു. അതിനുശേഷം നമുക്കു കൈവന്ന ഒരുത്തമ നാടകമാണ്, ഈ 'മുല്ലമാല'യുടെ മൂലഗ്രന്ഥവും,

മുൻപ് നാമെണ്ണിവെച്ച നാടകങ്ങളോട് ചേർത്തുപറ
യാൻ പലതുകൊണ്ടും പ്രേരണ നല്കുന്നതുമായ 'കുന്ദമാല.'

കുന്ദമാല.

ക്രിസ്തുവൎഷം 1923ൽ, മദിരാശിയിലെ ശ്രീ: രാമകൃഷ്ണകവിയും, ശ്രീ: രാമനാഥശാസ്ത്രിയും ചേൎന്നാണ്, ആദ്യമായി 'കുന്ദമാല' പുറത്തേക്കു കൊണ്ടുവന്നത്. തെലുങ്ക്, കൎണ്ണാടകം, ഗ്രന്ഥം എന്നീ ലിപികളിലായെഴുതപ്പെട്ട നാലു കയ്യെഴുത്തു പ്രതികളാണ് ഈ പ്രസിദ്ധീകരണത്തിനവരുപയോഗിച്ചത്. അതേവരെ 'കുന്ദമാല'യെന്നൊരു നാടകമുള്ള കഥ ഇതര ഗ്രന്ഥങ്ങളിൽനിന്നറിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളു. ശാരദാതനയൻെറ 'ഭാവപ്രകാശ'ത്തിലും വിശ്വനാഥപഞ്ചാനനൻെറ 'സാഹിത്യദൎപ്പണ'ത്തിലും 'കുന്ദമാല'യെ സ്മരിച്ചിട്ടുണ്ട്. പുസ്തകമെല്ലാം പുറത്തുവന്നു കഴിഞ്ഞപ്പോഠം, മററുചില എണ്ണപ്പെട്ട ഗ്രന്ഥകാരന്മാക്കും 'കുന്ദമാല'യെക്കുറിച്ചറിവുണ്ടായിരുന്നുവെന്ന് വ്യക്തമായി. സംസ്കൃതസാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ വലുപ്പംകൊണ്ട് ഒന്നാംസ്ഥാനം കൈക്കലാക്കിയ ഭോജദേവൻെറ 'ശൃംഗാരപ്രകാശ'ത്തിലും, ഏതിനത്തിലാണ് ഉഠംപ്പെടുത്തേണ്ടതെന്ന് ഇന്നേവരെ ആൎക്കുമൊരെത്തും പിടിയും കിട്ടാത്ത 'മഹാനാടക' (ഹനൂമന്നാടക) ത്തിലും 'കുന്ദമാല'യിലെ ഒരു ശ്ലോകം (4—20) ഉദ്ധരിച്ചു ചേൎത്തിട്ടുണ്ട്. സുപ്രസിദ്ധമായ ജൽഹണൻെറ 'സൂക്തിമുക്താവലി'യിൽ ഗ്രന്ഥനാമമോ ഏതെങ്കിലുംശ്ലോകമോ ഉദ്ധരിച്ചു കാണുന്നില്ലെങ്കിലും, തിരുവനന്തപുരം സംസ്കൃത സീരിസിൽ 1938ൽ പ്രസിദ്ധപ്പെടുത്തിയ 'സൂക്തിരത്നഹാര'ത്തിൽ 'കുന്ദമാല'യിലെ ഒരു പദ്യം (3—16) ഒരു

വാക്കു വ്യത്യാസപ്പെടുത്തി ഉദ്ധരിച്ചിരിക്കുന്നതായി കാണുമാറുണ്ട്. പക്ഷെ കർത്തൃത്വം 'സോമദത്തഭട്ട'ന്നാണ് നല്കപ്പെട്ടിരിക്കുന്നത്. ഈ ഒന്നാമത്തെ പതിപ്പ് വെച്ചുകൊണ്ട്, 'പഞ്ചാബ് സംസ്കൃതപുസ്തകാലയ'ത്തിൽനിന്നും, പ്രസിദ്ധപ്പെടുത്തിയ ശ്രീ: ജയചന്ദ്രശാസ്ത്രിയുടെ സംസ്കൃത വ്യാഖ്യാനത്തോടുകൂടിയ ഒരു രണ്ടാം പതിപ്പും, ഇംഗ്ലീഷ് തർജ്ജമയും, ഹിന്ദി അനുവാദവുമടങ്ങിയ ഒരു മൂന്നാം പതിപ്പും 'കുന്ദമാല'യ്ക്കുണ്ടായിട്ടുണ്ട്.

## കുന്ദമാലയുടെ കർത്താവ്.

കുന്ദമാലാകർത്താവിന്റെ പേരുപിടിച്ചുതന്നെ സംശയത്തിന്റെ തുടക്കമായി. വീരനാഗൻ, ധീരനാഗൻ, ദിങ്നാഗൻ എന്നീ മൂന്നു പേരുകൾ, കർത്തൃപദത്തിനുള്ള സ്ഥാനാർത്ഥികളാണ്. ആദ്യപ്രസാധകന്മാർക്ക് അവലംബമായിരുന്ന മുൻപറഞ്ഞ നാല് കയ്യെഴുത്തു പ്രതികളിൽ, രണ്ടെണ്ണം തഞ്ചാവൂർ ലൈബ്രറിയിൽനിന്നും ലഭിച്ചവയാണ്. അവയനുസരിച്ച് 'അനൂപരാധ'ത്തിലെ 'ധീരനാഗ'നാണ് നാടകകർത്താവ്. മദിരാശി ഓറിയൻറൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽനിന്ന് കണ്ടുകിട്ടിയ മററു രണ്ടു ഗ്രന്ഥങ്ങളിലാവട്ടെ 'അരാരാള'പുരത്തിലെ 'ദിങ്നാഗ'നാണ് കവി. തങ്ങളുടെ കൈവശമുള്ള 'സുഭാഷിതാവലി'യുടെ കയ്യെഴുത്തുപ്രതിയിൽ, കുന്ദമാലയിലെ രണ്ടാമത്തെ ശ്ലോകം 'ദിങ്നാഗകവി'യുടേതായി ഉദ്ധരിച്ചിട്ടുണ്ടെന്ന അടിസ്ഥാനത്തിന്മേൽ, ആദ്യത്തെ പ്രസാധകർ 'കുന്ദമാല'യുടെ കർത്തൃത്വം ദിങ്നാഗന്നുതന്നെ കല്പിച്ചുകൊടുത്തു. 'ക്ലാസ്സിക്കൽ സംസ്കൃതസാഹിത്യചരിത്ര'കാരനായ ഡോക്ടർ കൃഷ്ണമാചാരി

'ധീരനാഗ'ൻെറ കുന്ദമാലയെയാണ് സ്വീകരിച്ചിട്ടുള്ളതു്. പ്രൊഫസ്സർ കെ. എ. സുബ്രഹ്മണ്യയ്യൎക്ക് കുന്ദമാലാകൎത്താവ് 'ധീരനാഗനോ' 'വീരനാഗനോ' ആവുന്നതു് സമ്മതമാണ്; ദിങ്നാഗനാവാൻ പാടില്ല. അണ്ണാമല സർവ്വകലാശാലയിലെ സംസ്കൃത പ്രൊഫസ്സറും, പേരുപെററ തമിഴ പണ്ഡിതനുമായ ശ്രീ: പി. എസ്സ്. സുബ്രഹ്മണ്യശാസ്ത്രി 'ദിങ്നാഗ'നെത്തന്നെയാണ് കുന്ദമാലാകൎത്താവായി നിശ്ചയിച്ചിരിക്കുന്നതു്. ആദ്യത്തെ പ്രസാധകന്മാരുടെ യുക്തി അത്രയേറെ ദുൎബ്ബലമല്ലാത്തതിനാൽ, കുന്ദമാലയുടെ സംസ്കൃതവ്യാഖ്യാതാവായ ശ്രീ: ജയചന്ദ്രശാസ്ത്രിയും ദിങ്നാഗ പക്ഷപാതിതന്നെയാണ്.

ദിങ്നാഗൻ.

പ്രസിദ്ധകാവ്യവ്യാഖ്യാതാവായ മല്ലിനാഥൻ, 'മേഘസന്ദേശ'ത്തിലെ ഒരു ശ്ലോകത്തിൽ [1] കാണുന്ന ദിങ്നാഗ നിചുലശബ്ദങ്ങൾ, ആ പേരുള്ള കാളിദാസസമകാലീനരായ രണ്ടു കവികളെ സൂചിപ്പിയ്ക്കുന്നുവെന്ന്, പറഞ്ഞുകാണുന്നു. മല്ലിനാഥനു മുൻപ് ജീവിച്ചിരുന്ന ദക്ഷിണാവൎത്തനാഥനും, ഇതേ ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ ഈ സംഗതി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വ്യാഖ്യാതാക്കളുടെ അഭിപ്രായം തീരെ അടിസ്ഥാനരഹിതമായിരിപ്പാൻ വഴിയില്ല.—കാളിദാസൻെറ അടുത്തു് ജീവിച്ച ഒരു ദിങ്

1. അദ്രേഃ ശൃംഗം ഹരതി പവനഃ കിംസ്വിദിത്യുന്മുഖീഭിർ-
ദൃഷ്ടോത്സാഹശ്ചകിതചകിതം മുഗ്ദ്ധസിദ്ധാങ്ഗനാഭിഃ.
സ്ഥാനാദസ്മാത് സരസനിചുളാദുത്പതോദങ്മുഖഃ ഖം
ദിങ്നാഗാനാം പഥി പരിഹരൻ സ്ഥൂലഹസ്താവലേപാൻ.

(പൂ. മേ.)

നാഗകവിയുണ്ടായിരുന്നിരിയ്ക്കണം. അങ്ങിനെയാണെങ്കിൽ, കുന്ദമാലാകർത്തൃത്വം അദ്ദേഹത്തിനെ ഏല്പിയ്ക്കുന്നതിൽ എന്താണ് വിരോധം?

പക്ഷെ, ദിങ്ങ്നാഗനെന്ന പദം സംസ്കൃതാഭിജ്ഞന്മാൎക്ക് സുപരിചിതമാണ്; കവിയായ ദിങ്ങ്നാഗനെയല്ല; മഹാതാൎക്കികനെന്ന് ജഗത്പ്രസിദ്ധനായ ബൌദ്ധദിങ്ങ്നാഗനെയാണ് അവരോൎത്തുപോവുക. ദിങ്ങ്നാഗൻ, ധൎമ്മകീൎത്തി, അസംഗൻ, നാഗാൎജ്ജുനൻ, ശാന്തരക്ഷിതൻ, കമലശീലൻ എന്നിവരുടെ ഗ്രന്ഥങ്ങൾ, മഹായാനബുദ്ധമതത്തിൻെറ അടിക്കല്ലുകളും, നമ്മുടെ പൂൎവ്വികന്മാരുടെ ചിന്താപരമായ വളൎച്ചയുടെ വിജയസ്തംഭങ്ങളുമാണ്. പരാൎത്ഥാനുമാനത്തിലുള്ള അഞ്ച് അവയവങ്ങളെ മൂന്നാക്കിക്കുറച്ചുകൊണ്ട് തൎക്കശാസ്ത്രത്തിൽ ഒന്നാമതായി വിപ്ലവമുണ്ടാക്കിത്തീൎത്ത ദിങ്ങ്നാഗൻെറ പേരെങ്ങിനെയാണ് വിസ്മൃതമാവുക? ഈ ദിങ്ങ്നാഗൻ ആദ്യം ബ്രാഹ്മണനായിരുന്നുവെന്നും പിന്നീട് ബുദ്ധമതമവലംബിയ്ക്കുകയാണുണ്ടായതെന്നും പറഞ്ഞുവരാറുണ്ട്. ദിങ്ങ്നാഗൻ ദക്ഷിണേന്ത്യയിലെ ബ്രാഹ്മണനാണെന്ന്, ടിബെററിലെ വിശ്വാസം ഇതിന്നുപോദ്ബലകവുമാണ്. ഇദ്ദേഹത്തിൻെറ ന്യായഗ്രന്ഥങ്ങൾ ക്രിസ്തുവിന്നുശേഷം ആറാംനൂററാണ്ടിൻെറ മദ്ധ്യത്തിലായി, ചീനഭാഷയിലേക്ക് തൎജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. ന്യായസൂത്രഭാഷ്യകൎത്താവായ വാത്സ്യായനൻെറ വാദങ്ങളെ ദിങ്ങ്നാഗനും, ദിങ്ങ്നാഗൻെറ വാദങ്ങളെ കുമാരിലഭട്ടൻെറ സമകാലീനനായ ഉദ്യോതകരനും (ക്രി. പി. എട്ടാംനൂററാണ്ട്) ഖണ്ഡിച്ചുകാണുന്നതിനാലും, ആറാംനൂററാണ്ടിനു മുൻപായിരിക്കണം, ബൌദ്ധതാൎക്കികനായ ദിങ്ങ്നാഗൻ ജീവിച്ചിരുന്നതെന്ന് ഊഹിക്കപ്പെടുന്നു.

കാളിദാസൻെറ കാലവും തീരുമാനമാകാതെ കിടക്കുന്നതാണ്. എങ്കിലും ക്രിസ്തുവിനുശേഷം അഞ്ചോ ആറോ നൂററാണ്ടുകൾ, കാളിദാസൻെറ കാലമായി ഒരു അഭിപ്രായമുണ്ടല്ലൊ — ദക്ഷിണാവത്തനാഥനും, മല്ലിനാഥനും, കാളിദാസൻെറ സമകാലീനനാണ് ദിങ്ങ്നാഗകവിയെന്ന് പറയുന്നുമുണ്ട്. ബ്രാഹ്മണമതത്തിൽ ഗാഢമായ പരിചയമുള്ള ആളാണ് കുന്ദമാലാകർത്താവെന്നതിന്, ആ കൃതിതന്നെ സാക്ഷ്യം വഹിക്കുന്നു. ബൌദ്ധദിങ്ങ്നാഗൻ ആദ്യം ദക്ഷിണേന്ത്യയിലെ ബ്രാഹ്മണനായിരുന്നുവെന്ന് മുൻ ചൊന്ന ഐതിഹ്യവും സ്മരിയ്ക്കുക. ഒരു നിഷ്കൃഷ്ടപരിശോധനയ്ക്കുശേഷം, കുന്ദമാലയിലെ പ്രാകൃതഭാഷ, ആറാം നൂററാണ്ടിനു മുൻപ് എഴുതപ്പെട്ടതാണ് ആ കൃതിയെന്നു തെളിയിക്കുന്നതായി പ്രൊഫസർ ഉൗയി (Ui) ഉൗന്നിപ്പറഞ്ഞിട്ടുള്ളതും ഇവിടെ പ്രസ്താവ്യമാണ്.

## ബൌദ്ധദിങ്ങ്നാഗനല്ല കവിയെന്ന വാദം.

ഗണപതിയേയും പരമേശ്വരനേയും പ്രസ്താവനയിൽ വന്ദിച്ചുകാണുന്നതിനാലും, സാമഗാനം, യജ്ഞം മുതലായവയ്ക്കു് പ്രാധാന്യംകൊടുത്തു കാണുന്നതിനാലും, രാമായണകഥയെ ഇതിവൃത്തമാക്കി സ്വീകരിച്ചിരിക്കുന്നതിനാലും, സർവ്വോപരി തക്കൈക്ശരനായ ദിങ്ങ്നാഗൻ ലളിതകോമളപദാവലിയായ നാടകം നിർമ്മിച്ചു എന്നതു് അത്ര വിശ്വാസയോഗ്യമായിത്തോന്നാത്തതിനാലും, ഇതു മററാരുടേയോ കൃതിയാണെന്നൊരു വാദമുള്ളതു് അത്ര സാരമുള്ളതാണെന്നു തോന്നുന്നില്ല. ബൌദ്ധകവികൾ രാമായണത്തിൽനിന്നും ഭാരതത്തിൽനിന്നും ഇതിവൃത്തം സ്വീകരിച്ച്, കൃതികൾ ചമയ്ക്കുന്നതു് ഇന്ത്യയിലപൂർവ്വസംഭവമൊന്നുമല്ല. ചിന്താസ്വാതന്ത്ര്യവും, കാവ്യരച

നാസ്വാതന്ത്ര്യവും തമ്മിൽ വഴക്കടിയ്ക്കുന്ന കാലമല്ല ഭാരതത്തിന്ന് പണ്ടുണ്ടായിരുന്നത്. ഏതായാലും, താൎക്കികനായ ദിങ്നാഗനും, ദിങ്നാഗകവിയും ഒരാളോ രണ്ടാളോ എന്നും മററും ഇനിയും ഗവേഷണത്തിന്റെ വെളിച്ചംകൊണ്ടു് തെളിയേണ്ടതായിട്ടാണിരിക്കുന്നതു്. തല്ക്കാലമേതായാലും, മുൻസൂചിപ്പിച്ച യുക്തികളുടെ വെളിച്ചത്തിൽ 'ദിങ്നാഗ'നെത്തന്നെയാണ് കുന്ദമാലാകൎത്താവായി ഞങ്ങൾ സങ്കല്പിക്കുന്നതു്.

## കവിയുടെ ജന്മദേശം.

കവിയുടെ ജന്മദേശം അനൂപരാധമാണെന്നും അരാരാളപുരമാണെന്നും രണ്ടഭിപ്രായമുണ്ടു്. രണ്ടു പക്ഷത്തിലും, ഏതു ദേശത്തെയാണ് ഈ നാമങ്ങൾ കുറിയ്ക്കുന്നതെന്നു് ഇപ്പോൾ പറയാൻ കഴിയാതെയാണിരിക്കുന്നതു്. 'അനൂപരാധം' 'അനുരാധാപുര'മാണെന്നു കല്പിച്ചു കവിയെ ലങ്കയിലേക്കു നാടുകടത്തുന്നവരുമുണ്ടു്.

## 'മുല്ലമാല'യിലെ ഇതിവൃത്തം.

കരുണരസം കവിഞ്ഞൊഴുകുന്ന ഉത്തരരാമായണകഥയാണ് 'മുല്ലമാല'യിലെ ഇതിവൃത്തം. മനുഷ്യജീവിതത്തിന്റെ തലത്തെ സ്പൎശിയ്ക്കുന്ന ആ പുരാണകഥ എത്രയെത്ര കവികൾക്ക് നൂതനകാവ്യസൃഷ്ടിയ്ക്കുള്ള പ്രചോദനം നൽകിയിട്ടില്ല! കാളിദാസന്റെ രഘുവംശത്തിലെ പതിനാലും പതിനഞ്ചും സൎഗ്ഗങ്ങളും, കേരളീയനായ രാമപാണിവാദന്റെ ഉത്തരരാമചരിതം കാവ്യവും, ഭവഭൂതിയുടെ ഉത്തരരാമചരിതം, ദിങ്നാഗന്റെ 'മുല്ലമാല' എന്നീ നാടകങ്ങളും, കവിപ്രതിഭാപ്രചോദിതങ്ങളായ

നൂതനകല്പനകളെക്കൊണ്ട്, മഹനീയമായ ആ കഥയെ പല രൂപത്തിലാക്കി സഹൃദയന്റെ മുമ്പിൽവെച്ചുതന്നിരിക്കുന്നു. മററു കൃതികളുമായി, തട്ടിച്ചുനോക്കുന്നതിനു മുൻപായി ആറങ്കങ്ങൾ ഉൾക്കൊള്ളുന്ന 'മുല്ലമാല'യിലെ കഥാസാരം ഇവിടെ സംക്ഷേപിക്കാം.

ഒന്നാമങ്കം.

രാമനിയോഗമനുസരിച്ച് ലക്ഷ്മണൻ, ഗംഗാതീരത്തിലുള്ള വനത്തിൽ, കഠോരഗർഭയായ സീതയെ ത്യജിച്ചു പോകുന്നു. കളിക്കാൻ ചെന്ന മുനികുമാരന്മാരിൽ നിന്നും വിവരമറിഞ്ഞ വാല്മീകിമഹർഷി അവളെച്ചെന്നാശ്വസിപ്പിച്ച്, തന്റെ ആശ്രമത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. പോകുമ്പോൾ, താൻ സുഖമായി പ്രസവിച്ചാൽ, എല്ലാം ദിവസവും ഓരോ മുല്ലമാല ഗംഗാനദിക്ക് വഴിപാടു കഴിക്കാമെന്ന് സീത നേരുന്നു.

രണ്ടാമങ്കം.

സീതയ്ക്കു രണ്ടു പുത്രന്മാർ ജനിച്ചതായി തത്സഖികളുടെ സംഭാഷണംകൊണ്ട് വ്യക്തമാകുന്നു. കുശലവന്മാരെന്ന് വാല്മീകി പേരിട്ട അവർ ആദികവിയുണ്ടാക്കിയ രാമായണം പാടാൻ പഠിച്ചുകഴിഞ്ഞു. നൈമിശാരണ്യത്തിൽവെച്ച് രാമൻ നടത്താൻ നിശ്ചയിച്ച അശ്വമേധയാഗത്തിൽ സംബന്ധിക്കുവാൻ ആശ്രമാംഗങ്ങൾക്കു ക്ഷണം ലഭിക്കുന്നു. ഈ വൃത്താന്തം സീതയിലൊരാശാനാളം കൊളുത്തുന്നു.

## മൂന്നാമങ്കം.

വാല്മീകി ദർശനത്തിന്നായി ഗോമതീ തീരത്തിലുള്ള അദ്ദേഹത്തിൻെറ ആശ്രമത്തിലേയ്ക്കു പോകുന്ന രാമലക്ഷ്മണന്മാൎക്ക്, തിരകൾ ഒരു 'മുല്ലമാല' മാറി മാറിയെടുത്തു കൊണ്ടുവന്നു സമൎപ്പിക്കുന്നു. അതിൻെറ രചനാവിന്യാസപാടവം, സീതയുടേതിനോടൊക്കുന്നതാണെന്നും കണ്ട രാമൻെറ ഹൃദയത്തിൽ ഒരാശാനാളമുയരുന്നു. മണലിൽ പതിഞ്ഞ കാലടികളും, സീതാസാന്നിദ്ധ്യമവിടെയുണ്ടായേക്കാമെന്ന ഒരു സംഭാവന രാമനിലുളവാക്കുന്നു. പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ സീത പൂവറുക്കുവാൻ കാനനത്തിൽ വരവേ, രാമലക്ഷ്മണന്മാരെ കാണുന്നു.

## നാലാമങ്കം.

രാമായണം പാടിയാടാൻവേണ്ടി വാല്മീകിയുടെ ആശ്രമത്തിൽവന്ന ദേവവേശ്യയായ തിലോത്തമ സീതാരൂപം പൂണ്ട് രാമൻെറ മുമ്പിൽ ചെന്ന് അദ്ദേഹത്തിന് സീതയോടുള്ള മനോഭാവമൊന്നു പരിശോധിക്കുവാനാലോചിച്ചുവെങ്കിലും, രാജാവിൻെറ വിദൂഷകനായ ഹസിതൻ (കൌശികൻ) വള്ളിക്കുടിലിൽ മറഞ്ഞുനിന്ന് ഈ ഗൂഢാലോചന ഗ്രഹിച്ചുകഴിഞ്ഞതായി സഖിയായ വേദവതിയിൽ നിന്നറിയുകയാൽ, ആ ഉദ്യമത്തിൽനിന്നും പിൻമാറുന്നു. ആശ്രമാന്തേവാസിയായ കണ്വൻ്റെമൊരുമിച്ച് രാമൻ കാനനഭംഗി നടന്നു കാണുന്നു. കണ്വൻ പിരിഞ്ഞതിനുശേഷം, മുഖം കഴുകുവാനായി പൊയ്കയിലിറങ്ങിയ രാമൻ വെള്ളത്തിൽ സീതാ പ്രതിബിംബം കാണുന്നു. വാല്മീകിയുടെ അനുഗ്രഹം നിമിത്തം ആ

പൊയ്കയ്ക്കരികെ നില്ക്കുന്ന സ്ത്രീജനം പുരുഷനയനങ്ങൾക്കു ദൃശ്യമല്ല. പ്രതിബിംബം കണ്ട രാമൻ ബിംബത്തെത്തേടി വലയുന്നു; വിരഹവ്യഥയാൽ മൂർഛിക്കുന്നു. സീത വന്നു് സ്പർശിച്ചും, ഉത്തരീയംകൊണ്ടു് വീശിയും രാമനെ ആശ്വസിപ്പിയ്ക്കുന്നു. മോഹാലസ്യം തെളിഞ്ഞ രാമൻ ഉത്തരീയത്തിൽ പിടികൂടി അതു് കരസ്ഥമാക്കുന്നു. അതു്, ആദ്യവനവാസത്തിൽ 'മായാവതി' എന്ന വനദേവത സീതയ്ക്കു സമ്മാനിച്ചതാണ്. ഉത്തരീയം തിരിച്ചറിയാൻ കഴിഞ്ഞുവെങ്കിലും അതിൻെറ ഉടമയെ കാണാൻ കഴിയാത്ത രാമൻ അമ്പരന്നു നില്ക്കുമ്പോൾ വിദൂഷകൻ അവിടെയെത്തി താൻ കേട്ട വൃത്താന്തം (തിലോത്തമയുടെ ഗൂഢാലോചന) രാമനെ ധരിപ്പിയ്ക്കുന്നു. ഇതോടെ താൻ തിലോത്തമയുടെ വഞ്ചനയിലകപ്പെട്ടുപോയതായി രാജാവു് വിശ്വസിക്കുന്നു.

അഞ്ചാമങ്കം.

രാമനും വിദൂഷകനുംകൂടി സീതയെപ്പററിപ്പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, കുശലവന്മാർ വന്നു്, രാമായണം പാടിക്കേൾപ്പിക്കുവാൻ വാല്മീകി തങ്ങളെപ്പറഞ്ഞയച്ചതാണെന്നു് അറിയിക്കുന്നു. അവരുടെ സൌന്ദര്യത്താലും ബാലഭാവത്താലും ആകൃഷ്ടനായ രാമൻ, കുട്ടികളെ തന്നോടൊപ്പം സിംഹാസനത്തിൽ കയററി ഇരുത്തുന്നു. രഘുകുലത്തിൽ പിറക്കാത്തവർ ആ സിംഹാസനത്തിൽ കേറി ഇരുന്നാൽ, തലപൊട്ടിപ്പോകുമെന്ന വൃദ്ധവചനം, കൌശികൻ വെളിപ്പെടുത്തുന്നു. ഇതു് രാമനെ കൂടുതൽ ചിന്താധീനനാക്കുന്നു. കുട്ടികളുടെ അച്ഛൻെറപേർ നിർദ്ദയനാണെന്നും, അദ്ദേഹത്തെ അവർ കണ്ടിട്ടേ ഇല്ലെന്നും അവരുടെ അമ്മക്കു് 'വധു' എന്നും 'ദേവി' എന്നും രണ്ടു

നാമങ്ങൾ ഉണ്ടെന്നും കുശലവന്മാരോട് രാമൻ ചോദിച്ചു മനസ്സിലാക്കുന്നു. രാമായണം കേൾക്കാൻ ബന്ധുക്കളെയെല്ലാം വിളിച്ചുവരുത്താൻ രാമൻ ആജ്ഞാപിക്കുന്നു.

ആറാമങ്കം.

കുശലവന്മാർ രാമായണം പാടാൻ ആരംഭിക്കുന്നു. സീതാത്യാഗംവരെ പാടി, ബാക്കി തങ്ങൾക്കറിയില്ലെന്നു പറഞ്ഞു് വിരമിക്കുന്നു. കണ്വൻ വന്ന് ശേഷം കഥയും പറഞ്ഞു് മനസ്സിലാക്കുന്നു. കുശലവന്മാർ സ്വപുത്രന്മാരാണെന്നും സീത ജീവിച്ചിരിപ്പുണ്ടെന്നും അറിഞ്ഞ രാമനും, അച്ഛനെത്തിരിച്ചറിഞ്ഞ കുട്ടികളും, ലക്ഷ്മണനുമെല്ലാം മൂർച്ഛാധീനരാവുന്നു. സീതയെക്കൂട്ടി വാല്മീകിവരുന്നു. അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ച് സീത തന്റെ പരിശുദ്ധിയെ വെളിവായിപ്പറഞ്ഞു് സത്യംചെയ്യുന്നു. സമുദ്രരശനയായ സാക്ഷാൽ ഭൂമിദേവി പ്രത്യക്ഷമായി സീത പരിശുദ്ധയാണെന്ന് പ്രഖ്യാപിയ്ക്കുന്നു. തുടർന്നുണ്ടായ പുഷ്പവൃഷ്ടിയും ദിവ്യവാദ്യഘോഷവും സീതയുടെ പരിശുദ്ധിയെ തെളിയിക്കുന്നു. രാമൻ സീതയെ സ്വീകരിക്കുന്നു. ലക്ഷ്മണാഭിപ്രായമനുസരിച്ച്, കുശലവന്മാരെ യഥാക്രമം, രാജാവും യുവരാജാവുമാക്കി അഭിഷേകം ചെയ്യുന്നു.

ഗ്രന്ഥനാമം.

താൻ സുഖമായി പ്രസവിക്കുകയാണെങ്കിൽ ദിവസേന ഓരോ മുല്ലമാല ഭാഗീരഥിക്ക് വഴിപാടുകഴിക്കാമെന്ന് സീത നേരുന്നു. കുശലവന്മാക്ക് ഏതാണ്ട് പത്തു വയസ്സായ കാലത്തൊരുദിവസം, സീത വഴിപാടുകഴിച്ചു ഈ മുല്ലമാല, വാല്മീകിയുടെ ആശ്രമത്തിലേക്കു പുറപ്പെട്ട

രാമലക്ഷ്മണന്മാരുടെ കണ്ണിൽ യദൃച്ഛയാ പെടുന്നു. അതിന്റെ രചനാവിന്യാസത്തിലുള്ള കൌശലം, സീതയുടേതിനൊക്കുന്നതായി തിരിച്ചറിയുന്ന രാമന്നു്, സീത ജീവിച്ചിരിപ്പുണ്ടെന്ന ഒരാശാനാളം ഹൃദയത്തിൽ പാളുന്നു. ചിരന്തനമായ വിരഹദുഃഖം കരുണരസത്തിലേക്കു രാമന്റെ ചേതനയെ ഏതാണ്ടെത്തിച്ചുകഴിഞ്ഞിരുന്ന ആ അവസരത്തിൽ, 'മുല്ലമാല' വീണ്ടും അതിനെ വിപ്രലംഭത്തിലേക്കു കൊണ്ടുവരുന്നു. ഇതിന്നുശേഷമാണു്, സീതാസമാഗമം, പുത്രപ്രാപ്തി എന്ന രണ്ടു മഹാഫലങ്ങളിലേക്കു് കഥ ത്വരിതഗതിയായി പ്രയാണം ചെയ്യുന്നതു്. ശാകുന്തളത്തിലെ അഭിജ്ഞാനാംഗുലീയംപോലെ, ഇതിവൃത്തവുമായി സമവായസംബന്ധേന ഇഴകിപ്പിടിച്ചുനില്ക്കുന്ന ഒരു ഘടകമല്ല ഈ മുല്ലമാലയെന്നു് സമ്മതിച്ചേ തീരൂ. പക്ഷെ, സീത സുഖപ്രസവത്തെ ഉദ്ദേശിച്ചു് നേൎന്ന ഒരു വഴിപാടാണതു്. അതു്, പത്താണ്ടുകാലത്തിന്നുശേഷം, അപ്പോഴും ദുഃസഹമായ വിരഹദുഃഖംകൊണ്ടു് തുടിക്കുന്ന രാമന്റെ ഹൃദയത്തിനാശ്വാസമരുളുവാൻ—ആ അന്ധകാരത്തിൽ ഒരു പ്രഭാരശ്മി പരത്തുവാൻ—പര്യാപ്തമായിത്തീരുന്നു. അപ്പോഴും, ആ പുത്രന്മാരുടെ ജീവിതശ്രീയുടെ ഒരു പ്രതീകമാണീ മുല്ലമാല. രാമന്നുണ്ടാവാൻ പോകുന്ന കാന്താപുത്രസമാഗമത്തിന്റെ നാന്ദിയാണതു്. സുഖപ്രസവത്തെ മാത്രം ഉദ്ദേശിച്ചു് നേൎന്ന ആ വഴിപാടിന്റെ ഫലമോ, പ്രസൂതരായ സന്താനങ്ങളുടെ രാജ്യാഭിഷേകമെന്ന അഭ്യുദയത്തിന്റെ ഉച്ചകോടിയിൽ ചെന്നാണവസാനിക്കുന്നതും. മഹാപ്രഭാവയായ ഭാഗീരഥിയുടെ അനുഗ്രഹം സീതയാൽ ഉദ്ദിഷ്ടമായ ഏകദേശഫലത്തിൽ വിശ്രമിക്കാതെ, അതിന്റെ പരിപൂർണ്ണതയിൽ ചെന്നു പരിണമിക്കു

ന്നതു് ദിങ്നാഗൻ എത്ര കൌശലത്തോടെ ഉപനിബന്ധിച്ചിരിക്കുന്നു! അതിനെ, കഥയിലെ കർമ്മാംശത്തേയും ഫലാംശത്തേയും ചേർത്തിണക്കുന്ന ഒരു സുകുമാരതന്തുവാണു് ഈ മുല്ലമാല. ഭാസൻെറ പ്രതിമാനാടകത്തിലെ 'പ്രതിമ'യും ഏതാണ്ടീ സ്ഥാനമാണല്ലോ ആ ഇതിവൃത്തത്തിൽ വഹിക്കുന്നതു്.

രാമായണവും മുല്ലമാലയും.

രസപരിപോഷത്തിലും, നാടകീയത സമ്പാദിക്കുന്നതിലും ദത്തദൃഷ്ടിയായ ദിങ്നാഗൻ, മൂലകഥയായ രാമായണത്തിൽനിന്നും, തൻെറ കൃതിയിൽ വരുത്തിയിട്ടുള്ള വ്യതിയാനങ്ങളെ ഇവിടെ സംഗ്രഹിക്കാം:—

(1) രാമായണത്തിലെ വാല്മീകി സീതാനിർവ്വാസനത്തിനുള്ള കാരണം മുൻകൂട്ടിത്തന്നെ അറിയുന്നു. രാമനും, വാല്മീകിയുടെ ആശ്രമത്തിൻെറ അടുത്തു കൊണ്ടുപോയി സീതയെ വിട്ടുവരുവാനാണു് ലക്ഷ്മണനെ നിയോഗിച്ചയക്കുന്നതു്. മുല്ലമാലയിലാവട്ടെ രാജാവു് കാട്ടിൽ ത്യജിച്ച സ്ത്രീ സീതയാണെന്ന സംഗതിതന്നെ മഹർഷി അറിയുന്നതു് അവരാ പറഞ്ഞിട്ടാണു്. പിന്നെ നിർവ്വാസനഹേതുവറിയുവാൻ അദ്ദേഹം സമാധിയവലംബിക്കുന്നു. സാങ്കേതികപദങ്ങളുപയോഗിക്കുന്നപക്ഷം, രാമായണത്തിലെ വാല്മീകി 'യുക്തനും', മുല്ലമാലയിലെ വാല്മീകി 'യുഞ്ജാന'നുമാണു്. വാല്മീകിയുടെ ആശ്രമം അടുത്തുള്ള കഥ, ലക്ഷ്മണനോ സീതയോ മുൻകൂട്ടി അറിഞ്ഞതായി, കവി പറയുന്നുമില്ല.

(2) കുശലവന്മാരുടെ രാമായണഗാനത്തിൽനിന്നുതന്നെ രാമൻ അവരെത്തിരിച്ചറിയുന്നതായിട്ടാണു് രാമാ

യണത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. നാടകത്തിലാവട്ടെ, രാമൻെറ ഉൽക്കണ്ഠയെ കഴിയുന്നതും ദീപ്തിപ്പിച്ച് കരുണത്തിൻെറ മാററു കൂട്ടുന്നതിൽ ദൃഷ്ടിവെച്ച കവി, വാല്മീകിയുടെ അന്തേവാസിയായ കണ്വനെ അവതരിപ്പിച്ച് തന്മുഖേനയാണ്, സീതാകഥ രാമനെ അറിയിക്കുന്നത്.

(3) അവസാനം, ഭൂമിദേവിയുടെ അങ്കത്തിൽ കയറി സീത അന്തർഹിതയാവുകയാണ്, രാമായണത്തിൽ. മുല്ലമാലയിലാകട്ടെ, സീതയുടെ ചാരിത്രശുദ്ധിയെ വെളിപ്പെടുത്തുക മാത്രമാണ്, വസുംധരാദേവി പ്രത്യക്ഷയായി ച്ചെയ്യുന്നത്. സീതാരാമസമാഗമത്തോടുകൂടിയാണ് കഥ അവസാനിക്കുന്നത്.

രാമായണകർത്താവിൻേറയും മുല്ലമാലാകർത്താവിൻേറയും ഹൃദയങ്ങൾ നന്നെ അടുത്ത ചില സന്ദർഭങ്ങളും കാണാം. അതിലൊന്നാണ്, ആത്മഹത്യചെയ്താലോ എന്ന് ആദ്യമാലോചിച്ചുപോകുന്ന സീത അതിന്നെതിരായിച്ചിന്തിയ്ക്കുന്ന ഭാഗം:—

"ഭർത്തൃവംശം പരിഹാസപാത്രമാകുമല്ലൊ; അല്ലെങ്കിൽ ഞാൻ ഗംഗയിൽ ജീവൻ വെടിഞ്ഞേനേ"–

(ഉത്തരരാ. 48-8)

"സീത:–ആത്മാവിനെ ഞാനും പരിത്യജിച്ചാലോ? ഇതിനെ (ഗർഭത്തെ) നോക്കുവാൻവേണ്ടി ജീവിതം രക്ഷിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ അപവാദത്തിൻെറ മുള്ളുകൾ അവിടെയും ചെന്നുതറയ്ക്കും."

—(മുല്ലമാല, ഒന്നാമങ്കം)

## ഉത്തരരാമചരിതവും മല്ലമാലയും.

ഉത്തരരാമചരിതവും മുല്ലമാലയും തമ്മിലുള്ള സാദൃശ്യവും, വൈസാദൃശ്യവും, രണ്ടു ഗ്രന്ഥങ്ങളും പരിശീലിയ്ക്കുന്ന അവഹിതനായ സഹൃദയനെ ഹഠാദാകർഷിക്കുന്നവയാണ് — വിരഹവ്യഥകൊണ്ടു് തളർന്ന രാമനെ അദൃശ്യയായിനിന്നുകൊണ്ടു് സീത സമാശ്വസിപ്പിക്കുന്ന ഭാഗം രണ്ടു നാടകത്തിലും കാണുന്ന കവികല്പനാചാതുര്യമാണ്. ഇതു രാമനെ പ്രാണാപായത്തിൽനിന്നു രക്ഷിക്കുന്നതോടൊപ്പം, അദ്ദേഹത്തിൻെറ പശ്ചാത്താപത്തിന്ന് മൂച്ചകൂട്ടുകയും ചെയ്യുന്നു. രണ്ടിലും വാല്മീകിയാണ് കഥയുടെ പ്രധാനമായ ചരടു പിടിക്കുന്നതു്.—രണ്ടിലും സീതാരാമസമാഗമത്തോടുകൂടിയാണ് കഥ അവസാനിക്കുന്നതു്. ഇതിനെല്ലാം പുറമേ, ആശയസംവാദം നന്നെയുള്ള ഭാഗങ്ങൾ രണ്ടിലും ധാരാളമുണ്ടു്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കാം:—

കാണുമ്പൊഴേക്കേതൊരു ഹേതുവാലോ
സംബന്ധികൾക്കുള്ള കുളുത്തിടുന്നു
ചന്ദ്രോദയത്തിങ്കലലിഞ്ഞുപോവ-
തച്ചന്ദ്രകാന്തം ഗുണദോഷമോർത്തോ?

(മുല്ലമാല, 5-10)

ഏതോഹേതു മനസ്സിലുള്ളതു ഘടിപ്പിക്കുന്നുവസ്തുക്കളെ
പ്രീതിക്കാശ്രയമാകയില്ല വെളിയിൽക്കാണുന്ന
ധർമ്മാദികൾ.
ശീതാംശൂദയമാകിലാശു കിനിയുന്നില്ലേശശാങ്കോപലം
പ്രാതഃസൂര്യനുദിക്കിലാശു വിടരുന്നില്ലേസരോജങ്ങളും?

(ഉത്തര. 6. 12)

* * *

മുല്ലമാലയിൽ,

ലക്ഷ്മണൻ:-(രാമസന്ദേശം പറയുന്നു.)

ദാരാന്തരാഹരണ നിസ്പൃഹചിത്തനാമെൻ
യാഗത്തിൽ നിൻപ്രതിമതാൻ മമ ധർമ്മപത്നി.

സീത:- ഈ സന്ദേശംകൊണ്ടു് ആര്യപുത്രൻ എൻെറ പരിത്യാഗദുഃഖത്തെ മുഴുവൻ ദൂരീകരിച്ചിരിക്കുന്നു.

(ഒന്നാമങ്കം)

ഉത്തരരാമചരിതത്തിൽ,

രാമൻ:-ഞാനിപ്പോൾ അശ്വമേധത്തിനുവേണ്ടി ഒരു ധർമ്മപത്നിയെ ഉണ്ടാക്കിയിട്ടുണ്ടു് —

സീത:- .... .... ....

രാമൻ:-സ്വർണ്ണംകൊണ്ടു് സീതയുടെ ആകൃതിയിലായിട്ടു്.

സീത:- .... അഹോ പരിത്യജിച്ചതിനാലുള്ള ലജ്ജയേയും വ്യസനത്തേയും ആര്യപുത്രനിപ്പോൾ എൻെറ ഹൃദയത്തിൽ നിന്നെടുത്തുകളഞ്ഞു. (മൂന്നാമങ്കം)

* * *

സീത:- .... ആര്യപുത്രനെ ഞാൻ അടുത്തുചെന്നുകണ്ടാൽ വീണ്ടും കോപിച്ചേയ്ക്കാം........

(മുല്ലമാല നാലാമങ്കം)

സീത:- ........ എന്നെക്കണ്ടുവെങ്കിൽ അനുവാദംകൂടാതെ അടുത്തു ചെന്നതിന്നു് എൻെറ നേരെ അധികമായി മഹാരാജാവു കോപിക്കും........

(ഉത്തര. മൂന്നാമങ്കം)

* * *

കുശൻ:-ഈ രാജാവിൻെറ അടുത്തു ചെല്ലുംതോറും ഉള്ളിലൊരു ഭയം. ശരീരംതന്നെ സ്വാധീനമല്ലാതായി

പ്പോകുന്നു. എൻെറ അവലേപം എന്നെ വെടിഞ്ഞുപോയോ? ഇദ്ദേഹത്തിൻെറ മുന്നിൽ തല കുനിക്കാതെ നില്ക്കുവാൻ ഞാൻശക്തനല്ല. ഞാനിതാ നമസ്കരിക്കുന്നു.

(മുല്ല-അഞ്ചാമങ്കം)

കുശൻ:—

കണ്ടപ്പോളിപ്പുമാനെക്കലഹരുചി ശമിക്കുന്നിത,
ഗ്ഗർവ്വമെങ്ങോ
മണ്ടുന്നൂ, മാനസത്തിൽ സുഖമയരസവും
താഴ്മയും ചേർന്നിടുന്നൂ.
ഉണ്ടായീടുന്നതെന്തോ പരവശതയെനി,
യ്ക്കോക്കിലോ ശുദ്ധമായി-
ട്ടുണ്ടാംതീർത്ഥങ്ങളിൽപ്പോലൊരുമഹിമ
മഹാന്മാരിലും തീർത്ഥമായി.

(ഉത്തര. 6—11.)

*　　　*　　　*

ഈ സാമ്യദർശനം, ഉത്തരരാമചരിതം കണ്ടതിനുശേഷമാണ് 'മുല്ലമാല' നിർമ്മിയ്ക്കപ്പെട്ടതെന്ന വാദംവരെ ഗവേഷകലോകത്തിലുണ്ടാക്കിയിട്ടുണ്ട്. പക്ഷെ, മുൻപറഞ്ഞവിധം, ഭാഷയുടേയും പ്രതിപാദനത്തിൻെറയും പ്രാചീനതയും ഇനി പറയാൻ പോകുന്ന വിധത്തിൽ, ഭാസനാടകങ്ങളുമായി ഇതിന്നുള്ള അടുത്ത ബന്ധവും; മുല്ലമാലയാണാദ്യമെഴുതപ്പെട്ടതെന്ന നിഗമനത്തിൽ ഞങ്ങളെ എത്തിച്ചിരിക്കുന്നു.

ഭവഭൂതിയുടെ പടന്നു പന്തലിച്ച കവിതയും, അലയടിച്ചുയരുന്ന വികാരാവേശങ്ങളും മുല്ലമാലയിലില്ല. ഭാഷയിൽ മാത്രമല്ല; പാത്രകല്പനത്തിൻെറ എണ്ണത്തിലും

വർണ്ണത്തിലും, സംഭവങ്ങളുടെ ഘടനയിലും മുല്ലമാല ഉത്തരരാമചരിതത്തെ അപേക്ഷിച്ച് എത്രയോ സരളമാണ്. ജനകൻ, കൌസല്യ, തമസ, മുരള, ഗംഗ, വാസന്തി, അരുന്ധതി, അഷ്ടാവക്രൻ, ദുർമ്മുഖൻ, വിദ്യാധര മിഥുനം എന്നീ പാത്രങ്ങൾ ഉത്തരരാമചരിതത്തിൽ ഉണ്ട്; മുല്ലമാലയിലില്ല. സീതാപവാദശ്രവണമാണ് ഉത്തരരാമചരിതത്തിൽ രംഗദൃശ്യമാകുന്നത്; മുല്ലമാലയിലാകട്ടെ സീതാത്യാഗവും. ശംബുകനെന്ന ശൂദ്രമുനിയെ കൊല്ലുവാൻവേണ്ടി രാമൻ ദണ്ഡകാരണ്യത്തിലേക്ക് പോകുന്ന ഉപാഖ്യാനം മുല്ലമാലയിലില്ല. വാസ്തവത്തിൽ, ആ ഭാഗം പ്രകൃതരസത്തിന്ന് പരിപോഷകമായ വിധത്തിൽ നിബന്ധിക്കുകയെന്നത് ദുഷ്കരമാണ്. ഭവഭൂതി അത് സാധിച്ചിട്ടുണ്ട്. ഉത്തരരാമചരിതത്തിൽ, ആത്മത്യാഗത്തിന്നൊരുമ്പെട്ട സീതയെ ഗംഗാപൃഥിവികൾകൂടി രക്ഷിക്കുകയും, സീത പ്രസവിച്ചപ്പോൾ, കുട്ടികളെ അവർതന്നെ കൊണ്ടുപോയി വാല്മീകിയെ ഏല്പിക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ സീതയ്ക്ക് ഭർത്തൃവിരഹവും, പുത്രവിരഹവും ഒരേ കാലത്തനുഭവിക്കേണ്ടിവരുന്നു. മുല്ലമാലയിലാകട്ടെ. രാമായണത്തേയും, രഘുവംശത്തേയുമനുസരിച്ചാണ് കഥാഗതി നിയന്ത്രിക്കപ്പെടുന്നത്. അതിനാൽ, സീത ആത്മത്യാഗത്തിന്നൊരുങ്ങുന്നുമില്ല; പുത്രവിരഹമനുഭവിക്കുന്നുമില്ല. ലവനും, ചന്ദ്രകേതുവുമായുള്ള യുദ്ധവും മുല്ലമാലയിലില്ല. പ്രകൃതരസപരിപോഷത്തിന്ന് ആ ഉപാഖ്യാനമാവശ്യമുള്ളതുമല്ല. മാത്രമല്ല; വീരരസപ്രധാനമായ അത്തരമൊരുപാഖ്യാനത്തെ, വിപ്രലംഭമോ, കരുണമോ പ്രധാനമായ സന്ദർഭത്തിൽ നിബന്ധിക്കുകയെന്നത് ദുഷ്കരവുമാണ്. വാല്മീക്യാശ്രമത്തിൽ വളന്ന രണ്ടു ക്ഷത്രിയ കുമാരന്മാർ മാത്രമാണ് മുല്ലമാലയിലെ

കുശലവന്മാർ. അവർക്ക് വീണ മീട്ടി രാമായണം നല്ല വണ്ണം പാടാനറിയാം. നാടകത്തിൽ മറെറാരു നാടകം കാണിക്കുന്ന ഭവഭൂതിയുടെ 'വിദ്യ'യും ഢിങ്നാഗന്നില്ല. ചുരുക്കത്തിൽ, ഉത്തരരാമചരിതം, ഭാഷയുടെ ആഭാടം, കവിതയുടെ വികസ്വരത, സംഭവങ്ങളുടേയും പാത്രങ്ങളുടേയും നൈരന്തര്യം, രംഗങ്ങളുടെ വൈചിത്ര്യം, വികാരങ്ങളുടെ സമ്മർദ്ദം എന്നിവയാൽ സങ്കുലമാണ്. ഹൃദയത്തിലേക്കു നേരിട്ടിറങ്ങുന്ന മൂർച്ചയുള്ള ചെറിയ വാചകങ്ങളും, നാടകീയരംഗങ്ങളുടെ സന്നിവേശചാതുര്യവും കൊണ്ട് സരളമാണ് മുല്ലമാല.

## മുല്ലമാലയും കാളിദാസനും.

കഥയിലും, ചിലകല്പനകളിലും ഉത്തരരാമചരിതവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണെങ്കിലും, മുല്ലമാലക്ക് അധികമടുപ്പം കാളിദാസഹൃദയത്തോടാണെന്ന് സൂക്ഷ്മമായി നോക്കുമ്പോൾ മനസ്സിലാകും. രഘുവംശത്തിലും മുല്ലമാലയിലും സീതാത്യാഗഘട്ടത്തിൽ ഈ ആശയൈക്യം വിസ്പഷ്ടം കാണാം.

"പതിരൌക്ഷ്യമഹോപൊറുക്കനിംല്ലൻ
ബത! ഞാൻ" എന്നടികൂപ്പിലക്ഷ്മണൻതാൻ.

(രഘു. 14—58)

ലക്ഷ്മ:—"ജ്യേഷ്ഠൻ കല്പിക്കമൂലം ഞാ-
നാളില്ലാക്കാട്ടിലങ്ങയെ
കൊണ്ടുവന്നുവെടിഞ്ഞേതനെൻ
തെറെറാന്നിതു പൊറുക്കണേ! (മുല്ല. 1—21)

* * * *

ഹരിണം തൃണവും മരങ്ങൾ പൂവും
പരിതാപാൽ മയിലാട്ടവും വെടിഞ്ഞു
അരിയോരവൾ തൻകരച്ചിൽമൂലം
ശരിയായിസ്സമദുഃഖമാൻകാട്ടം. (രഘു. 14—69)

ശഷ്പംവെടിഞ്ഞുകരയുന്നു മൃഗങ്ങൾ ദീന-
മല്ലേതരാത്തിയരയന്നനിരയ്ക്കുമൊപ്പം
നൃത്തംവെടിഞ്ഞു മയിൽദേവിയെയിങ്ങുകണ്ടു
തിര്യക്കുതന്നെ വരമീ നരരല്ലനൂനം. (മുല്ല. 1—19)

* * * *

രണ്ടിലും വാല്മീകിയുടെ വാക്കുകൾ സദൃശമാണ്:—

ഭവബാധബുധക്കുകററിടുന്നോൻ
തവതാതൻ, ശ്വശുരൻ പ്രിയൻ പരംമേ
(രഘു. 14—74)

ഞാനാവിദേഹ നൃപനിഷ്ടസുഹൃത്തുപണ്ടേ
ബാല്യത്തിലേദശരഥന്നിവനുററമിത്രം.
(മുല്ല. 1—30)

* * * *

'ഭുവനത്രയകണ്ടകം പറിച്ചോ-
നവനുററം പറയാത്ത സത്യസന്ധൻ.
ഇവനെങ്കിലുമുണ്ടുനിന്നെയീമ-
ട്ടവമാനിച്ചൊരു രാമനോടുകോപം.'
(രഘു. 14—73)

എന്ന് പറയുന്ന കാളിദാസൻെറ വാല്മീകിക്കും, മുല്ലമാലയിൽ ആറാമങ്കത്തിൽ,

വാല്മീകി:-(കോപത്തോടെ) ഹേ രാജാവേ, സൌഹാർദ്ദ മൂത്തേ, മഹാകുലീന, സമീക്ഷ്യകാരിൻ! ജനകൻ

നല്ലി ദശരഥൻ സ്വീകരിച്ച്, അരുന്ധതി മംഗല കർമ്മങ്ങളനുഷ്ഠിച്ച് അഗ്നിശുദ്ധി തെളിയിച്ച കുശല വന്മാരുടെ അമ്മയും, വിശ്വംഭരാഭഗവതിയുടെ പുത്രിയുമായ സീതാദേവിയെ ജനാപവാദംകേട്ട് നിരാകരിച്ചതു യുക്തമോ?.....................

'കുശലവജനനീവിശുദ്ധിസാക്ഷ്യ-
ത്തിനുപവമാനസഖൻ നിയുക്തനായി
അതിനുപരിനിരങ്കുശം നിതാന്തം
ചപലജനോക്തികളെന്തുനീ ഗണിപ്പാൻ? (6—21)

എന്ന് രാമനോട്ട് ചോദിക്കുന്ന വാല്മീകിക്കും ഏട യൈക്യമില്ലേ?

ഇപ്പറഞ്ഞതിനും പുറമെ, ശാകുന്തളവും മല്ലമാലയും തമ്മിലുള്ള സാദൃശ്യവും മറച്ചുവെക്കാൻ കഴിയാവുന്നതല്ല. ഒന്നിൽ മോതിരവും, മററതിൽ മല്ലമാലയും അഭിജ്ഞാന മായി നില്ക്കുന്നുവെന്ന് മാത്രമല്ല; ഭാര്യാപുത്രവിരഹമനുഭ വിക്കുന്ന ദുഷ്യന്തനും രാമനും തമ്മിലുള്ള സാദൃശ്യം വിസ്പ ഷ്ടമാണുതാനും. ശാകുന്തളത്തിലെ ദുഷ്യന്തൻ വിദൂഷക നോട്ട്, താൻ ശകുന്തളയെ പരിത്യജിക്കുമ്പോൾ വിദൂഷ കനടുത്തുണ്ടായിരിക്കാത്തതിനാലായിരിക്കാം ആ സംഗതി യെപ്പററി ഒന്നും പറയാത്തത്ത് എന്നു പറയുന്നതുപോ ലെ, മല്ലമാലയിലെ രാമൻ, താൻ സീതയെ ഉപേക്ഷി ച്ചപ്പോൾ വിദൂഷകനെന്താണൊന്നും പറയാത്തതെന്ന് അയാളോട്ട് ചോദിക്കുന്നു. ശാകുന്തളത്തിൽ സർവ്വദമന ൻെറ രക്ഷക്കാപ്പ് ദുഷ്യന്തൻ എടുത്തപ്പോൾ അനിഷ്ട മൊന്നുമുണ്ടാകാത്തത്ത്, ആ കുട്ടി തൻെറ പുത്രനാണോ എന്നൊരാശയ്ക്ക് രാജാവിനെ പാത്രമാക്കുന്നതുപോലെ

മുല്ലമാലയിൽ രഘുകുലത്തിൽ പിറക്കാത്തവർ കയറി ഇരുന്നാൽ തല പൊട്ടിപ്പോകുമെന്ന വൃദ്ധവചനമനുസരിച്ച്, കുശലവന്മാർക്ക് സിംഹാസനസ്പർശംകൊണ്ടും വികാരമൊന്നുമുണ്ടാവുന്നില്ലെന്നറിഞ്ഞ രാമനിൽ, അവർ തൻെറ പുത്രരായേക്കുമോ എന്നോരാശ സ്ഥലംപിടിക്കുന്നു. ശാകുന്തളത്തിൽ സാനുമതി, രാജാവിന്ന് ശകുന്തളയോടുള്ള പ്രേമം, മറഞ്ഞിരുന്ന് പരീക്ഷിക്കുന്നു; കുന്ദമാലയിൽ തിലോത്തമയും, രാമന്ന് സീതയോടുള്ള മനോഭാവമെന്തെന്ന് പരീക്ഷിക്കുവാനാര്യമൊരുങ്ങുന്നു. സർവ്വദമനനെ കണ്ടതുമുതൽ, ഓരോ അടിവെപ്പിലും ദുഷ്യന്തനിൽ ആശനിറച്ചുകൊണ്ട് പോകുന്ന ശാകുന്തളത്തിലെ കഥാഗതിയോട് സർവ്വഥാ തുല്യമാണ്, കുശലവന്മാരെ കണ്ടതുമുതൽ രാമനിൽ അനുപദം ആശവളർത്തിക്കൊണ്ട് നീങ്ങുന്ന മുല്ലമാലയിലെ കഥാഗതി. ആശയൈക്യം തെളിഞ്ഞുകാണുന്ന വാക്യങ്ങളും പദ്യങ്ങളും അസുലഭമല്ലെങ്കിലും വിസ്തരഭയത്താൽ അവയെ ഇവിടെ പകർത്തുവാനൊരുമ്പെടുന്നില്ല.

## മുല്ലമാല: നാടകമെന്ന നിലയിൽ.

'ഭാവപ്രകാശ'കർത്താവായ ശാരദാതനയൻ കുന്ദമാലയെപ്പററിപ്പറയുന്നത്, അഞ്ചു സന്ധികളും വേണ്ടുംവണ്ണം യോജിച്ചിണങ്ങിയ ഒരു നാടകമെന്നനിലയ്ക്കാണ്.[1] സന്ധിസന്ധ്യങ്ഗഘടനം ബൃഹത്തായ ഏതൊരു കാവ്യസൃഷ്ടിക്കുമത്യാവശ്യമാണ്. ശാസ്ത്രങ്ങളിൽ ഉപക്രമോപസംഹാരാദികൾ താല്പര്യനിർണ്ണയത്തിന്ന് സഹായകങ്ങളാകുന്നു. അതായത്, ശാസ്ത്രകാരൻെറ ഐകാഗ്ര്യ

1. കുന്ദമാലാഗ്രിത്രസശ്ലിഷ്ടാ സന്ധിപഞ്ചകസംയുതാ.

ത്തെ വ്യക്തമാക്കുന്നവയാണവ. കവിയുടെ ഏകാഗ്രത യാവട്ടെ സന്ധിസന്ധ്യാങ്ഗഘടനിയൂടെയാണ് പ്രകാശിക്കുന്നതു്. അതിൽ കുഴപ്പംപററിയാൽ ഐകാഗ്ര്യവും കുന്തമായെന്നു കരുതാം. കേവലം ശാസ്ത്രനിയമത്തിൻെറ ചട്ടക്കൂട്ടിലൊതുങ്ങിനില്ക്കലല്ല ഈ സന്ധി സന്ധ്യംഗഘടനമെന്നതു്. ആനന്ദവദ്ധനാചാര്യർ പറയുന്നതു നോക്കുക:—"രസപരിപോഷത്തിനുചിതമായ വിധം വേണം സന്ധികളേയും സന്ധ്യംഗങ്ങളേയും ഘടിപ്പിക്കുവാൻ; വെറും ശാസ്ത്രനിയമങ്ങളെ അനുസരിക്കൽ മാത്രമായിരിക്കരുതു് അതിൻെറ ഉദ്ദേശ്യം". [2]

കേവലം ജനാപവാദഭീരുവായ ഒരു രാജാവു്, മുൻപിന്നാലോചിക്കാതെ, ഹൃദയൈക്യം പരിപൂണ്ണമായുമുള്ള തൻെറ സഹധർമ്മിണിയെ ഗർഭിണിയായ നിലയിൽ കാട്ടിൽ വെടിഞ്ഞു്, പശ്ചാത്തപിക്കുന്നു; കഠിനമായ വിരഹവ്യഥ അനുഭവിക്കുന്നു. ചാരിത്രവതിയായ ആ വധൂരത്നമാകട്ടെ ആത്മനാഥൻെറ അനാശാസ്യമായ അ ച്ചെയ്തിയാൽ അകംനൊന്തു്, തൽകുലത്തിനെ നിലനിത്താൻവേണ്ടി തത്സന്താനങ്ങളെ പോററി വളത്തിയും, ഭർത്തൃസമാഗമത്തിലിടയ്ക്കെല്ലാമാശവെച്ചും വിരഹദുഃഖത്തിൽ കഴിച്ചുകൂട്ടുന്നു. അങ്ങിനെ വിപ്രലംഭശൃംഗാരത്തിൻെറ ക്രമികമായ വളച്ചയിലാണ് കവി ദൃഷ്ടിവെച്ചിരിക്കുന്നതു്. അതു് പലപ്പോഴും കരുണരസത്തിലേക്കതിക്രമിച്ചുപോകുന്നതിനെ കവി വളരെ അവധാനത്തോടുകൂടി തടഞ്ഞൊതുക്കിയിട്ടുമുണ്ടു്. ഈ വിരഹത്തിൽ, പ

---

2. സന്ധിസന്ധ്യംഗഘടനം രസാഭിവ്യക്ത്യപേക്ഷയാ
നതുകേവലയാ ശാസ്ത്രസ്ഥിതിസമ്പാദനേച്ഛയാ.
ധ്വനി.

ശ്ചാത്താപവിവശനായ രാമന്ന് ഉണ്ടാവുന്ന പുത്രസമാഗമമെന്ന ഫലത്തിലാണ് ഇതിവൃത്തം ചെന്നവസാനിക്കുന്നത്. പുത്രസമാഗമത്തിൻെറ അനുബന്ധമായി ജായാസമാഗമവും — തൻെറ സാഹസ പ്രവൃത്തിയുടെ പ്രായശ്ചിത്തമാണ് രാമൻെറ ദുഃസഹമായ ദുഃഖാനുഭവവും, അവസാനം വാല്മീകിയിൽനിന്നും ലഭിക്കുന്ന ചുട്ട വാക്കുകളും. അപ്പോഠം ജായാപുത്രസമാഗമമെന്ന ഫലത്തിലെത്തിച്ചേരുന്നവിധം, വിപ്രലംഭത്തെ പരിപോഷിപ്പിക്കുകയെന്നതാണ് കവിയുടെ ലക്ഷ്യം; അതിനനുഗുണമായ സന്ധിഘടനയാണദ്ദേഹം ചെയ്തിട്ടുള്ളതും.

ഒന്നാമങ്കത്തിൽ, സീതയെ രക്ഷിക്കുവാനായി ലക്ഷ്മണൻ വനദേവതകളോടും, മുനിമാരോടും, ലോകപാലന്മാരോടും പ്രാൎത്ഥിയ്ക്കുമ്പോഠം, സീത ഗൎഭത്തെ തൊട്ടു കാട്ടുന്നു. ഗൎഭമാണ് രക്ഷിക്കപ്പെടേണ്ടത്, താനല്ല എന്നാണല്ലൊ സീതയുടെ ഇംഗിതം: സുഖപ്രസവമുണ്ടായാൽ, ഭാഗീരഥിക്ക് വഴിപാടുംനേരുന്നു. ഇവിടെയാണ് പുത്രസമാഗമമെന്ന ഫലത്തിൻെറ ബീജാവാപം. വാല്മീകിയുടെ അമോഘമായ അനുഗ്രഹവചസ്സ് അതിന്നു താങ്ങായി നില്ക്കുന്നുമുണ്ട്. രണ്ടാമങ്കത്തിൽ സീത രാമസമാഗമമുണ്ടാകുമോ എന്നാശിക്കുന്നു; ഉടനെ രാജദൎശനമാസന്നമാണെന്ന ശുഭവാൎത്ത അവളെ ആശ്വസ്തയാക്കുകയും ചെയ്യുന്നു. മൂന്നാമങ്കത്തിൽ രാമദൎശനം സീതക്കുണ്ടാവുന്നു. നാലിൽ രാമന്ന് ഏതാണ്ട് ഉണ്ടായതായനുഭവപ്പെട്ട സീതാസമാഗമം, തിലോത്തമയുടെ വഞ്ചനയായിരിക്കാമെന്ന ബോധത്തിൽ മാഞ്ഞുപോകുന്നു. വീണ്ടും അഞ്ചാമങ്കത്തിൽ കുശലവന്മാരുടെ ദൎശനവും, രാജസിംഹാസനത്തിൽ കയറിയിരുന്നിട്ടും അവൎക്കനിഷ്ട

മൊന്നുമുണ്ടാകാതിരിക്കുന്നതും, അവരിൽനിന്നു മറിഞ്ഞ അവരുടെ ചരിത്രവും രാമനിൽ ഭാര്യാപുത്രപ്രാപ്തിയിലുള്ള ആശയെ ആളിക്കത്തിക്കുന്നു. ആറിൽ ഭാര്യാപുത്രസമാഗമവും, അത്ഭുതരസം നിറയ്ക്കുന്ന വസുന്ധരയുടെ ആവിർഭാവവും നിർവ്വഹണസന്ധിയെ പരിപൂർണ്ണമാക്കുന്നു.

ഭാഷയെ കഴിയുന്നതും നാടകീയമാക്കുന്നതിലും, നാടകീയപരിസ്ഥിതികൾ (Dramatic situations) സൃഷ്ടിക്കുന്നതിലും ദിങ്നാഗൻ ഭാസനെപ്പോലെത്തന്നെ വിജയിച്ചിട്ടുണ്ട്. സംഭാഷണത്തിലുള്ള മിടുക്ക്, പലപ്പോഴും ഓസ്കാർ വൈൽഡിൻെറ നാടകങ്ങളെ ഓർമ്മിപ്പിക്കുന്നതാണ്. ഒരു ഉദാഹരണം മാത്രം കാണിക്കാം. രണ്ടാമങ്കത്തിൽ—

വേദവതി:_ ആ നിർദ്ദയനെച്ചൊല്ലി നീ.......മെലിഞ്ഞു പോകുന്നതെന്തിനാണ്?

സീത:_ അദ്ദേഹം എങ്ങിനെ നിർദ്ദയനായി?

വേദ:_ ഉപേക്ഷിച്ചില്ലേ?

സീത:_ എന്നെ ഉപേക്ഷിച്ചുവോ?

വേദ:_ ഇങ്ങിനെ ആളുകൾ പറയുന്നു; സത്യമായിട്ടും ഉപേക്ഷിച്ചുവെന്ന്.

സീത:_ ശരീരംകൊണ്ടേ ഉപേക്ഷിച്ചുള്ളു, മനസ്സുകൊണ്ടില്ല.

വേദ:_ മററുള്ളവരുടെ മനസ്സു നിനക്കറിയാമോ?

സീത:_ അദ്ദേഹത്തിൻെറ മനസ്സു സീതക്കു പരകീയമാകുമോ? .... .... ....

വേദ:_ സഖി, അധികം അഭിമാനിക്കേണ്ട. രാമൻെ യാഗദീക്ഷാസമയം സമാസന്നമായിരിക്കുന്നു.

സീത:_ അതുകൊണ്ടെന്താണ്?

വേദ:_ അതിനുടനെ അദ്ദേഹം പാണിഗ്രഹണം ചെയ്യുന്നതായിരിക്കും.

സീത:_ എനിയ്ക്കാര്യപുത്രന്റെ ഹൃദയത്തിലാണ് സ്ഥാനം; പാണിയിലല്ല.

* * *

ഭാസന്റെ നാടകങ്ങളിലെപ്പോലെ 'മുല്ലമാല'യിലും ആദ്യം 'സ്ഥാപന'യാണ്, 'പ്രസ്താവന'യല്ല. — കവിനാമം സൂത്രധാരനാൽ പറയപ്പെടുന്നുണ്ടെന്ന വിശേഷം മാത്രമുണ്ട്. പുരാണകഥകളിലെ സ്ഥലങ്ങളേയും സംഭവങ്ങളേയും ഇഷ്ടംപോലെ മാററിമറിക്കുന്ന സ്വഭാവം ഭാസന്നുണ്ടല്ലോ. മുല്ലമാലാകർത്താവിന്നുമുണ്ട് ഈ വിദ്യ— രാമൻ അശ്വമേധയാഗം നടത്തുന്നത് രാജധാനിയിൽ വെച്ചല്ല; നൈമിശാരണ്യത്തിൽവെച്ചാണ്. അവിടെ വെച്ചുതന്നെ "കുശലവന്മാരുടെ രാജ്യാഭിഷേകവും നടത്തുന്നു. "Irony of circumstances" എന്നു പറയപ്പെടുന്ന സംഭവഘടനാകൌശലം ദിങ്നാഗന്നു ഭാസനെപ്പോലെത്തന്നെയുണ്ട്. നാലാമങ്കത്തിൽ, ചുളുചുളെ ദേഹത്തിൽ കുത്തുന്ന കാററിനെപ്പേടിച്ച് രണ്ടുത്തരീയം പുതച്ചുവരുന്ന സീതയുടെ, ഒരുത്തരീയത്തെ കഥയും രസവുമായി കവി എങ്ങിനെ ബന്ധപ്പെടുത്തിയിരിക്കുന്നു എന്നു നോക്കുക. രസപരിപോഷത്തിന്നും രംഗപുഷ്ടിക്കുമുതകുന്ന വിധം സംഭവങ്ങളേയും സംഭാഷണങ്ങളേയും ഘടിപ്പിക്കുന്നതിലും കവി ബദ്ധദീക്ഷനാണ്. ഒന്നാമങ്കത്തിൽ, ധാർമ്മികനായ രാമൻ ഉപേക്ഷിച്ചവളാണെങ്കിൽ തനിക്കൊന്നും ചെയ്യാനില്ലെന്നു പറഞ്ഞ് വാല്മീ

കി പോകാൻ തുടങ്ങുന്ന ഭാഗം ഡിങ്ങ്നാഗന്റെ സ്വന്തം കല്പനയാണ്. പ്രകൃതമായ കരുണത്തെ ഉയൎത്തി, പ്രേക്ഷകരിൽ സീതയോടുള്ള അനുകമ്പയെ വളൎത്തുവാൻ ഇതെത്രമാത്രം സഹായിക്കുന്നു എന്ന് നോക്കുക.

മൃച്ഛകടികമെഴുതിയ ശൂദ്രകനെപ്പോലെ പാത്രസൃഷ്ടിയിലല്ല, സ്വപ്നവാസവദത്തമെഴുതിയ ഭാസനെപ്പോലെ ഉത്തമദമ്പതികളുടെ വിരഹവിപ്രലംഭത്തെ വൎണ്ണിച്ചുകാട്ടുന്നതിലാണ് മുല്ലമാലാകൎത്താവു് ദൃഷ്ടിവെച്ചിട്ടുള്ളതു്. ഒരു ഭാഗത്തു് അനുശയപ്രവൃദ്ധമായ വിരഹം സഹൃദയന്റെ ധൎമ്മബോധത്തെ ഉണൎത്തിവിടുമ്പോൾ, മറുഭാഗത്തു് ചരിത്രസംഘൃഷ്ടമായ ദുഃഖാനുഭവം അയാളിൽനിന്ന് അനുകമ്പയെ ആവൎജ്ജിക്കുന്നു. അത്രയും ക്രൂരമായ വിധത്തിൽ പുണ്യശീലയായ ജാനകിയെ കാട്ടിൽവെടിഞ്ഞ രാമന് വീണ്ടും തത്സമാഗമം ഉണ്ടാകുന്നതിൽ സഹൃദയന്റെ ധൎമ്മബോധം കോപിക്കയില്ലേ എന്ന ചോദ്യം ഡിങ്ങ്നാഗനാദ്യമേ ഊഹിച്ചിട്ടുണ്ടെന്നു് തോന്നുന്നു. സീതാത്യാഗഘട്ടം കഴിഞ്ഞതിനുശേഷം, കുശലവന്മാൎക്കു് പന്ത്രണ്ടുവയസ്സായതിനുശേഷമേ രാമൻ രംഗത്തിലേക്കു് വരുന്നുള്ളു. അപ്പോൾ അദ്ദേഹം അനുശയവൃദ്ധമായ കരുണത്തിലേക്കു് ആണ്ടുപോവുകയുമാണ്. ഉടനെ വിദഗ്ദ്ധമായ ഡിങ്ങ്നാഗഹസ്തം മുല്ലമാല കാണിച്ചു് അദ്ദേഹത്തെ ഉയൎത്തി വിപ്രലംഭത്തിലേക്കാനയിക്കുകയും ചെയ്യുന്നു. അങ്ങിനെ ക്രൂരനും, ശാസനകാരിയുമായ രാമരാജനെ പ്രേക്ഷകരുടെ മുൻപിൽ അവതരിപ്പിക്കാതെ വിരഹിയായ മനുഷ്യരാമനെയാണ് കവി കാണിച്ചുതരുന്നതു്. അതുപോലെത്തന്നെ അവസാനത്തിലും, കുശലവദൎശനംകൊണ്ടു് പുത്രപ്രാപ്ത്യാശയെ രാമഹൃദയത്തിൽ ആളിക്കത്തിച്ചു്, ഒരു

ദുഃഖപര്യവസായിയായി കഥ തീൎന്നുപോകാതിരിക്കുവാൻ വേണ്ട മുന്നൊരുക്കം കവി സമൎത്ഥമായി ചെയ്തിട്ടുണ്ട്.

സന്താനവും യാഗവുമെന്നരണ്ടു
ഫലങ്ങൾ വേളിക്കു പറഞ്ഞിരിപ്പൂ
പൂൎവ്വംഫലം നിന്നിലുദിച്ചഹൃദ്യം
ദ്വിതീയമേകീടുകവാസമാൻ്റം.

എന്ന് രാമൻ സീതയോട്ട് പറയുന്ന സന്ദൎഭം, അപ്രതീക്ഷിതമോ വെച്ചുകെട്ടോ അല്ലെന്ന് ഗ്രന്ഥം ഉടനീളം പരിശീലിയ്ക്കുന്ന സഹൃദയന്ന് ബോദ്ധ്യമാകും. ഇതു തന്നെയല്ലേ, കവിയുടെ വിജയത്തിന്നു നിദാനമായ ഐകാഗ്ര്യം?

'മുല്ലമാല'യിലെ കവിത.

ഭാഷപോലെത്തന്നെ ലളിതവും ഹൃദയസ്പൎശിയുമാണ് ദിങ്നാഗൻെറ കവിത. അധികമലങ്കാരങ്ങളോ ലാക്ഷണികപ്രയോഗങ്ങളോ കാണുകയില്ല. എന്നാൽ രസഭാവങ്ങളെ പോഷിപ്പിക്കുന്നതിന്നു വേണ്ടത്ര അലങ്കാരങ്ങളുംമററും സ്വീകരിക്കുന്നതിൽ കവി വിമുഖനുമല്ല.

പുരമേകക്ലേശനാമെൻ
രാഗവികാരങ്ങൾന്യൂനമന്തരിതം
താമരനാളം തന്നുടെ-
യകമേസുകുമാരമായനൂൽപോലെ. (5—6)

മങ്ങിയന്യജനവാദവാരിദം
കൊണ്ടുതാൻ പ്രകൃതിശുദ്ധയെങ്കിലും
ഇന്നുസീതയെ വിശുദ്ധയാക്കി നീ
വെണ്ണിലാവിനെ ശരത്തുപോലവേ. (6—37)

എന്നീ ഉപമകൾ കാളിദാസൻെറ ഉപമകളുടെ മുഖ ത്തേയ്ക്കു് നോക്കിനില്ക്കുന്നില്ലേ?

കാട്ടിൽ സ്വയംദേവിയെ വിട്ടുപോവാൻ
അദ്ദേവികേഴുന്നതു കേട്ടുനില്പാൻ.
സുഖേനപോരിൽ ഹതനാമെനിക്ക-
ക്കപീന്ദ്രനന്നിങ്ങുയിരേകിവൈരി. (1—18)

എന്ന ലക്ഷ്മണവാക്യത്തിൽ അതിപ്രിയമായ ജീവിതത്തെ പ്രദാനംചെയ്ത ബന്ധുവിനെക്കൂടി ശത്രുവായിക്കാട്ടിക്കൊടുക്കുന്ന നൈരാശ്യത്തിലൂടെ കരുണരസപരിപോഷം നിർവ്വഹിച്ചിരിക്കുന്ന കയ്യ് അനുഗൃഹീതമല്ലെ?

അക്കാലം പെണ്ണുങ്ങൾചൊല്ലീട്ടു
സൌന്ദര്യംകേട്ടു രാവണൻ
കട്ടു വൈദേഹിതൻദേഹം
ചാരിത്രം തൊട്ടതില്ലവൻ. (6—9)

എന്നിങ്ങനെ രാമൻെറ മുൻപിലിരുന്ന് കുശലവന്മാർ പാടുന്ന പദ്യമാരെ കോൾമയിർക്കൊള്ളിക്കയില്ല!

സ്ഥലകാലനിരൂപണം!

ഗംഗാതീരത്തിലുള്ള വാല്മീകിയുടെ ആശ്രമവും പരിസരങ്ങളും, ഗോമതീ തീരത്തിലുള്ള നൈമിശാരണ്യവും ആണ് ഈ നാടകത്തിലെ രംഗസ്ഥാനങ്ങൾ. ഒന്നും രണ്ടും അങ്കങ്ങളിലെ കഥ ആദ്യത്തെ സ്ഥാനത്തും, മറവു നാലങ്കങ്ങളിലെ കഥ രണ്ടാമതു പറഞ്ഞ സ്ഥാനത്തും, വെച്ചാണ് നടക്കുന്നതു്. മൂന്നാമങ്കത്തിൽ സ്ഥാനവിവേചനം കുറച്ചസാദ്ധ്യമായ നിലയിലാണ് കിടക്കുന്നതു്.

ഗോമതിയും ഭാഗീരഥിയും തമ്മിലുള്ളൊരു കെട്ടുപിണച്ചൽ, സ്ഥാനനിർണ്ണയത്തിന് തടസ്സമായി നില്ക്കുകയാണ്. ഇതിനെപ്പററി അധികം ടിപ്പണിയിൽ പറഞ്ഞിരിക്കകൊണ്ടു് ഇവിടേയും എടുത്തുപറയണമെന്നുദ്ദേശിക്കുന്നില്ല.

ആദ്യത്തെ അങ്കത്തിനും രണ്ടാമങ്കത്തിനുമിടയിൽ പത്തുകൊല്ലം കഴിഞ്ഞുപോയിരിക്കുന്നു. പിന്നീടങ്ങോട്ടു് സ്വല്പദിവസങ്ങൾക്കുള്ളിലാണ് കഥ നടക്കുന്നതു്.

അഞ്ചാമങ്കത്തിലെ വിദൂഷകവാക്യത്തിൽനിന്നും ഇതു വ്യക്തവുമാണ്. രണ്ടാമങ്കവും മൂന്നാമങ്കവും തമ്മിലുള്ള കാലവ്യത്യാസം ഒന്നോ രണ്ടോ ദിവസത്തിൻെറ മാത്രമാണ്. മൂന്നും നാലും തമ്മിൽ ഏഴുദിവസത്തെ വ്യത്യാസമുണ്ടു്. ഇതു് സീതാസഖിയായ മുനികന്യകയുടെ വാക്യത്തിൽനിന്നും സ്പഷ്ടമാകുന്നുണ്ടു്. നാലിനും അഞ്ചിനുമിടയിൽ നന്നെക്കുറച്ചു ദിവസങ്ങളേ ഉള്ളു. അഞ്ചും ആറും അങ്കങ്ങളിലെ സംഭവങ്ങൾ ഒരേ ദിവസത്തിലാണുണ്ടാവുന്നതെന്നു തോന്നുന്നു.

മൂന്നാമങ്കത്തിൽ സ്ഥലത്തെസ്സംബന്ധിച്ചുള്ളതുപോലെത്തന്നെ കാലത്തെസ്സംബന്ധിച്ചും സ്വല്പം തകരാറുള്ളതുപോലെ തോന്നുന്നു. പ്രവേശകത്തിൽനിന്നും സന്ധ്യാസമയമാണെന്നു തോന്നും; അവസാനത്തിലാകട്ടെ മദ്ധ്യാഹ്നമാണെന്നതു സ്പഷ്ടമാണുതാനും. പക്ഷെ, ആദർശപുസ്തകങ്ങളിലെ പല ഭാഗങ്ങളും തിരിച്ചറിയാൻ സാധിക്കാത്തവണ്ണം ജീർണ്ണിച്ചതായിരുന്നുവെന്നും അതനുസരിച്ചുള്ള പ്രാകൃതഭാഷയുടെ സംസ്കൃതച്ഛായ മുഴവനും കണ്ടുപിടിച്ചെഴുതുവാൻ ഇതേവരെയുള്ള പ്രസാധകന്മാൎക്കു് കഴി

ഞ്ഞിട്ടില്ലെന്നും നാമോൎമ്മിക്കണം. ഇന്നുള്ള നിലയിൽ, ഈ അങ്കത്തിൽക്കാണുന്ന സ്ഥലകാലങ്ങളുടെ പൊരുത്തമില്ലായ്മയെ പരിഹരിക്കുവാൻ പൎയ്യാപ്തമായ യുക്തിയൊന്നും ഞങ്ങൾക്ക തോന്നുന്നില്ല.

## 'മുല്ലമാല'യിലെ വിദൂഷകൻ

നാടകത്തിലെ പാത്രങ്ങളെക്കുറിച്ച് പ്രത്യേകം പഠനം നടത്തണമെന്നു ഉദ്ദേശിക്കുന്നില്ലെങ്കിലും വിദൂഷകനെക്കുറിച്ച് രണ്ടു വാക്ക് പറയാതിരിക്കാൻ മനസ്സ വരുന്നില്ല. സാധാരണമട്ടിൽ നായികാനായകസമാഗമത്തെ സഹായിക്കുകയും, നായകനെ വിനോദിപ്പിക്കുകയുമല്ല അതിനേക്കാൾ കവിഞ്ഞ എത്രയോ വലിയ കാൎയ്യമാണ് മുല്ലമാലയിലെ വിദൂഷകൻ നിൎവ്വഹിക്കുന്നത്. ഗൎഭസന്ധിയിൽ ദൃഷ്ടമായ സീതാപ്രാപ്തിരൂപമായ ബീജത്തെ, തിലോത്തമാവൃത്താന്തം കൊണ്ടുവന്ന് നഷ്ടമാക്കിത്തീൎത്ത് പ്രകൃതമായ വിപ്രലംബത്തെ പരിപോഷിപ്പിക്കുന്നത് നമ്മുടെ വിദൂഷകനാണ്. ആൎയ്യഹാസിതന്റെ ഫലിതങ്ങൾ അഴകും ആഴവുമുള്ളവയാണ്. ഉദാഹരണങ്ങൾ കാണിച്ച് ഈ ഭാഗം ദീൎഘിപ്പിക്കമെന്നാഗ്രഹിക്കുന്നില്ല.

## തൎജ്ജമയെപ്പററി.

ലളിതവും പൎയ്യാപ്തവുമായ ഭാഷയിൽ മൂലഗ്രന്ഥകാരന്റെ ആശയത്തെപ്പകൎത്തുകയാണല്ലൊ തൎജ്ജമയുടെ ഉദ്ദേശ്യം. ആ നിലയിൽ 'മുല്ലമാല' തീൎച്ചയായും ഒരു വിജയമാണ്. മാത്രമല്ല, ഒരു കലാസൃഷ്ടിയുമുണ്ടായിരിക്കേണ്ടതായി ടോൾസ്റ്റോയി അഭിപ്രായപ്പെടുന്ന

(1) വിഷയം മനുഷ്യരാശിയെസ്സംബന്ധിച്ചേട ത്തോളം പ്രാധാന്യമുള്ളതായിരിക്കുക;

(2) അതിൻെറ പ്രതിപാദനം ജനങ്ങൾക്ക് മനസ്സിലാകത്തക്കവിധത്തിൽ സരളമായിരിക്കുക;

(3) ആ സൃഷ്ടിയിൽ തൽക്കർത്താവിനുള്ള പ്രചോദനം സ്വന്തം ഹൃദയത്തിൽനിന്നുമുണ്ടായതായിരിക്കുക. എന്നീ മൂന്നു ഗുണങ്ങളും ഈ 'മുല്ലമാല'യിലുള്ളതായിട്ടാണ് ഞാൻ കണ്ടത്. ഇനി, പണ്ഡിതനും സഹൃദയനുമായ ശ്രീ. കൃഷ്ണവാരിയരുടെ ഈ പ്രഥമകൃതിയെ വായിക്കുകയും, ആസ്വാദിക്കുകയും, വിമർശിക്കുകയും ചെയ്യേണ്ട ഭാരം കേരളത്തിലെ സഹൃദയന്മാരുടേതാണല്ലോ.

ഗവർമ്മേണ്ട്
ബ്രണ്ണൻകോളേജ്,
തലശ്ശേരി.

ഇ. ആർ. ശ്രീകൃഷ്ണശർമ്മ,
ബി. ഒ. എൽ.

ശ്രീ.

# മുല്ലമാല

## ഒന്നാമങ്കം

(1) കല്ലിനങ്ങു കമനീപദപ്രദമുമേശസന്തത
നിഷേവിതം
വല്ലവീഹൃദയലാളിതം സരസഫുല്ലപങ്കജ
നിഭംപദം
അല്ലലൊക്കെയകലുന്നതിന്നഖിലമംഗ
ളങ്ങളണയുന്നതി–
ന്നല്ലിലും പകലുമൊന്നുപോലെ തുണ
യാകവേണമരുണോജ്വലം.

(2) ഇന്ദ്രൻചൂടുന്ന മന്ദാരപ്പൂക്കൾതൻതേൻ പുരണ്ടതാം
ഹേരംബപദപാംസുക്കൾ വിഘ്നവാരാശി ത്തുക്ക്ണം.

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

(3) ഉള്ളിൽ തള്ളിയെഴും തപശ്ശിഖിയതിൻ
പൊങ്ങുന്നതാം ജ്വാലയോ
ഗംഗാതോയതരംഗസർപ്പനിവഹം വാഴുന്ന
വല്മീകമോ

ശശാത്താകമിളം മൃണാളരുചിയാം
ശീതാംശുതൻ സന്ധ്യയോ
പോലീശൻെറ നവാരുണച്ഛവിജടാജ്ജൂടം
ശുഭം നല്ലണം.

സാമാജികന്മാർ ആജ്ഞാപിച്ചിരിക്കുന്നു — അരാരാലപുരവാസിയായ ദിങ്നാഗകവിയുടെ കൃതിയായ കുന്ദമാലയുണ്ടല്ലോ അതഭിനയിക്കണം എന്നു്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ എൻെറ സചിവപദവി വഹിക്കുന്ന ആര്യയെ വിളിച്ചു രംഗഭൂമിയിൽ പ്രവേശിക്കട്ടെ.

(അണിയറയിൽ)

ആര്യ്യ ഇതിലെ ഇറങ്ങുക.

സൂത്ര:—ഓ! ആരാണിതു് ആര്യയെ വിളിച്ചു എന്നെ സഹായിക്കുവാൻ പുറപ്പെട്ടിരിക്കുന്നതു്? (നോക്കിയിട്ടു്) കഷ്ടം കഷ്ടം അതിദയനീയംതന്നെ.

(4) ലങ്കേശ്വരൻെറ പുരിയിൽ ചിരവാസമൂലം
ലോകാപവാദഭയമാർന്നൊരു രാമചന്ദ്രൻ
ഗർഭാത്തയെന്നു ഗണിയാതെ വെടിഞ്ഞ സീത-
യ്ക്കോതുന്നു ലക്ഷ്മണനരണ്യഗതിക്കു മാർഗ്ഗം.

(എന്നു പോകുന്നു)

സ്ഥാപന.

(അനന്തരം തേരിലേറി സീതയും സാരഥിയും ലക്ഷ്മണനും പ്രവേശിക്കുന്നു.)

ലക്ഷ്മ:—ആര്യ്യ ഇതിലെ ഇറങ്ങുക. മരങ്ങളും ഇടതിങ്ങിയും വള്ളികൾ ചുററിപ്പിണഞ്ഞും നില്ക്കുന്നതുകൊണ്ടു് തേരു് പോകാത്ത ഗംഗാതീര കാനനപ്രദേശമാണിതു്. അതുകൊണ്ടു് ആര്യ്യ ഇറങ്ങുക.

സീത—വത്സലക്ഷ്മണ, കുതിരകളുടെ അതിയായ വേഗം കൊണ്ടു് ശരീരമിളകി തളൎന്നിരിക്കുന്ന എനിക്കു് എഴുന്നേററുനില്ക്കുവാൻതന്നെ വയ്യ; പിന്നെ എങ്ങിനെയാണിറങ്ങുന്നതു്?

ലക്ഷ്മ:_സുമന്ത്ര, കുതിരകളെ ഒതുക്കിനിൎത്തുവാൻ നോക്കു.

സുമ:_ഞാൻ ശ്രമിച്ചാലും സംഗീതപ്രീതിയുള്ള കുതിരകൾ ഒതുങ്ങി നില്ക്കുന്നില്ല.

(5) ഹയങ്ങളിക്കാതിലണഞ്ഞിടുന്ന
ഹംസസ്വനത്താൽ പരികൃഷ്ടരായി
ഇവൻ പിടിക്കും കടിഞ്ഞാണിനൊന്നു_
മടങ്ങിടാതങ്ങു കുതിച്ചിടുന്നു.

ലക്ഷ്മ:_സുമന്ത്ര, എന്തെന്നില്ലാത്തവേഗം നിമിത്തം കണ്ടും കുഴിയും നോക്കാത്ത ഈ കുതിരകൾ തേരു് ഗംഗാനദിയിൽ കൊണ്ടുപോയി ചാടിച്ചേക്കും. മനസ്സിരുത്തി നോക്കു.

സുമ:_(കടിഞ്ഞാൺ വലിക്കുന്നതായി നടിക്കുന്നു) ഇതാ തേരു് നിന്നു. ദേവി ഇറങ്ങുക.

സീത:_(ഇറങ്ങി ചുററി നടക്കുന്നു)

ലക്ഷ്മ:_സുമന്ത്ര, വളരെ വഴി നടന്നു തളൎന്നവയാണു് ഈ കുതിരകൾ. അതുകൊണ്ടു് അവയെ വിശ്രമിപ്പിക്കു.

സുമ:_ദേവന്റെ കല്പനപോലെ. (തേരിൽ കേറി പോകുന്നു).

ലക്ഷ്മ:_(ചുററിനടന്നു ആത്മഗതം) ആൎയ്യൻ, അഥവാ സ്വാമി കല്പിച്ചിരിക്കുന്നു—"വത്സ ലക്ഷ്മണ, രാവണന്റെ വീട്ടിൽ പാൎക്കുക നിമിത്തം സീതാദേവിയുടെ ചാരിത്രത്തെക്കുറിച്ചു സംശയം ജനിച്ചിരിക്കുന്ന

പൌരന്മാർ പലതും പുലമ്പുന്നുണ്ട്. കേവലം സീത കാരണമായി ശരച്ചന്ദ്രനിമ്മലമായ ഇക്ഷ്വാകുകുലത്തിനു കളങ്കമുളവാക്കിത്തീക്കുവാൻ ഞാൻ ശക്തനല്ല. ഗഭിണികൾക്കു സുലഭമായ അഭിലാഷംമൂലം സീത ഗംഗാദശ്നനത്തിന്ന് അപേക്ഷിച്ചിരിക്കുന്നു. അതുകൊണ്ട് ഗംഗാദശ്നനത്തിനു പോകുകയാണെന്നു ഭാവിച്ച് സുമന്ത്രാധിഷ്ഠിതമായ രഥത്തിലേററി സീതയെ ഒരു വനപ്രദേശത്തു കൊണ്ടുപോയി വിട്ടു മടങ്ങിവരണം" എന്ന്. ഞാനോ സ്വജനവിശ്വാസംനിമിത്തം നിർവ്വിശങ്കയായ ദേവിയെ വീട്ടിലെ മാൻപേടയെ വധ്യഭൂമിയിലേക്കെന്നപോലെ കാട്ടിലേക്കിതാ കൊണ്ടുപോകുന്നു.

സീത:-വത്സലക്ഷ്മണ, ഗഭ്ഭാരത്താൽ ക്ഷീണിച്ചിരിക്കുന്ന എനിക്കു കാലു കടയുന്നു. അതുകൊണ്ട് മുമ്പിൽ പോയി ഭാഗീരഥിയിലേക്ക് ഇനി എത്ര ദൂരമുണ്ടെന്നു നോക്കിവരു.

ലക്ഷ്മ:-ഇതാ അടുത്തു തന്നെയാണ് ഭാഗീരഥി. വ്യസനിക്കേണ്ട. നമ്മളിതാ എത്തിപ്പോയല്ലോ. നോക്കു.

(6) അംഭോജകാനനമരന്ദമണം പുണന്നു-
മത്യന്തരമ്യ കളഹംസരവം വഹിച്ചും
ഗംഗാനിലൻ ജലകണങ്ങളുതിത്തുകൊണ്ടും
ത്വത്സേവനോത്സുകിതയാന്നതുപോൽവരുന്നു.

സീത:-(സ്പശം നടിക്കുന്നു) ഇപ്പോൾ അമ്മയുടെ കരസ്പശംപോലെ സുഖശീതളമായ ഭാഗീരഥീ തരംഗമാരുതന്റെ സ്പശത്താൽ തളച്ച്യയെന്നപോലെ പാപവും പരിക്ഷീണമായിരിക്കുന്നു. എന്നാലും ദോഹദകുതൂഹലം ഗംഗയിൽ അവഗാഹനം ചെയ്യുന്നതി

ന്ന് എന്നെ ഉത്സാഹിപ്പിക്കുന്നു. അതുകൊണ്ട് ഗംഗയിലേക്ക് ഇറങ്ങുവാനുള്ള വഴി കാണിക്കു.

ലക്ഷ്മ:-(ചൂണ്ടിക്കാട്ടി) ഇവിടെ ആരും കുറെക്കാലമായി ഇറങ്ങാത്തതുകൊണ്ട് വളരെ പ്രയാസമുണ്ട്. അതുകൊണ്ട് നല്ലവണ്ണം മടന്നൂന്നി-

(7) വലത്തുകൈ മുട്ടിലമർത്തി, വള്ളി-
യിടത്തുകൈകൊണ്ടു പിടിച്ചുകൊണ്ട്
ഞാൻവച്ചിട്ടുംകാലടി നോക്കിനോക്കി
യാര്യേ നടന്നീടുക മെല്ലെമെല്ലെ.

സീത:-(പറഞ്ഞതുപോലെ ഇറങ്ങിയിട്ട്) വത്സാ, എനിക്ക് വല്ലാത്ത ക്ഷീണം. ഈ മരത്തിന്റെ തണലിൽ ഇരുന്നു കുറച്ചു വിശ്രമിക്കട്ടെ.

ലക്ഷ്മ:-ദേവിയുടെ ഇഷ്ടംപോലെ.
(സീത ഇരുന്നു വിശ്രമിക്കുന്നതായി നടിക്കുന്നു).

ലക്ഷ്മ:-അഹോ, സുകൃതികൾക്ക് ഉപകരണങ്ങൾക്കു യാതൊരു ഹാനിയുമില്ല.

(8) തരംഗംവിച്ഛിന്ന ജലകണമെഴുംനല്ല കുളിർകാ-
റ്ററിതാ പാടുന്നുണ്ടിങ്ങതിമധുരമായ് ഹംസനിവഹം
പുണർന്നാളിക്കൊപ്പം തരുനിഴൽ സുഖിപ്പിച്ചു ഹൃദയം
പെരുംകാട്ടിൽപോലും സഖികളരികിൽചേർന്ന
വിധമായ്.

സീത:-കുമാരൻ പറഞ്ഞതു ശരിതന്നെ. സ്വജനങ്ങളുടെ ഇടയിൽ ഇരുന്നാലെന്നപോലെ എന്റെ മനസ്സിന് ഇവിടെ പ്രീതി തോന്നുന്നു.

ലക്ഷ്മ:-(ആത്മഗതം) ദേവി വിശ്രമിച്ചു സുഖമായിരിക്കുന്നു. അതുകൊണ്ടു 'പറഞ്ഞപ്രകാരം ചെയ്യുവാനുള്ള

അവസരമാണിതു്. (പ്രകാശം) (പെട്ടെന്നു കാൽക്കൽ വീണു്) എപ്പോഴും പ്രവാസദുഃഖമനുഭവിക്കുവാൻ പാത്രമായിത്തീൎന്ന, ലക്ഷണംകെട്ട, ലക്ഷ്മണനിതാ അറിയിക്കുന്നു—ഹൃദയത്തെ സ്ഥിരമാക്കി നിൎത്തു.

സീത:-(സംഭ്രമത്തോടെ) ആൎയ്യപുത്രനു കുശലം തന്നെയല്ലേ?

ലക്ഷ്മ:-(കാട്ടു ചൂണ്ടിക്കാണിച്ചു്) ഇങ്ങിനെയിരിക്കുമ്പോൾ ആൎയ്യന്നു് എങ്ങിനെയാണു് കുശലമുണ്ടാകുക?

സീത:-ആൎയ്യ കൈകേയി വീണ്ടും വനവാസത്തിനാജ്ഞാപിച്ചിട്ടുണ്ടോ?

ലക്ഷ്മ:-വനവാസത്തിനാജ്ഞാപിച്ചിട്ടുണ്ടു്; അമ്മയല്ല.

സീത:-പിന്നെയാരാണാജ്ഞാപിച്ചതു്?

ലക്ഷ്മ:-ആൎയ്യൻ തന്നെ

സീത:-എങ്ങിനെയാണാജ്ഞാപിച്ചതു്?

ലക്ഷ്മ:-(കണ്ണുനീരിനെ തടഞ്ഞുനിൎത്തുന്നതായി അഭിനയിച്ചു്)

(9) ആൎയ്യൻെറ യാജ്ഞയാണെന്നു
യത്നിച്ചോതാൻ കൊതിപ്പു ഞാൻ
എങ്കിലും വാക്കു ഹൃദയ-
ത്തിങ്കൽ ബന്ധിച്ചിടുന്നുമേ.

സീത:-എനിക്കു് വാനവാസംആജ്ഞാപിച്ചിരിക്കുന്നുവോ?

ലക്ഷ്മ:- അങ്ങേക്കു് മാത്രമല്ല, തനിക്കും.

സീത:-അതെങ്ങിനെ?

ലക്ഷ്മ:-അങ്ങയുടെ വിരഹത്തിൽ,

(10) സ്വകീയമെന്നോർത്തു സുഹൃത്സമൂഹം
സുഖംഭുജിച്ചാഹിതവഹ്നിയായി
മനോജ്ഞമാകും ഭവനത്തിൽവാസ-
മാൎയ്യന്നനൂനം വനവാസമായ്യേ.

സീത:-വത്സ, സ്പഷ്ടമായി പറയൂ. എങ്ങിനെ എൻെറ വനവാസം ആൎയ്യപുത്രൻെറ വനവാസമാകും?

ലക്ഷ്മ:-മന്ദഭാഗ്യനായ ഞാൻ മററെന്താണ് പറയേണ്ടതു?

(11) ചാരിത്രഗുണവാനാൎയ്യ-
നങ്ങയെക്കൈവെടിഞ്ഞുപോൽ
ഇക്കാട്ടിലങ്ങയേവിട്ടു
ഞാനും പോകേണ്ടതാണുപോൽ.

സീത:-ഹാതാത, കോസലാധിപ, അങ്ങ് ഇന്നാണ് മരിച്ചുപോയത്.

ലക്ഷ്മ:-(സംഭ്രമത്തോടെ) കഷ്ടം! കഷ്ടം! അശനിപാതംപോലെ അതിദാരുണമായ ഈ പരിത്യാഗവാൎത്ത കേട്ട് ദേവി മരണമടഞ്ഞുവെന്നു തോന്നുന്നു. (നോക്കിയിട്ട്) ഭാഗ്യംകൊണ്ട് ശ്വാസം ഇപ്പോഴുമുണ്ട്. വീണ്ടും സ്വബോധമുണ്ടാക്കിത്തീക്കുവാൻ എന്താണു മാൎഗ്ഗം? (വിഷാദം നടിക്കുന്നു) ആശ്ചൎയ്യമാശ്ചൎയ്യം.

(12) ഭാഗീരഥീശീകരശീതനായ
ബാലാനിലൻ മെല്ലെയണഞ്ഞമൂലം
മത്ഭാഗ്യശേഷാലിത മൂർച്ഛവിട്ടി-
ട്ടുണൎന്നിടുന്നു മിഥിലേന്ദ്രപുത്രി.

സീത:-വത്സലക്ഷ്മണ, നീ പോയോ?

ലക്ഷ്മ:-ആജ്ഞാപിക്കു; മന്ദഭാഗ്യനായ ഞാൻ ഇവിടെ നില്ക്കുന്നുണ്ട്.

സീത:-എന്തു കുററം പറഞ്ഞിട്ടാണ് എന്നെ ഉപേക്ഷിച്ചതു്?

ലക്ഷ്മ:-ദേവിയെപ്പററി എന്തു കുററം പറയാനാണ്.

സീത:-അഹോ, എൻെറ ഭാഗ്യഹീനത! ഒരു കുററവും കാണിക്കാതെ എന്നെ ശിക്ഷിച്ചുവെന്നോ? എന്നോട് എന്തെങ്കിലും പറയുവാൻ ഏല്പിച്ചിട്ടുണ്ടോ?

ലക്ഷ്മ:-ഉണ്ട്.

സീത:-പറയു, പറയു.

ലക്ഷ്മ:-വംശം സമാനമനുരൂപ, ഗുണങ്ങളേറം.

(13) സമ്പദ്വിപത്തുകളിലൊപ്പമിരുന്നനിത്യം
എല്ലാമെനിക്കറിയു,മിജ്ജനവാദമൊന്നേ
നിൻത്യാഗഹേതു തവദൂഷണമല്ല സീതേ
ഇതാണാര്യൻെറ സന്ദേശം.

സീത:-എന്ത്, ജനാപവാദമെന്നോ? എനിക്ക് വല്ല ദോഷവുമുണ്ടോ?

ലക്ഷ്മ:-ആര്യക്ക് എന്തു ദോഷമാണുള്ളതു്?

(14) മുനിമാർ ലോകപാലന്മാ-
രാര്യൻ ഞാനുമിരിക്കവെ
അഗ്നിയിൽ ശുദ്ധയായ് ദേവി
പക്ഷെ—

സീത:-(ലജ്ജ നടിക്കുന്നു) പറയു, പക്ഷെ—

ലക്ഷ്മ:-ലോകം നിരങ്കുശം.

സീത:-അഗ്നിശുദ്ധിയെപ്പററി പറഞ്ഞതുകൊണ്ട് ഓമ്മ വരുന്നു. രാവണഭവനവാത്ത വീണ്ടും ക്ലേശിപ്പിക്കുന്നു.

സീതയെപ്പററി ഇങ്ങിനെയുള്ള ശങ്കയുണ്ടാകുന്നു വല്ലോ. സ്ത്രീജന്മം ആക്കുമുണ്ടാകരുതേ. ഇങ്ങിനെ ഉപേക്ഷിച്ചു. അപ്പോഠം ഞാൻ പരിത്യക്തയായി, അല്ലേ? എന്നാൽ ആയ്യ്പുത്രനാൽ പരിത്യജിക്കപ്പെട്ട എൻെറ ആത്മാവിനെ ഞാനും പരിത്യജിച്ചാലോ? ഈ ഗഭം ആ നിദ്ദ്രയന്ന് സമാനംതന്നെ. ഇതിനെ നോക്കുവാൻവേണ്ടി ജീവിതം രക്ഷിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ അപവാദത്തിൻെറ മുള്ളുകഠം അവിടെയും ചെന്നു തറയ്ക്കും.

ലക്ഷ്മ:_ആവൂ. ആനുഗൃഹീതനായി (എഴുനേററു നമസ്കരിക്കുന്നു) ഇതുംകൂടി ആയ്യ്ൻ പറഞ്ഞയച്ചിരിക്കുന്നു.

സീത:_എന്തായിരിക്കും?

ലക്ഷ്മ:—

(15) "ഹേദേവിഹൃന്നിഹിതയെൻ ഗൃഹനാഥനീതാൻ
സ്വപ്നത്തിലെൻശയനമാന്നൊരു തോഴിയും നീ
ദാരാന്തരാഹരണനിസ്പൃഹ ചിത്തനാമെൻ
യാഗത്തിൽ നിൻപ്രതിമതാൻ മമധമ്മപത്നി."

സീത:_ഈ സന്ദേശംകൊണ്ടു് ആയ്യ്പുത്രൻ എൻെറ പരിത്യാഗദുഃഖത്തെ മുഴുവൻ ദൂരീകരിച്ചിരിക്കുന്നു. പരപുരുഷസക്തയായ ഭായ്യ്നിമിത്തം ഭത്താവിനുണ്ടാകുന്ന ദുഃഖത്തേക്കാളും എത്രയോ അധികം കടുത്ത ദുഃഖമാണു് പരസ്ത്രീസക്തനായ ഭത്താവുനിമിത്തം ഭായ്യ്ക്കുണ്ടാകുന്നതു്.

ലക്ഷ്മ:_എന്താണു് മറുപടി പറയേണ്ടതു്?

സീത:_ആരോടു്?

ലക്ഷ്മ:_ആയ്യ്നോടു്.

സീത:-ഇങ്ങിനെയെല്ലാമായിട്ടും മറുപടി! അമ്മമാരോട് പാദാഭിവന്ദനംചെയ്തു ഞാൻ പറഞ്ഞതായി ഇങ്ങിനെ പറയൂ—"ഇങ്ങിനെ അശരണയായി ദുഷ്ടജന്തുക്കൾ നിറഞ്ഞ കാട്ടിൽ പാക്കുന്ന എന്നെ മനസ്സുകൊണ്ട് അനുഗ്രഹിക്കേണമേ" എന്ന്.

ലക്ഷ്മ:-ഈ ആജ്ഞ ഞാൻ അംഗീകരിച്ചിരിക്കുന്നു. ആര്യനോട് ഒന്നും പറയാനില്ല!

സീത:-അത്ര നിഷ്ഠുരനായ ആൾക്ക് സന്ദേശമയക്കുന്നതു സീതയുടെ ധന്യതകൊണ്ടല്ല, ലക്ഷ്മണൻെറ വാക്കു വ്യർത്ഥമാകരുതെന്നു കരുതി മാത്രമാണ്. ഞാൻ പറഞ്ഞതായി ആ മനുഷ്യനോട് പറയൂ—"മന്ദഭാഗ്യയായ എന്നെപ്പററി അനുശോചിച്ചു വർണ്ണാശ്രമപാലനത്തിന് ഹാനി തട്ടി ആത്മപീഡക്കിടയാക്കരുത്. സ്വധർമ്മത്തിലും സ്വശരീരത്തിലും എപ്പോഴും മനസ്സിരുത്തേണമേ" എന്ന്. വത്സലക്ഷ്മണ, മഹാരാജാവിനെ കുററം പറയാമോ?

ലക്ഷ്മ:-ദേവിക്ക് ഇതും പാടില്ലെന്നോ?

സീത:-ഇതുംകൂടി അദ്ദേഹത്തിനോട് പറയൂ—"നിരപരാധയായ ഇവ്വുള്ളവളെ ഹൃദയത്തിൽനിന്ന് പെട്ടെന്ന് തള്ളിക്കളയുന്നതുതന്നെ യുക്തമല്ല; നാട്ടിൽനിന്നാട്ടിക്കളയുന്നതിനെപ്പററി പിന്നെ പറയാനുണ്ടോ?"

ലക്ഷ്മ:-പറയേണ്ടതുതന്നെയാണ് ആര്യൻ പറഞ്ഞത്.

(16) മനസ്സിൽനിന്നു തള്ളട്ടെ,
വീട്ടിൽനിന്നെന്തു തള്ളുവാൻ?
അതുമാകട്ടെ, യീനാട്ടിൽ
നിന്നാട്ടിക്കളയാവതോ?

സീത:-ഞാൻ പറഞ്ഞതായിട്ട ഇതുംകൂടി പറയണം— "തപോവനത്തിൽ വസിക്കുന്ന സീത ശിരസ്സിൽ അഞ്ജലി ബന്ധിച്ചുകൊണ്ട് ഇതൊന്നപേക്ഷിക്കുന്നു—'ഒരു ഗുണവുമില്ലാത്തവളെങ്കിൽ, വളരെക്കാലത്തെ പരിചയമുള്ളവളെന്നോ, അനാഥയെന്നോ, കേവലം സീതയെന്നോ ഒരു സ്മരണ അങ്ങയ്ക്കുണ്ടാകേണമേ' എന്ന്."

ലക്ഷ്മ—

(17) സന്ദേശമിതു കേട്ടിട്ട
പുണ്ണിൽ കൊള്ളിതറച്ചപോൽ
അസഹ്യശോകശതാൻ
മൂകമായ്തനസംശയം.

സീത:-ഈ വിശാലമായ ലോകത്തിൽ എത്രയോ ജനങ്ങളുണ്ട്. എന്നാൽ ദുഃഖത്തിൽ ആശ്വസിപ്പിക്കുന്നതിന്നും ശുശ്രൂഷിക്കുന്നതിന്നും ആരുമില്ല. ഇപ്പോൾ ഞാനുംകൂടി ഇല്ലാത്തതുകൊണ്ട നീ ഒററയ്ക്ക് ജ്യേഷ്ഠനെ വേണ്ടതുപോലെ നോക്കണം. നീ ജ്യേഷ്ഠൻെറ ദേഹസുഖത്തിൽ പ്രത്യേകം മനസ്സിരുത്തണം.

ലക്ഷ്മ:-ഇത് മഹാനുഭാവതയ്ക്കനുരൂപംതന്നെ.

സീത:-വത്സലക്ഷ്മണ, എൻെറ വാക്കിനനുസരിച്ച് രഘുവംശരാജധാനിയായ അയോദ്ധ്യയെ നമസ്കരിക്കണം; മഹാരാജാവിൻെറ പ്രതിമയെ സേവിക്കണം; അമ്മമാരുടെ ആജ്ഞകളെ സാധിപ്പിക്കണം; പ്രിയംവദകളായ എൻെറ പ്രിയ സഖികളെ സമാശ്വസിപ്പിക്കണം. മന്ദഭാഗ്യയായ എന്നെ എന്നും സ്മരിക്കണം.

(എന്നു കരയുന്നു)

ലക്ഷ്മ:-(ഉദ്വേഗത്തോടുകൂടി)

(18) കാട്ടിൽ സ്വയം ദേവിയെവിട്ടുപോവാൻ.
അദ്ദേവികേഴുന്നതു കേട്ടു നില്പാൻ
സുഖേന പോരിൽ ഹതനാമെനിയ്ക്കു-
ക്കപീന്ദ്രനന്നിങ്ങയിരേകി വൈരി.

(നോക്കിയിട്ട്)

(19) ശഷ്പം വെടിഞ്ഞു കരയുന്നു മൃഗങ്ങൾദീനം
അല്ലേതരാത്തിയരയന്നനിരയ്ക്കുമൊപ്പം
നൃത്തം വെടിഞ്ഞുമയിൽ ദേവിയെയിങ്ങുകണ്ടു,
തിയ്യക്കുതന്നെ വരമീനരരല്പന്യൂനം.

സീത:-വത്സലക്ഷ്മണ, സൂയ്യനസ്തമിക്കാറായി. അടുത്തൊന്നും മനുഷ്യസഞ്ചാരമില്ല. പക്ഷികൾ പറന്നുപോകുന്നു. ദുഷ്ടജന്തുക്കൾ അങ്ങുമിങ്ങും പായുന്നു. പോയ്ക്കൊൾക. ഇനി താമസിക്കുന്നത് ശരിയല്ല.

ലക്ഷ്മ:-(കൈക്കൂപ്പി) ലക്ഷ്മണൻെറ അന്തിമമായ ഈ പ്രണാമാഞ്ജലി അവധാനപൂവ്വം സ്വീകരിച്ചാലും.

സീത:-ഞാൻ എപ്പോഴും അവഹിതയായിത്തന്നെ ഇരിക്കുന്നു.

ലക്ഷ്മ:-ദേവിയോടപേക്ഷിക്കട്ടെ.

(20) ആര്യൻ, മിത്രം, ബാന്ധവന്മാരിതെല്ലാ-
മോത്താത്ത്യാ തൻജീവനെക്കൈവിടൊല്ലേ.
ഗർഭേവാഴും സൂയ്യവംശാങ്കുരത്തെ
കഷ്ടപ്പെട്ടും ദേവി രക്ഷിച്ചിടേണം.

സീത:-ലക്ഷ്മണൻെറ വാക്കിന് ഒരിക്കലും തടവില്ലല്ലോ.

ലക്ഷ്മ: മറെറാരപേക്ഷകൂടി.

സീത:—അതെന്താണ്?

ലക്ഷ്മ:—

(21) ജ്യേഷ്ഠൻ കല്പിക്കമൂലം ഞാ–
നാളില്ലാക്കാട്ടിലങ്ങയെ
കൊണ്ടുവന്നു വെടിഞ്ഞേത, നെൻ
തെററൊന്നിതു പൊറുക്കണേ.

സീത:—(സംഭ്രമത്തോടുകൂടി) നീ ജ്യേഷ്ഠൻെറ വാക്കുകേട്ടു നടക്കുന്നുവെന്നു സന്തോഷിക്കേണ്ട കാലത്തു് എന്താണ് തെററു ശങ്കിക്കുന്നതു്?

ലക്ഷ്മ:—(പ്രദക്ഷിണംവെച്ചു നമസ്കരിച്ചു ചുററിനടക്കുന്നു.)

സീത:—(കരയുന്നു).

ലക്ഷ്മ:—(നാലുപാടും നോക്കി) അല്ലയോ ലോകപാലന്മാരേ കേട്ടാലും.

(22) വിക്രാന്തനാം ദശരഥന്നിവൾ പുത്രഭാര്യ

സീത:—അത്യന്തം ശ്ലാഘ്യങ്ങളായ അക്ഷരങ്ങൾ കേൾക്കുന്നു.

ലക്ഷ്മ:—രാമാഖ്യപൂണ്ട ഹരിതന്നുടെ ധർമ്മപത്നി

സീത:—എനിക്ക് എങ്ങിനെയാണ് അത്തരം ഭാഗ്യമുണ്ടാകുക?

ലക്ഷ്മ:—കാന്തൻ വെടിഞ്ഞു–

സീത:—(ഞെട്ടി പൊത്തുന്നു)

ലക്ഷ്മ:—

ജനശൂന്യമഹാവനത്തിൽ
ഒററയ്ക്കു വാഴുമിവളെപ്പരിരക്ഷചെയ്യിൻ.

സീത: (തൻെറ ഗർഭത്തെ ചൂണ്ടിക്കാണിക്കുന്നു).

ലക്ഷ്മ:—ആര്യ്യക്കുവേണ്ടി ഭവതിയോടും ഇങ്ങിനെ പ്രാർത്ഥിക്കട്ടെ—

(23) വീശേണമേ കമലഗന്ധിതരംഗപാത-
പോതങ്ങൾകൊണ്ടു വളരെത്തളരുന്നനേരം
സ്നാനത്തിനായ്ക്കു നദിതന്നിലിറങ്ങിടുമ്പോൾ
ഗംഗേചുരുക്കിടുകതെല്ലിട വാരിവേഗം.

(24) ഇക്കാട്ടിൽവാഴമൃഷിമാരൊടുണർത്തിടുന്നേൻ
തൃക്കാൽക്കൽവീണിവനൊരത്ഥനയുള്ളതിപ്പോൾ
സ്ത്രീ,നാഥനററവ,ളുപേക്ഷിത, സൽകുലീന-
യേവംനിനച്ചിവളിലിങ്ങനുകമ്പവേണം.

(25) കേൾക്കേണമേ തൊഴുതുഞാനറിയിച്ചിടുന്ന
വാക്കൊന്നിതിങ്ങു വനദേവതമാരിദാനീം
ഓക്കാതിരിക്കെ, വിഷമത്തി,ലുറങ്ങിടുമ്പോൾ
കാക്കേണമേ സതതമായ്ക്കുയെനിങ്ങളെന്നും.

(26) രേരേ ഹിംസ്രമൃഗവ്രാതമേ നിങ്ങളെല്ലാം
ദൂരെപ്പോവിൻ കൈവെടിഞ്ഞിപ്രദേശം
ഏണീവൃന്ദം ദേവിതൻ തോഴിമാരായ്
വാണീടേണം കാണിയും കൈവിടാതെ.

(27) സഖ്യംചേരും ചെറുനദികളേ, കേൾക്കളികപാലരേ, എൻ-
ജ്യേഷ്ഠന്മാരാം കലഗിരികളേ, അംബികേ ദേവിഗംഗേ,
വീണ്ടുംവീണ്ടും സവിനയ മുണൎത്തുന്നിതാ ലക്ഷ്മണൻഞാൻ
രക്ഷിക്കേണം നൃപതിസുതയേ, ഞാനിതാ പോകയായി.

(നമസ്കരിച്ചു പോകുന്നു)

സീത:-ഹാ ഏകാകിനിയായ എന്നെ ഉപേക്ഷിച്ച് ലക്ഷ്മണൻ പോയ്ക്കളഞ്ഞുവെന്നോ? (നോക്കിയിട്ട്) കഷ്ടം കഷ്ടം! സൂര്യനസ്തമിച്ചു. ലക്ഷ്മണൻെറ ശബ്ദംപോലും കേരക്കുന്നില്ല. മാനുകളും പാർപ്പിടത്തിലേക്കു പോകുന്നു. പക്ഷികരം തങ്ങളുടെ കൂട്ടിലേക്കു പറന്നുപോകുന്നു. ദുഷ്ടജന്തുക്കരം അങ്ങുമിങ്ങും സഞ്ചരിക്കുന്നു. ഇരുട്ടുകൊണ്ടു കണ്ണു മൂടിപ്പോകുന്നു. മനുഷ്യരില്ലാത്ത മഹാവനം! മന്ദഭാഗ്യയായ ഞാൻ എന്തുചെയ്യും? കാട്ടിലൊററയ്ക്കു നടക്കുന്നതെങ്ങിനെ? ഇങ്ങിനെയുള്ള ഭർത്തൃവിരഹമനുഭവിക്കുവാൻ ഞാൻ എന്തു പാപമാണ് ചെയ്തതു്? ലക്ഷ്മണൻ ഏല്പിച്ച വനദേവതമാരെവിടെ? ഇക്ഷ്വാകുകുലഗുരുഭൂതന്മാരായ, വസിഷ്ഠൻ വാല്മീകി മുതലായ, മഹാപ്രഭാവന്മാരായ മഹർഷിമാരും എന്നെ വെടിഞ്ഞുവോ?

(എന്നു മോഹാലസ്യപ്പെട്ടു വീഴുന്നു)

(അനന്തരം വാല്മീകി പ്രവേശിക്കുന്നു.)

വാല്മീകി:-(സംഭ്രമത്തോടുകൂടി)

(28) സന്ധ്യാഭിഷേകമതിനായിഹ ഗംഗതന്നിൽ
പോയ്‌വന്നതാപസകുമാരകരോതിയിപ്പോരം
ഒററയ്ക്കുകാട്ടിലൊരു ഗർഭിണിയുണ്ടുകേഴു-
ന്നുറേറാരെഴാതെ,യതുകേട്ടുടനിങ്ങുപോന്നേൻ.
അതുകൊണ്ടു് അവളെ അന്വേഷിക്കതന്നെ.

(അന്വേഷിക്കുന്നതായി നടിക്കുന്നു.)

സീത:-(മൂർഛവിട്ടു്) ആരാണ് എന്നെ നോക്കുന്നതു്? (ആലോചിച്ചിട്ടു്) ആരുമില്ല; ലക്ഷ്മണൻ കല്പിച്ചത

നുസരിച്ച് ഭഗവതി ഭാഗീരഥി ഓളങ്ങളെക്കൊണ്ട് എന്നെ അനുഗ്രഹിക്കുകയാണ്.

വാല്മീ:- കൂരിരുട്ടുകൊണ്ട് ഒന്നും കാണുന്നില്ല. അതുകൊണ്ട് ശബ്ദം പുറപ്പെടുവിച്ചു നോക്കട്ടെ. ഇതാ ഞാനുണ്ടിവിടെ.

സീത:-(സന്തോഷത്തോടുകൂടി) വത്സ ലക്ഷ്മണ, നീ മടങ്ങി വന്നുവോ?

വാല്മീ:- ഞാൻ ലക്ഷ്മണനല്ല.

സീത:-(മുഖംമറച്ച്) അത്യാഹിതം. മറെറതോ പരപുരുഷനാണ്. എങ്ങിനെയാണിപ്പോൾ വലിയ അനത്ഥത്തെ വാരണം ചെയ്യുക? (ആലോചിച്ച്) ഇങ്ങിനെയാകട്ടെ. ഞാനൊരു സ്ത്രീയാണ്. സഹായത്തിനാരുമില്ല.

വാല്മീ:- ഞാനിതാ ഇവിടെത്തന്നെ നിൽക്കുന്നുണ്ട്. വത്സേ, നിനക്കു പരപുരുഷശങ്ക വേണ്ട. വൈകുന്നേരം കുളിക്കുവാൻ ഗംഗയിൽ പോയി മടങ്ങിവന്ന മുനികുമാരകന്മാർ പറഞ്ഞു് വിവരമറിഞ്ഞു് നിന്നെ രക്ഷിക്കുവാൻ വന്ന തപോധനനാണ് ഞാൻ. ഞാൻ അത്ര ഭവതിയോടു ചോദിക്കട്ടെ-

(29) പോരിൽ വൈരികളേവെന്നു,
പാരീരാമൻ ഭരിക്കവേ.
പറയൂ പറയൂ വത്സേ
വിപത്തെങ്ങിനെ വന്നതേ.

സീത:- ആ പൂണ്ണചന്ദ്രനിൽനിന്നു തന്നെയാണ് എനിക്കീയശനിപാതമുണ്ടായത്.

വാല്മീ:- എന്തും രാമനിൽനിന്നാണോ ആപത്തു് വന്നുചേന്നതു്?

സീത:_അതെ.

വാല്മീ:-വൎണ്ണാശ്രമവ്യവസ്ഥ സ്വരൂപം കൈക്കൊണ്ടതു പോലെയിരിക്കുന്ന മഹാരാജാവു് നിന്നെ നാട്ടിൽ നിന്നാട്ടിക്കളഞ്ഞതാണെങ്കിൽ നിനക്കു് മംഗളം ഭവിക്കട്ടെ. ഞാൻ പോകുന്നു. (പുറററിനടക്കുന്നു)

സീത:-ഞാൻ അറിയിക്കട്ടെ—

വാല്മീ:_പറയൂ.

സീത:_രഘുപുംഗവൻ നാട്ടിൽനിന്നാട്ടിക്കളഞ്ഞവളാണെന്നു കരുതി അങ്ങെക്കു് എന്നിൽ അനുകമ്പയില്ലെങ്കിൽ ഈ ഗൎഭത്തിലിരിക്കുന്ന രഘുസഗരദിലീപദശരഥപ്രഭൃതികളുടെ കുലസന്തതിയെ രക്ഷിക്കേണമേ.

വാല്മീ:_(തിരിഞ്ഞുനിന്നു്) ഇക്ഷ്വാകുവംശത്തെപ്പററി പറയുന്നുവല്ലോ. ചോദിക്കട്ടെ. വത്സേ, നീ ദശരഥൻെറ വധുവാണോ?

സീത:_ഭഗവാൻ പറഞ്ഞതുപോലെതന്നെ.

വാല്മീ:-വിദേഹരാജാവായ ജനകൻെറ മകളുമാണോ?

സീത:_അതെ.

വാല്മീ:-സീതയാണോ?

സീത:_സീതയല്ല, ഭഗവാനേ, ഭാഗ്യംകെട്ടവൾ.

വാല്മീ:-ഹാ കഷ്ടം! ഞാനാണു് ഭാഗ്യംകെട്ടവൻ. അത്രഭവതിയെ മണിമാളികയിൽനിന്നും താഴത്തിറക്കിപ്പുറഞ്ഞയക്കുവാൻ എന്താണു് കാരണം?

സീത:_(ലജ്ജനടിക്കുന്നു.)

വാല്മീ:_ലജ്ജിക്കുന്നുവോ? ആട്ടെ, യോഗദൃഷ്ടികൊണ്ടു് ഞാൻ കണ്ടുകൊള്ളാം.

(ധ്യാനിക്കുന്നതായി നടിക്കുന്നു) വത്സേ, ജനാപവാദഭയത്താൽ രാമൻ നിന്നെ ഉപേക്ഷിച്ചു; മനസ്സാലെയല്ല. നിരപരാധയായ നിന്നെ എനിക്കുപേക്ഷിക്കുവാൻ പാടില്ല. വരൂ. ആശ്രമത്തിലേക്കു പോകാം.

സീത:_അങ്ങാരാണ്?

വാല്മീ:_കേൾക്കു.

(30) ഞാനാവിദേഹനൃപനിഷ്ടസുഹൃത്തുപണ്ടേ
ബാല്യത്തിലേ ദശരഥന്നിവനുററമിത്രം
വാല്മീകിയാണു, കളകന്യജനാഭിശങ്ക,
മററാരുമല്ല, തവഞാൻശ്വശുരൻപിതാവും.

സീത:_ഭഗവാനേ, ഞാൻ വന്ദിക്കുന്നു.

വാല്മീ: വീരപ്രസവയായിഭവിച്ചാലും! ഭർത്താവിൻെറ പുനർദ്ദർശനം ലഭിച്ചാലും!

സീത:_അങ്ങു ലോകൾക്കു വാല്മീകിയാണ്. എനിക്കാകട്ടെ അച്ഛൻതന്നെയാണ്. അതുകൊണ്ട് ആശ്രമത്തിലേക്കു പോകുക.

(ഗംഗയെനോക്കി അഞ്ജലി ബന്ധിച്ച്) ഭഗവതി ഭാഗീരഥി! ഞാൻ സുഖമായി പ്രസവിച്ചാൽ അങ്ങെക്ക് എല്ലാദിവസവും നല്ല വിശേഷപ്പെട്ട മുല്ലമാല വഴിപാടുകഴിക്കാം.

വാല്മീ:_ഈ വഴി നടക്കുവാൻ വളരെ വിഷമമുള്ളതാണ്, വിശേഷിച്ചും നിനക്ക്; അതുകൊണ്ടു ഞാൻ കാട്ടിത്തരുന്ന വഴിയിൽക്കൂടി വരണം.

(31) മുള്ളുപോലെയതിതീക്ഷ്ണദർഭയിതുമുന്നി,_
ലിങ്ങുചരണംസുതേ

മെല്ലെവെക്കുക, ചരിഞ്ഞതുകൊമ്പിതു,
കുനിഞ്ഞുപോരികപതുക്കെനീ
ഉണ്ടുകണ്ടിവിടെയൊന്നിടത്തുവലുതായ്,
വലത്തിതൊരുകുററിമേൽ
കൊണ്ടിടേണ്ട, സമഭൂമിയായ്, കഴുകു
കാൽകളിങ്ങരിയപൊയ്കയിൽ.

സീത:-(പറഞ്ഞതുപോലെ നടക്കുന്നു.)
വാല്മീ:-(നിർദ്ദേശിച്ച്.)

(32) ഇക്ഷ്വാകുവംശ്യന്മാക്കെല്ലാം
കർമ്മംപുംസവനാദികം
ചെയ്യിക്കപതിവീഞ്ഞാൻതാൻ
ഗർഭത്തേപ്പററിമാഴ്കൊലാ.

(33) കൌസല്യാപാദശുശ്രൂഷാ
സൌഖ്യംവൃദ്ധകളാൽവരും
തോഴിമാരുംനിനക്കിങ്ങു
നോക്കുകീമുനികന്യമാർ.

(എല്ലാവരും പോകുന്നു.)
ഒന്നാമങ്കം കഴിഞ്ഞു.

---

## രണ്ടാമങ്കം

(അനന്തരം രണ്ടു മുനി കന്യകമാർ പ്രവേശിക്കുന്നു.)

ഒന്നാമത്തേവൾ:-വേദവതി, ഭാഗ്യം. നിൻെറ പ്രിയസഖിയായ സീതക്കു രാമനെപ്പോലെ ശ്യാമളനിറം പൂണ്ട രണ്ടു പുത്രന്മാർ ജനിച്ചിരിക്കുന്നു.

വേദവതി:-സന്തോഷം. എന്താണവൎക്കു പേരിട്ടതു്?

ഒന്നാ:-ഭഗവാൻ ജ്യേഷ്ഠന് കുശനെന്നും അനുജനു ലവനെന്നും പേരിട്ടിരിക്കുന്നു.

വേദവ:-കുട്ടികൾക്ക് നടക്കാറായോ?

ഒന്നാ:-നടക്കാറായോ എന്നോ?

(1) ഓടുന്ന മാനുകളോടൊ-
ത്തതികുതുകാൽ സിംഹശാബകർപോൽ
പ്രിയദർശനരവരനിശം
കവരുന്നൂ താപസീഹൃദയം.

മുനിജനങ്ങളുടെ മടിയിൽ മാറി മാറിയിരിക്കുന്നു. ഇപ്പോൾ വാല്മീകി വിരചിതമായ രാമായണം പഠിക്കുകയാണ്.

വേദ:-ഈ വർത്തമാനം കേട്ടിട്ട സീത ഇതിനുതക്കപുണ്യം ചെയ്തിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

ഒന്നാ:-ഇതിനെ സംഭൃതമാക്കണം. നൈമിശത്തിലെ വൃത്താന്തമെന്താണ്?

വേദ:-മഹാരാജാവിൻെറ യാഗത്തിനുള്ള ഒരുക്കങ്ങളെല്ലാം സംഭരിച്ചിരിക്കുന്നു. അകത്തുള്ളാളുകളോടുകൂടി വന്നു ചേരുന്നതിന്നു താപസന്മാരെ ക്ഷണിച്ചിരിക്കുന്നു.

ഒന്നാ:-ഭഗവാൻ വാല്മീകിയെ ക്ഷണിച്ചിട്ടുണ്ടോ?

വേദ:-രാമദൂതൻ വാല്മീകിയുടെ തപോവനത്തിലും വന്നിരുന്നുവെന്നു കേട്ടു. സീതയെ ഇപ്പോൾ എവിടെപ്പോയാലാണ് കാണുക?

ഒന്നാ:-ഇവിടെ ഈ സാലവൃക്ഷച്ഛായയിൽതന്നെ ഇരിക്കുന്നുണ്ട്. ഞാൻ കാട്ടിത്തരാം.

(എന്നു പോകുന്നു)

## പ്രവേശകം.

(അനന്തരം ചിന്താമഗ്നയായി നിലത്തിരുന്നുകൊണ്ടു സീത പ്രവേശിക്കുന്നു).

സീത:-(നിശ്വസിച്ചിട്ട്) അഹോ, പ്രകൃത്യാ നിഷ്ഠുരഭാവമായ പുരുഷഹൃദയങ്ങളുടെ അവിശ്വസനീയത! സ്തംഭങ്ങളിൽ കൊത്തിവെക്കത്തക്ക, മഹനീയസ്നേഹശാലികളായ ദമ്പതികളുടെ കഥ പറയുമ്പോൾ സ്വർഗ്ഗത്തിൽ പാർവ്വതീപരമേശ്വരന്മാരുടേയും ഭൂമിയിൽ സീതാരാമന്മാരുടേയും ചരിത്രം വിശ്രുതമായിത്തീൎന്നു. അങ്ങിനെ അതിപ്രസിദ്ധി സിദ്ധിച്ചതിന്നുശേഷം നിരപരാധയായ എനിക്കു ഈ ഗതിയും എന്നെന്നേക്കുമായി അനുഭവിക്കുവാനിടയായി. ഞാൻ എങ്ങിനെ ആൎയ്യപുത്രനെ നിന്ദിക്കും? പണ്ട് ആൎയ്യപുത്രൻ ഇങ്ങിനെ............ഇപ്പോൾ അനേകംയോജന ദൂരത്തിരിക്കുമ്പോൾ.... .......ഒരു കാരണവും കൂടാതെ...........എനിക്കു ദുഃഖം പരിപൂൎണ്ണമായി. അദ്ദേഹമൊരുമിച്ചു പൂന്തിങ്കൾ ഉദിച്ചുയരുന്നതുകണ്ടു, കുയിലുകൾ പഞ്ചമസ്വരത്തിൽ പാടുന്നതു കേട്ടു, മലയാനിലൻെറ സുഖസ്പൎശം അനുഭവിച്ചു. ഇപ്പോൾ ഇതാ ഞാൻ അതെല്ലാം ഏകാകിനിയായി കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. എന്നെപ്പോലെയുള്ളസ്ത്രീകൾ പ്രാണൻവെടിയുക എന്നതു ശരിയല്ല. പണ്ടു ഞാൻ ഭൎത്താവിൻെറ പ്രേമം നിമിത്തം മിഥിലാപുരിയിലെ സകലജനങ്ങൾക്കും പ്രാൎത്ഥനീയയായിരുന്നു. എന്നിട്ട് ഇന്ന് ഈ അവസ്ഥയിൽപെട്ടു ശോചനീയയായിപ്പോയല്ലോ എന്നോൎത്തിട്ടുള്ള ലജ്ജയാണ് പരിത്യാഗദുഃഖത്തെ

ക്കാളധികം എന്നെ ബാധിക്കുന്നത്. ഇപ്പോരം കുട്ടികരം പിറന്നു. അവരെ വളത്തിക്കൊണ്ടുവരി കയും ചെയ്യു. ഭഗവാൻ വാല്മീകിക്കു എന്നിൽ ആദരവുമുണ്ട്. തപോവനവാസത്തിനു വിരുദ്ധമായ ദീർഘനിശ്വാസംകൊണ്ടു കാലം കഴിച്ചുകൂട്ടുന്നതു ശരിയല്ല. എൻെറ പ്രിയസഖിയായ വേദവതിയെ വിവരമറിയിച്ചതുമില്ല, ക്ഷണിച്ചതുമില്ല; ഇതുതന്നെയാണ് മരണവ്യവസായത്തിനു പ്രതിബന്ധം.

(അനന്തരം വേദവതി പ്രവേശിക്കുന്നു.)

വേ:_തപോധനവന്ദനവും അതിഥിജനയോഗ്യമായ കമ്മങ്ങളും കഴിഞ്ഞു. അതുകൊണ്ട് സാലവൃക്ഷച്ഛായയിൽപോയി പ്രിയസഖിയെ കാണട്ടെ. (ചുററി നടന്നു നോക്കി). ഈ വിദേഹരാജതനയ നിദാഘമാസലതപോലെ വിളത്തുമെലിഞ്ഞു കാണുന്നവരുടെ മനസ്സിനെക്കൂടി ഖേദമുളവാകുമാറ് ഈ സാലമൂലത്തെ അലങ്കരിക്കുന്നു. അടുത്തുചെല്ലുകതന്നെ. (അടുത്തുചെന്നിട്ട്) ചിന്താപാരവശ്യംകൊണ്ടു തല താഴ്ത്തി, നീണ്ട കുറുനിരകരംകൊണ്ടു കണ്ണുമൂടി, ദീനദൃഷ്ടിയായി സഖിയിതാ ഇവിടെ ഇരിക്കുന്നു. വിളിച്ചു നോക്കട്ടെ. സഖി വൈദേഹി (എന്നു വിളിക്കുന്നു.)

സീത:_(സീത സംഭ്രമത്തോടുകൂടി നോക്കിയിട്ട്) എനിക്കു പ്രിയം. വളരെ പ്രിയം. പ്രിയസഖി വേദവതിയല്ലേ വന്നിരിക്കുന്നത്? പ്രിയസഖിക്കു സ്വാഗതം.

(ആലിംഗനംചെയ്തു ഇരുത്തുന്നു.)

വേദ:_കുശലവന്മാക്കു കുശലമല്ലേ?

സീത:_ വനവാസികളെപ്പോലെത്തന്നെ.

വേദ:_നിങ്ങളുടെ വർത്തമാനമെന്താണ്?

സീത:_(ജടപിടിച്ച തലമുടി ചൂണ്ടിക്കാട്ടി) ഇത് എങ്ങിനെ?

വേദ:_(ആത്മഗതം) മന്ദഭാഗ്യയായ ഇവരം അതിമാത്രം സന്തപിക്കുന്നു. (പ്രകാശം) അറിവില്ലാത്തവളേ! ഇങ്ങോട്ട് താല്പര്യമില്ലാത്ത നിർദ്ദയനെ ചൊല്ലി നീ ഇങ്ങിനെ കറുത്തപക്ഷത്തിലെ ചന്ദ്രക്കലപോലെ നാരംതോറും മെലിഞ്ഞുപോകുന്നതെന്തിനാണ്?

സീത:_അദ്ദേഹം എങ്ങിനെ നിർദ്ദയനായി?

വേദ:_ഉപേക്ഷിച്ചില്ലേ?

സീത:_എന്നെ ഉപേക്ഷിച്ചുവോ?

വേദ:_(ചിരിച്ചുകൊണ്ട് തലമുടി തലോടുന്നു.) ഇങ്ങിനെ ആളുകരം പറയുന്നു. സത്യമായിട്ടും ഉപേക്ഷിച്ചുവെന്ന്.

സീത:_ശരീരംകൊണ്ടേ ഉപേക്ഷിച്ചുള്ളൂ, മനസ്സുകൊണ്ടില്ല.

വേദ:_മററുള്ളവരുടെ മനസ്സു നിനക്കറിയാമോ?

സീത:_അദ്ദേഹത്തിൻെറ മനസ്സു സീതക്കു പരകീയമാകുമോ?

വേദ:_അഹോ, വിട്ടുപോകാത്തൊരനുരാഗം!

സീത:_അദ്ദേഹം എന്നിലുള്ള അനുരാഗം വെടിയുന്നതെങ്ങിനെ? ഭാഗ്യംകെട്ട എനിക്കുവേണ്ടി അദ്ദേഹം സേതുബന്ധനം മുതലായ മഹാപരിശ്രമങ്ങരം ചെയ്തതു സുപ്രസിദ്ധമല്ലേ?

വേദ:_തന്നെത്താൻ വാഴ്ത്തി! ക്ഷത്രിയന്മാർക്കു ഇതു പതിവുള്ളതുതന്നെയാണ്. രാവണൻെറ പേരിലുള്ള

രോഷമാണ് സീതയുടെ പേരിലുള്ള രാഗമല്ല രാമനെക്കൊണ്ട് അങ്ങിനെ ചെയ്യിച്ചത്.

സീത:_മററൊരു സംഗതി നീ കാണുന്നില്ലേ?

വേദ:_എന്താണത്?

സീത:_ഇതുതന്നെ.

വേദ:_ഏതു്?

സീത:_(ലജ്ജയോടുകൂടി) സപത്നീജനങ്ങളുടെ നിശ്വാസവായു കലുഷമാക്കാത്ത രാമവക്ഷസ്സിൽ വളരെക്കാലം എനിക്കു മാന്യസ്ഥാനം ലഭിച്ചിരുന്നുവെന്നതു്.

വേദ:_സഖി, അധികം അഭിമാനിക്കേണ്ട. രാമൻെറ യാഗദീക്ഷാസമയം സമാസന്നമായിരിക്കുന്നു.

സീത:_അതുകൊണ്ടെന്താണ്?

വേദ:_അതിന്ന് ഉടനെ അദ്ദേഹം പാണിഗ്രഹണം ചെയ്യുന്നതായിരിക്കും.

സീത:_എനിക്കു് ആൎയ്യപുത്രൻെറ ഹൃദയത്തിലാണ് സ്ഥാനം, പാണിയിലല്ല.

വേദ:_(ആത്മഗതം) അഹോ! ഇവളുടെ ദൃഢാനുരാഗത! (പ്രകാശം) സഖി, പുത്രമുഖദൎശനംകൊണ്ടും നിൻെറ പ്രവാസദുഃഖം ശമിച്ചില്ലേ?

സീത:_ശോകപരിഹാരംകൊണ്ടും ശോകം വൎദ്ധിക്കുന്നു.

വേദ:_അതെങ്ങിനെ?

സീത:_കുട്ടികരം രണ്ടുപേരും അങ്കുരിച്ചുവരുന്ന പല്ലുകറം അല്പാല്പം വെളിക്കുകാട്ടി എൻെറ മുഖത്തുനോക്കി പുഞ്ചിരിയിടുമ്പോറം, അത്യന്തകോമളമായ രീതിയിൽ ഓരോന്നു പതുക്കെ പറഞ്ഞുതുടങ്ങുമ്പോറം ഞാൻ അവരുടെ ആ മനോഹാരിതയിൽ മുഴുകിപ്പോയിരുന്നു. ഇപ്പോഴാകട്ടെ, കാലംകൊണ്ട് അവർ

വളൎന്നു കുട്ടിക്കളിവിട്ടു മുതിൎന്ന പ്രായമായിരിക്കയാൽ എനിക്കു് അധികതരമായ ആധിയായിരിക്കുന്നു.

വേദ:–അഹോ, അദ്ദേഹത്തിൻെറ അതിരററ നൃശംസത യെപ്പററി എന്തു പറയട്ടെ. ചെറിയ കുട്ടികളുമായി സീത ഈ നിലയിൽ കഷ്ടപ്പെട്ടുപോകുവാനിടയായല്ലോ.

സീത:–സഖി വേദവതി, എനിക്കു്…………………

വേദ:–എന്തിനു ലജ്ജിക്കുന്നു? ആൎയ്യപുത്രനെക്കാണുവാൻ സംഗതി വരുമോ എന്നല്ലേ?

സീത:–(ആത്മഗതം) എന്തിനു ലജ്ജിക്കുന്നു? ഇങ്ങിനെ പറയാം. (പ്രകാശം) കുശലവന്മാരുടെ അച്ഛൻെറ ദൎശനംകൊണ്ടു് ജന്മസാഫല്യം കൈവരുമോ?

വേദ:–നിങ്ങൾക്കു രാജദൎശനം അടുത്തിരിക്കുന്നുവല്ലോ.

സീത:–അതെങ്ങിനെ?

(അണിയറയിൽ ഋഷി)

ഹേ ആശ്രമവാസികളേ! നിങ്ങൾ കേൾക്കുവിൻ, ഇവിടെനിന്നും അധികം അകലെയല്ലാത്ത ഒരിടത്തു് അശ്വമേധമെന്ന മഹായാഗം നടക്കുന്നു. യാഗത്തിനു വേണ്ട ഉപകരണങ്ങളെല്ലാം സംഭൃതമായിരിക്കുന്നു. നാനാ ദേശത്തുനിന്നും വസിഷ്ഠാത്രേയപ്രഭൃതികളായ മഹൎഷിമാർ വന്നുചേൎന്നിരിക്കുന്നു. കേവലം ഭഗവാൻ വാല്മീകിയുടെ വരവു കാത്തു മഹാരാജാവു് ഇപ്പോഴും യജ്ഞദീക്ഷയിൽ പ്രവേശിച്ചു കഴിഞ്ഞിട്ടില്ല. വാല്മീകിയുടെ ആശ്രമത്തിലുള്ളവരെ ക്ഷണിക്കുന്നതിനു രാമദൂതൻ എത്തിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു് താമസിക്കരുതു്.

(2) വേഗം പുറപ്പെട്ടുകവേണമുടൻ മുനീന്ദ്രർ
തീൎത്ഥോദകം, ചമത, ദൎഭയിതൊക്കെയേന്തി.
ചേലൊത്തു മംഗളകരം മുനികന്യമാരും
കോലം വരക്കകുടജാങ്കണവേദിയിങ്കൽ.

സീത:_വേഗം വേണം. ഇതാ ആൎയ്യകാശ്യപൻ പ്രസ്ഥാനഘോഷണ കേട്ട ഉടനെത്തന്നെ യജ്ഞോപകരണങ്ങൾ കയ്യിലെടുത്തു മുന്നിൽ പുറപ്പെട്ടിരിക്കുന്നു. ഞാനും കുശലവന്മാരുടെ പ്രസ്ഥാനമംഗളം അനുഷ്ഠിക്കട്ടെ.

(എന്നു എല്ലാവരും പോകുന്നു)

രണ്ടാമങ്കം കഴിഞ്ഞു.

---

## മൂന്നാം അങ്കം.

(അനന്തരം ഭാരംവഹിച്ചു വഴിനടന്നു തളൎന്ന താപസൻ പ്രവേശിക്കുന്നു.)

താപസൻ:_(ശ്രമം അഭിനയിച്ച്) ഹാവൂ! ഈ വെയിലും ചൂടുംകൊണ്ട് വല്ലാതെ തളൎന്നുപോയി. എനിക്കു കാലുകടഞ്ഞിട്ട് എടുക്കാനും വയ്യ, വെക്കാനുംവയ്യ. ചുട്ട വഴിയിൽനടന്നു കാലിനടിയിലെല്ലാം പൊള്ള പൊന്തിയിരിക്കുന്നു. സുകുമാരശരീരയായ സീതാദേവിയും കോമളഗാത്രന്മാരായ കുശലവന്മാരും താപസന്മാരോടുകൂടി സൂൎയ്യനസ്തമിക്കുന്നതിന്നു മുമ്പുതന്നെ നൈമിശത്തിലെത്തി. ഞാനിപ്പോഴും അടവിയുടെ അടുത്തൊന്നുമെത്തിയിട്ടില്ല. (ആലോചിച്ചിട്ട്) ആരാണെനിക്കു നൈമിശത്തിലേക്കു വഴി പറ

ഞ്ഞുതരാൻ? (നോക്കിയിട്ട്) ഇതാ ലക്ഷ്മണനും രാമനുമല്ലേ നൈമിശം പ്രാപിക്കുന്നത്? ഞാനും ഇവരെ അനുഗമിക്കുകതന്നെ.

(പോകുന്നു.)

പ്രവേശകം.

(അനന്തരം ശോകസന്തപ്തനായ രാമനും അദ്ദേഹത്തിൻെറ മുന്നിലായി ലക്ഷ്മണനും പ്രവേശിക്കുന്നു.)

ലക്ഷ്മ:_ആര്യൻ ഇതിലെ ഇതിലെ.

(ചുററിനടന്നിട്ട്)

(1) ഒരുപിഴയുമെഴാതാദ്ദേവിയെക്കൊണ്ടുപോയി_
ട്ടടവിയിൽവെടിയാനായാര്യമീഞാൻഗമിച്ചേൻ.
ഇനിയുമിവനിതാഹാ രാമനെക്കൂട്ടിയെങ്ങോ
സ്വജനവിഷമദക്ഷൻമന്ദഭാഗ്യൻഗമിപ്പൂ.

ഹാ! ഇപ്പറയുന്നതു ശരിയാണ്.

(2) പ്രമാദമെത്ഥത്തെഹനിച്ചിടുന്നു
ദപ്പംവണക്കത്തെഹനിച്ചിടുന്നു
ശീലത്തെയാസക്തിഹനിച്ചിടുന്നു
ധൈര്യത്തെശോകംനിഹനിച്ചിടുന്നു.

മന്ദരമാമലപോലെ മനംകുലുങ്ങാത്ത ഈ മഹാധീരൻ ഭഗവാൻ വാല്മീകിയുടെ വരവു മനസ്സിലാക്കി അദ്ദേഹത്തെ കാണുന്നതിനുവേണ്ടി ഗോമതീതീരത്തിലുള്ള ആശ്രമത്തിലേക്കു പുറപ്പെട്ടു. ഇപ്പോറം അതു വിട്ടു ശോകാവേഗംകൊണ്ടു വിവശഹൃദയനായി മഹാവനത്തിലേക്കു പുറപ്പെട്ടിരിക്കുന്നു. ഞാൻ ഇദ്ദേഹത്തിനെ ശരിയായി ധരിപ്പിച്ചാലോ? അല്ലെങ്കിൽ വേണ്ട. ഈ പ്രതീഹാരൻ ഓടിനടന്നു കാട്ടുന്ന വഴിതന്നെയാകട്ടെ. അറിയാതെതന്നെ വാല്മീകിയുടെ ആശ്രമമണയും. ആര്യൻ ഇതിലെ ഇതിലെ.

രാമൻ:_(നിശ്വസിച്ചിട്ട്.)

(3) ആഴിക്കുള്ളിൽഗ്ഗിരികുലകൃതംസേതുവും
 വ്യർത്ഥമാക്കീ,
പാഴാക്കീഞാൻശ്ശുചിതയതിലപ്പാവകൻ
 തന്റെസാക്ഷ്യം
കൈവിട്ടല്ലോസകലമഹിതംസൂര്യ്യവംശാ
 ങ്കുരത്തെ_
ച്ചെയ്തേനെന്തവശനിവനസ്സീതയെ
 ത്തള്ളിമോഹാൽ.

(ചുററിനടന്നിട്ട്.)

കഷ്ടം! ആ തപസ്വിനിക്ക് പ്രവാസത്തിൽ ആരു
മൊരാലംബമില്ല.

(4) എവിടെയവർദൃഷ്ടിവെക്കുവ_
തെവിടെമനംവെച്ചുതേടുമാശ്വാസം?
ശ്വാപദനിരയെഴുമടവിയി_
ലെങ്ങിനെജീവിപ്പതാശയറെറാരവൾ?

ലക്ഷ്മ:_(ആത്മഗതം) ആര്യ്യാവിയോഗവും പുത്രശോകവും നിനച്ച് ഇദ്ദേഹം അത്യന്തം സന്തപിക്കുന്നു. അതുകൊണ്ടു മററുകാര്യ്യങ്ങൾ പറഞ്ഞു ദേവീവൃത്താന്തസ്മരണയെ ദൂരീകരിക്കതന്നെ. (പ്രകാശം) ആര്യ്യൻ ഇതുനോക്കൂ.

(5) മരതകമണിപോലേമിന്നുമച്ഛോദമാർന്നും
മദകളകളഹംസീഗാനമാധുര്യ്യമാർന്നും
നളിനവനവികാസംകൊണ്ടുസൌരഭ്യമാർന്നും
നരവര, തവമുന്നിൽഗോമതീകണ്ടുകൊൾക.

രാമൻ:_(സ്പർശമഭിനയിച്ച്)

(6) തെക്കൻകാററും ശിശിരകിരണൻ
ചന്ദനം മൂത്തിതെല്ലാം
സീതാത്യാഗംമുതലധികമായ്
താപമേ ചേത്തിട്ടുന്നു
ഇന്നെന്തോമേസുഖമരുളുവാൻ
ഗോമതീതീരവാതം?
നൂനംവാഴുന്നിതുവിവശമെ-
ങ്ങാൻമിങ്ങാവരാകീ.

ലക്ഷ്മ:-ഈ നദിയിലേക്കിറങ്ങുന്ന വഴി വളരെ വിഷമം പിടിച്ചതാണ്. അതുകൊണ്ട് മനസ്സിരുത്തിയിറങ്ങണം.

(രണ്ടുപേരും ഇറങ്ങുന്നതായി അഭിനയിച്ച്.)

(നോക്കിയിട്ട്.)

മണൽത്തിട്ടിൽ കാലടി ധാരാളമായി പതിഞ്ഞുകാണുന്നു; കരയ്ക്കുള്ള വള്ളികളിൽ ഞെട്ടി മാത്രം ബാക്കിയായി നിൽക്കുന്നതുകൊണ്ട് ആരോ പൂവറുത്തു കൊണ്ടുപോകുന്നുണ്ടെന്നു സ്പഷ്ടമാണ്; തളിരുകൾ പൊട്ടിച്ചുകൊണ്ടുപോയതുകൊണ്ടു മരങ്ങൾക്കു തണലും കുറവായിരിക്കുന്നു; അതുകൊണ്ട് അടുത്തു മനുഷ്യർ പാക്കുന്നുണ്ടെന്ന് ഊഹിക്കണം.

(7) ജലസുമമതുകൊണ്ടു സൈകതത്തിൽ
ബലിപുതുതായി രചിച്ചതുണ്ടുകാണ്മു.
തിരനിരയതിലാടിടുന്നിതാ ന-
ല്ലൊരുവരനാഗികണക്കു മുല്ലമാല.

രാമൻ:-അടുത്തെന്നല്ല, ഈ പുഴക്കരയിൽതന്നെ മനുഷ്യാവാസമുണ്ടെന്നു തീച്ച.

ലക്ഷ്മ:-ആശ്ചയ്യമാശ്ചയ്യം! ദേവൻെറ പാദപൂജ ചെയ്യുവാനുള്ള താൽപയ്യംകൊണ്ടായിരിക്കാം സമുദ്രത്തിലേക്കു പോകുന്ന തിരമാലകഠം ഈ മുല്ലമാലയെ ദേവൻെറ പാദതലത്തിൽ അപ്പിച്ചിരിക്കുന്നു. ഇതിൻെറ രചന സൂക്ഷിച്ചുനോക്കേണ്ടതാണ്. ആയ്യൻ ഇതു നോക്കു. (എടുത്ത് അടുത്തു കൊണ്ടുചെല്ലുന്നു.)

രാമൻ:-(നോക്കി കോഠംമയിർക്കൊണ്ടതായി അഭിനയിച്ച്) വത്സ, ഈ കുസുമരചനാവിന്യാസകൌശലം മുമ്പു കണ്ടിട്ടുള്ളതാണല്ലോ.

ലക്ഷ്മ:-എവിടെ കണ്ടിരിക്കുന്നു?

രാമൻ:-മററെവിടെയാണ് ഈവിധം നൈപുണ്യം കാണുക?

ലക്ഷ്മ:-ദേവിയിലോ?

രാമൻ:-അതെ.

ലക്ഷ്മ:-വിരുതനായ വിധി എങ്ങിനെ എങ്ങിനെ വിളയാടുന്നു എന്നു ആരറിയും. നമുക്ക് ഈ ഗോമതീതീരത്തിൽ പോയി ഈ മുല്ലമാല എവിടെനിന്നു വന്നുവെന്നു കണ്ടുപിടിക്കുക.

രാമൻ:-ഒരേ വിധത്തിലുള്ള രചന ലോകത്തിൽ പലക്കും വശഗതമായിരിക്കുക സുലഭമാണ്. നമുക്കിത്രക്കു ഭാഗ്യമില്ല. ഇവിടെനിന്നും വളരെ ദൂരെ ഉപേക്ഷിച്ചുകളഞ്ഞ സീത ഇവിടെ വരുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. എന്നാലും വഴി കാണിക്കു. നദീതീരം വിടാതെതന്നെ വാസസ്ഥാനത്തേക്കു പോകാം.

ലക്ഷ്മ:-ഈ നദീതീരത്തിൽ മുള്ളും ചരലും കക്കയും നിറഞ്ഞിരിക്കയാൽ നടക്കാൻ വിഷമമുണ്ടു്. അതുകൊ

ണ്ട് ഞാൻ കാണിക്കുന്ന വഴിയിലൂടെ ആൎയ്യൻ പതുക്കെ പോരു.

രാമൻ:_ അങ്ങിനെയാകട്ടെ. ഈ മുല്ലമാല എനിക്കു പിടിച്ചു; എങ്കിലും ദേവതോപഹാരമെന്ന ശങ്കയാൽ ഞാൻ ഉപയോഗിക്കുന്നില്ല. (എന്നു് ഉപേക്ഷിക്കുന്നു.)

ലക്ഷ്മ:_

(8) ചൂരൽവള്ളി കവച്ചുവെക്കു,കിവിടെക്കാൽ
വെക്കൊലാ, ശ്രുക്തിയാം.
പാരംചാഞ്ഞമരം തലയ്ക്കുതടയൊല്ല,ല്പം
കുനിഞ്ഞീടുക.
മുന്നിൽത്താണൊരു കൊമ്പു കാണ്മതകലേ
നീക്കീട്ടു ചാപത്തിനാൽ
മെല്ലെപ്പോരു, ശരാരുവല്ലഭകളും പേടിക്കു
മല്ലാൎയ്യിലോ.

രാമൻ:_ (പറഞ്ഞതുപോലെ നടന്നു്) വത്സ, ഇവിടെയാണോ ഭഗവാൻ വാല്മീകിയുടെ ആശ്രമം?

ലക്ഷ്മ:_ ആൎയ്യൻ കണ്ടുവോ?

രാമൻ:_

(9) സൂക്ഷിച്ചുനോക്കുന്നളവിങ്ങു നാലു
പാടുംപരക്കും പുകയുണ്ടു കാണ്മൂ.
മന്ദാനിലൻ വന്നണയുന്ന നേരം
കണ്ണുങ്ങൾ പൂകുന്നിതു സാമഗാനം.

ലക്ഷ്മ:_ ആൎയ്യൻ ഊഹിച്ചതു ശരി. ഞാൻ മുമ്പിൽപോയി നോക്കാം. (ചുററിനടന്നു മരത്തിൽ തട്ടിയതായി നടിച്ചു്) എന്താണു് കാലുയൎത്തുമ്പോൾ എൻെറ ഹൃദയത്തിനൊരു ഭയം? തുടകൾ സ്തംഭിച്ചുപോകു

ന്നല്ലോ. ഉയൎത്തിയ കാൽ ഭൂമിയിൽ വെക്കുവാൻ തോന്നുന്നില്ല. എന്താണിതു്? (ആലോചിച്ചുനോക്കി) ഗുരുജനം ഇരിക്കുന്ന സ്ഥലമായിരിക്കണം: ഓ! കാലടികഠം കാണുന്നുണ്ടല്ലോ. (നിലത്തു സൂക്ഷിച്ചുനോക്കുന്നു.)

രാമൻ:-എന്താണു കുമാരൻ ഭൂമിയിലിത്ര സൂക്ഷിച്ചുനോക്കുന്നതു്?

ലക്ഷ്മ:-ഇതാ, അത്യന്തമനോഹരമായി കാൽത്തളിരിൻെറ സൌകുമാൎയ്യം കലൎന്നു്, മെല്ലെ മെല്ലെ വെച്ചിരിക്കയാൽ സ്ത്രീയുടേതെന്നൂഹിക്കാവുന്ന കാലടികഠം മണൽത്തിട്ടിൽ പതിഞ്ഞു കാണുന്നു. ആൎയ്യൻ നോക്കൂ—

(10) വിലാസവാൎദ്ധാലഥവാ തളൎച്ചയാ—
ലതോപ്രകൃത്യാ ഭൃശമിങ്ങുമന്ഥരം
പതിഞ്ഞുകാണുന്നിതൊരുത്തി തൻപദം
മണൽത്തുരുത്തിൽ കളഹംസവിഭ്രമം.

രാമൻ:-(നോക്കിയിട്ടു് സന്തോഷത്തോടുകൂടി) വത്സ, എന്താണു് ഒരുത്തിയുടെ എന്നു പറയുന്നതു്? സീതയുടെ പദങ്ങളെന്നു പറയണം. നോക്കൂ-

(11) വലുപ്പം തുല്യംതാൻ രചനയുമതേപോലെലളിതം
സ്ഫുടംകാണ്മൂ രേഖാകമലരചിതം ചാരുതിലകം
ഇതീക്ഷിക്കേ ചിത്തം കവരുവതുശോക വ്യഥയിലും
ദൃഢം, സീതാദേവിക്കുടയ പദമിക്കാണ്മതിവിടെ.

ലക്ഷ്മ:-(സന്തോഷത്തോടുകൂടി.) ഈ പദപങ്ക്തിയെ അനുസരിച്ചു നമുക്കു് വാല്മീകിയുടെ ആശ്രമം പ്രാപിക്കാം. ഈ കാലടികഠം പുത്തനായിരിക്കുന്നതു

കൊണ്ടു് ദേവി സമീപത്തുതന്നെയുണ്ടായിരിക്കണെമെന്നു ഞാൻ വിചാരിക്കുന്നു.

(അനന്തരം സീത പ്രവേശിക്കുന്നു.)

സീത:-സവനം സമാപ്തമായി; സന്ധ്യാവന്ദനവും കഴിഞ്ഞു; ഹോമം നടത്തി; ഗംഗാസ്നാനവുംചെയ്തു. ഭഗവതി ഭാഗീരഥിക്കു് വഴിപാടായി നേൎന്നിട്ടുള്ള, സ്വന്തം കൈകൊണ്ടു് കെട്ടിയിരിക്കുന്ന മുല്ലമാല സമൎപ്പിക്കുകയും ചെയ്തു. ഇനി ഞാൻ ഉയൎന്നു പടൎന്നു പന്തലിച്ചു നിൽക്കുന്ന വള്ളികൾക്കിടയിൽ കടന്നു് അതിഥിപൂജയ്ക്കുചിതങ്ങളായ പൂക്കൾ പറിക്കട്ടെ.

(പൂപറിക്കുന്നതായി നടിക്കുന്നു.)

ലക്ഷ്മ:-ഈ പദപങ്ക്തി ക്രമേണ മണൽത്തട്ടുവിട്ടു കരയ്ക്കുകേറി അദൃശ്യമായിരിക്കുന്നു. അതുകൊണ്ടു് മുന്നിൽ കാണുന്ന, നല്ല തണലുള്ള, മനോഹരമായ വള്ളിക്കുടിലിൽ പ്രവേശിച്ചു തളൎച്ച് തീൎത്തു ഭഗവാൻ വാല്മീകിയുടെ അടുത്തുപോകാം.

രാമൻ:-ഭവാൻെറ ഇഷ്ടംപോലെ.

(ചുററിനടന്നു് ഇരിക്കുന്നു.)

രാമൻ:-(നിശ്വസിച്ചു കണ്ണുനീർവാൎത്തു്) വത്സ, വത്സ,-

സീത:-(ചെവിയോൎത്തു്) ആരാണിതു് മേഘനിൎഘോഷഗംഭീരമായ സ്വരവിശേഷംകൊണ്ടു്, അത്യന്തദുഃഖപാത്രമാണെങ്കിലും എൻെറശരീരത്തെ കോൾമയിർക്കൊള്ളിക്കുന്നതു്? ആരാണിതെന്നു് നോക്കട്ടെ. അല്ലെങ്കിൽ വാസ്തവമറിയാതെ അസ്ഥാനത്തു ദൃഷ്ടിവിക്ഷേപം ചെയ്യുന്നതു ശരിയല്ല. എ

ന്താണിതിൽ അറിയാനുള്ളതു്? പരപുരുഷശബ്ദം എൻെറ ശരീരത്തിൽ പുളകമുളവാക്കുകയില്ല. ആ നിർദ്ദയൻ ഇവിടെ വന്നിട്ടുണ്ടെന്നു വ്യക്തമാണു്. നോക്കട്ടെ. അഥവാ അത്ര പരാങ്മുഖനായ ആളുടെ നേക്കു് ഇത്ര ആഭിമുഖ്യം എനിക്കുണ്ടാവുന്നതോർത്തു് എനിക്കു് എന്നെക്കുറിച്ചുതന്നെ ലജ്ജ തോന്നുന്നു. അതുകൊണ്ടു് നോക്കുന്നില്ല. (തിരിഞ്ഞുനിന്നിട്ടു്) എന്തു്, എനിക്കു് എന്നെത്തന്നെ സ്വാധീനമില്ലെന്നോ? എൻെറ ദൃഷ്ടി ബലാൽക്കാരേണ അങ്ങോട്ടു്. ആകൃഷ്ടമാകുന്നുവല്ലൊ. മററെന്തുചെയ്യട്ടെ. രാജപരതന്ത്രമായതുകൊണ്ടായിരിക്കാം മനസ്സിങ്ങിനെ കല്പിക്കുന്നതു്. (നോക്കിയിട്ടു്) അഹോ, കണ്ടതുകൊണ്ടുള്ള സന്തോഷം, വളരെ നാളായി വിരഹിയാണെന്നോർത്തു വ്യസനം, വല്ലാതെ മെലിഞ്ഞുപോയിരിക്കുന്നതു കണ്ടു് മനോവേദന, നിർദ്ദയനെന്നോർത്തു് അഭിമാനം, ചിരപരിചയംകൊണ്ടു് അനുരാഗം, ദർശനീയനായതുകൊണ്ടു് ഉൽക്കണ്ഠ, നാഥനെന്നോർത്തു ബഹുമാനം, കുശലവന്മാരുടെ അച്ഛനെന്നോർത്തു കുടുംബിനീഭാവം, എന്നെ അപരാധികളുടെ കൂട്ടത്തിൽ പെടുത്തിയല്ലോ എന്നു ലജ്ജ—ആര്യപുത്രദർശനംകൊണ്ടു് ഞാനനുഭവിക്കുന്ന അവസ്ഥയെന്തെല്ലാമെന്നു എനിക്കുതന്നെ അറിഞ്ഞുകൂടാ.

ലക്ഷ്മ:-എന്താണു് ആര്യൻ എന്നെ പെട്ടെന്നു വിളിച്ചു കണ്ണുനീർ തൂകി മിണ്ടാതെ തലതാഴ്ത്തി നില്ക്കുന്നതു്?

രാമൻ:-ജനസഞ്ചാരശൂന്യമായ അരണ്യവും കരയ്ക്കു വളന്നിരിക്കുന്ന മരങ്ങളുടെ തണലുംകൊണ്ടു് രമണീയ

മായ മണൽത്തിട്ടകളോടുകൂടിയ, സ്വച്ഛജലവാഹിനിയായ നദിയും കണ്ടു്, ദണ്ഡകാരണ്യവാസമോൎത്തു് എനിക്കു വൈവശ്യം വന്നുചേൎന്നതാണു്.

സീത:- ആൎയ്യപുത്ര, അങ്ങു വനവാസത്തെ സ്മരിക്കുന്നു, വനവാസിജനത്തെ സ്മരിക്കുന്നില്ല.

ലക്ഷ്മ:- ദുഃഖൈകവാസമായ ആ വനവാസത്തിൽ സ്മരണീയമായിട്ടെന്താണുള്ളതു്?

രാമൻ:- വത്സ ലക്ഷ്മണ, എന്താണിങ്ങിനെ പറയുന്നതു്? ദുഃഖൈകവാസമായ വനവാസത്തിൽ സ്മരണീയമായിട്ടെന്താണുള്ളതെന്നോ? നോക്കു—

(12) കിസലയസുകുമാരം ദേവിതൻകൈപിടിച്ചു-
പ്പകലവതിയിലോരോനൎമ്മസല്ലാപമാൎന്നും
തടിനിയുടയതീരത്താൎദ്രമാം സൈകതത്തിൽ
പരിമൃദുപദപാതം സഞ്ചരിക്കുന്നതോൎപ്പു.

സീത:- ഹേ നിൎദ്ദയ, ഇത്തരത്തിലുള്ള സംഭാഷണംകൊണ്ടു് അശരണയും ദുഃഖിതയുമായ ഇവളെ അധികം പീഡിപ്പിക്കുന്നുവല്ലോ.

ലക്ഷ്മ:- ആൎയ്യ, ദുഃഖിക്കരുതു്.

രാമൻ:- മന്ദഭാഗ്യനായ ഞാൻ എങ്ങിനെ ദുഃഖിക്കാതിരിക്കും?

(13) ആദ്യം കാനനവാസം
രാക്ഷസപരിപിന്നെ, പിന്നെയീവിരഹം
എന്നെയ ധന്യനെവേട്ടു
ഖിന്നത സീതയ്ക്കു മേൽക്കുമേലായീ.

സീത:- ആൎയ്യപുത്ര, താനുപേക്ഷിച്ചവളെപ്പററി ഇങ്ങിനെ പറയുന്നതുചിതമല്ല.

രാമൻ:_ഹാ ജനകരാജപുത്രി!
സീത:_അല്പപുണ്യകൾക്ക ചേരാത്തവനേ!
രാമൻ:_ഹാ വനവാസസഹായിനി!
സീത:_അതും ഇപ്പോഴില്ല.
രാമൻ:_ഹാ, നീ എവിടെപ്പോയിരിക്കുന്നു?
സീ:_ഭാഗ്യമില്ലാത്തവൾ എവിടെ പോകുമോ അവിടെ.
രാമൻ:_മറുപടി തരൂ.
സീത:_കൂടിനടക്കാൻ പാടില്ലാത്തവർ എങ്ങിനെ മറുപടികൊടുക്കും?

(രാമൻ ശോകംനടിക്കുന്നു.)

ലക്ഷ്മ:_ആര്യ്യ, ഞാൻ പറയട്ടെ, ഇങ്ങിനെ വ്യസനിക്കരുത്.
രാമൻ:_ശോചനീയയായ വൈദേഹിയെക്കുറിച്ച് എങ്ങിനെ ശോകമില്ലാതിരിക്കും?
സീത:_ആര്യ്യപുത്ര, ഇങ്ങിനെ പറയരുത്. വൈദേഹി ശോചനീയയാണോ? വല്ലഭന് അവളെക്കുറിച്ച് ഇങ്ങിനെ ശോകമുണ്ടാകുമ്പോൾ അവൾ ശോചനീയയല്ലതന്നെ.
രാമൻ:_വത്സലക്ഷ്മണ, എവിടെയാണുള്ളതെന്ന് അറിയുവാൻ വല്ല വഴിയുമുണ്ടോ?
സീത:_ദിവസാവസാനത്തിൽ സമാഗമം നിരോധിച്ചിരിക്കുന്ന ചക്രവാകിപോലെ ഇവിടെത്തന്നെ വിരഹിണിയായിട്ടുണ്ട്.
ലക്ഷ്മ:_എവിടെയാണുള്ളതെന്ന് അറിയുവാൻ സാദ്ധ്യമല്ല.
രാമൻ:_ചിരകാലമായി അവിച്ഛിന്നമായ രഘുകുലം ഞാൻനിമിത്തം കുറദിയററുപോയി.

(എന്ന് കരയുന്നു).

സീത:-ആൎയ്യപുത്രൻ അതിയായി സന്തപിക്കുന്നു. ഞാൻ എന്തു ചെയ്യട്ടെ. കാഴ്ചക്കു തടസ്സമുണ്ടാക്കുന്ന കണ്ണുനീർ തുടച്ചുകളയട്ടെ. (കാലുയൎത്തി). അല്ലെങ്കിൽ ജനാപവാദത്തെ ഓൎക്കണം. ആൎയ്യപുത്രദൎശനമില്ലാതിരുന്നാൽ ശോകാവേഗത്തിനടിമപ്പെട്ട എനിക്ക് എന്നെ നിയന്ത്രിക്കുവാൻ കഴിയുന്നതല്ല. മുനിജനങ്ങൾ സാധാരണയായി സഞ്ചരിക്കാറുള്ളതാണീപ്രദേശം. അതുകൊണ്ടു യദൃച്ഛയാ വന്നുചേരുന്ന ആരെങ്കിലും എന്നെ കണ്ടേക്കും. അതിനാൽ വള്ളിപ്പടപ്പുകൊണ്ടു മറഞ്ഞ് സുഖസഞ്ചാരയോഗ്യമായ ഈ വഴിയിലൂടെ ആശ്രമം പ്രാപിച്ചു കുശലവന്മാൎക്കുവേണ്ട കാൎയ്യങ്ങൾ നോക്കട്ടെ.

(നോക്കിക്കൊണ്ടുപോകുന്നു).

(അനന്തരം ഒരു ഋഷി പ്രവേശിക്കുന്നു)

ഋഷി:-ഭഗവാൻ വാല്മീകി കല്പിച്ചിരിക്കുന്നു. "വത്സ ബാദരായണ, ലക്ഷ്മണനോടുകൂടി രാമഭദ്രൻ ഈ തപോവനത്തിൽ വന്നിട്ടുണ്ടെന്ന് ഞാൻ കേട്ടു. അദ്ദേഹം, ഒരുപക്ഷെ ഞങ്ങൾ മദ്ധ്യാഹ്നികകാൎയ്യങ്ങളിൽ മുഴുകിയിരിക്കയായിരിക്കുമെന്ന് കരുതി പുറത്തു നിൽക്കുന്നുണ്ടായിരിക്കും. അതുകൊണ്ട് നീ അദ്ദേഹത്തിന്റെ അടുത്തുപോയി, ഞാൻ മാദ്ധ്യാഹ്നികകാൎയ്യങ്ങളെല്ലാം കഴിഞ്ഞു ദൎശനത്തിനു കാത്തുകൊണ്ടിരിക്കയാണെന്ന് അറിയിക്കുക". എന്ന്. അതുകൊണ്ട് ഞാൻ വാല്മീകിയുടെ കല്പന അനുസരിച്ചു രാമനെ അന്വേഷിക്കട്ടെ.

(പുറത്തിനടക്കുന്നു)

ലക്ഷ്മ:-(കണ്ടിട്ടു സംഭ്രമത്തോടുകൂടി) ആൎയ്യ, ഈ തപോധനൻ ഇങ്ങോട്ടുതന്നെ വരുന്നു.

(രാമൻ കണ്ണുനീർ തുടച്ചു ധൈൎയ്യമവലംബിച്ചു നില്ക്കുന്നു.)

ഋഷി:-(നോക്കിയിട്ട്) ഈ വള്ളിപ്പടപ്പിന്റെ തണലിൽ രണ്ടു മനുഷ്യർ നിൽക്കുന്നതുപോലെ തോന്നുന്നു. രാമലക്ഷ്മണന്മാരായിരിക്കുമോ? (ആലോചിച്ചിട്ട്) എന്താണ് സന്ദേഹം?

(14) വീശുന്നു മൃദുവായി വായു, വെയിലും
ചൂടററു, മാൻകൂട്ടവും
ലേശം ഭീതിയെഴാതെ കേസരികളോ-
ടൊന്നിച്ചുപോകുന്നിതാ.
അദ്ദേഹം മരുവുന്നിടത്തുതണലും
ചുങ്ങുന്നതില്ലല്പവും
മദ്ധ്യാഹ്നത്തില,മിത്തണഞ്ഞിതുദ്ധം
രാമാഖ്യചേരും ഹരി.

അതിമാനുഷമായ പ്രഭാവംകൊണ്ടു മാത്രമല്ല, ആകൃതികൊണ്ടും നിശ്ചയിക്കാമല്ലോ. (നോക്കിയിട്ട്)

(15) കണ്ണാന്തദീൎഘനയനൻ
വ്യായാമദൃഢനുന്നതൻ
വ്യൂഢോരസ്കൻമഹാബാഹു
നൂനംദശരഥാത്മജൻ.

അതുകൊണ്ട് ഇദ്ദേഹത്തിന്റെ അടുത്തുചെന്ന് വിവരമറിയിക്കട്ടെ.

(അടുത്തുചെന്ന്) രാജാവേ, സ്വസ്തി.

രാമൻ:-ഞാൻ അഭിവാദ്യം ചെയ്യുന്നു.

ഋഷി:-വിജയിയായി ഭവിച്ചാലും.

രാമൻ:-ആൎയ്യൻവന്ന കാൎയ്യമെന്താണ്.

ഋഷി:_കർമ്മങ്ങളെല്ലാം കഴിഞ്ഞു ഭഗവാൻ വാല്മീകി മഹാ രാജാവിൻെറ വരവു കാത്തിരിക്കയാണ്.

രാമൻ:_(നോക്കിയിട്ട്) ഓ, മദ്ധ്യാഹ്നം കഴിഞ്ഞു.

(16) തരുമൂലമണഞ്ഞിട്ടു
നട്ടുച്ചച്ചൂടൊഴിച്ചിതാ
മെല്ലവേ നിർഗ്ഗമിക്കുന്നു
നിഴലും വഴിപോക്കരും.

മാത്രമല്ല—

(17) മദ്ധ്യാഹ്നാർക്കമയൂഖതാപമധികം തോ_
യാവഗാഹത്തിനാൽ
നീക്കീ, നീക്കണമെന്നു കർണ്ണയുഗളം
കൊണ്ടാനനം വീശിയും
മന്ദംകൂലമണഞ്ഞിടുന്നിതതിയാ_
യേന്തുന്ന വെള്ളത്തോടേ
തുമ്പിക്കയ്യുതരംഗപംക്തിയിലുലച്ചും
കൊണ്ടു കുംഭീശ്വരൻ.

(എന്നു് എല്ലാവരും പോകുന്നു)

മൂന്നാമങ്കം കഴിഞ്ഞു.

---

# നാലാമങ്കം.

(അനന്തരം രണ്ടു താപസിമാർ പ്രവേശിക്കുന്നു)

ഒന്നാമത്തേവൾ:_ഹേ യജ്ഞവേദി, രാമായണം പാടിയാ ടുന്നതിനുവേണ്ടി വാല്മീകിതപോവനത്തിൽ വന്നി രിക്കുന്ന തിലോത്തമ എന്നോടു പറഞ്ഞു—"ഞാൻ ദിവ്യശക്തികൊണ്ടു് സീതാരൂപം കൈക്കൊണ്ടു് രാമ

ൻെറ ദൃഷ്ടിപഥത്തിൽ പ്രവേശിച്ച് രാമനു സീതയുടെ പേരിൽ അനുകമ്പയുണ്ടോ ഇല്ലയോ എന്നറിയുവാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് നീ രാമനെ അന്വേഷിക്കുക" എന്ന്. അതിനാൽ പ്രിയസഖി, രാമൻ വിശ്രമിക്കുന്ന സ്ഥലം കാണിച്ചുതരൂ.

യജ്ഞവേദി:_ഹേ വേദവതി, തിലോത്തമ ഇതു പറഞ്ഞപ്പോൾ അടുത്ത വള്ളിപ്പടപ്പിന്നിടയിൽ കാണാതെ നിന്നിരുന്ന രാമവയസ്യനായ ആയ്യഹസിതൻ അതെല്ലാം കേട്ടിരിക്കുന്നു.

വേദവതി:_ആംപത്തായല്ലോ. കള്ളി മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്ന അദ്ദേഹത്തിൻെറ മുന്നിൽ തിലോത്തമ സീതാഭാവത്തിൽ ഓരോന്നു പ്രവൃത്തിക്കുമ്പോൾ പരിഹാസപാത്രമായിത്തീരും. അതുകൊണ്ട് പ്രിയസഖിയായ തിലോത്തമയെ ഈ ഉദ്യമത്തിൽനിന്നും വാരണം ചെയ്യട്ടെ.

യജ്ഞ:_സഖി വേദവതി, സീത ഇപ്പോൾ എവിടെയാണ്?

വേദ:_കേൾക്കൂ. ഇന്ന്, ഏഴാം ദിവസം എത്തിച്ചേന്ന തപസ്വിനികൾ ഭഗവാൻ വാല്മീകിയോട് ഇങ്ങിനെ അറിയിച്ചു—"മഹാരാജാവിൻെറ സാന്നിദ്ധ്യം നിമിത്തം പരപുരുഷദശനത്തിന് എപ്പോഴും വിഷയമായിത്തീരുന്ന ഈ ആശ്രമപ്പൊയ്കയിൽ സ്ത്രീകൾക്ക് ഇറങ്ങുവാനും കുളിക്കുവാനും സാധ്യമല്ല." എന്ന്. അപ്പോൾ ഭഗവാൻ വാല്മീകി അല്പനേരം കണ്ണടച്ചു ധ്യാനിച്ച് ഇങ്ങിനെ പറഞ്ഞു—"ഈ പൊയ്കയിൽ വത്തിക്കുന്ന സ്ത്രീജനം പുരുഷനയന

ങ്ങൾക്കു അഗോചരമായിരിക്കും" എന്ന്. അതിനു ശേഷം രാമൻെറ ദശനപഥം പരിഹരിക്കുന്ന സീത ഈ പൊയ്കയുടെ വക്കത്താണ് പകൽ മുഴുവൻ കഴിച്ചുകൂട്ടുന്നത്.

യജ്ഞ:_കുശലവന്മാക്കു രാമനും തങ്ങളും തമ്മിലുള്ള ബന്ധം അറിയാമോ?

വേദ:_ബാലഭാവംകൊണ്ടും മുനിജനസംസൎഗ്ഗംകൊണ്ടും അമ്മയുടെ പേരുതന്നെ അവക്കറിഞ്ഞുകൂട; പിന്നെയല്ലേ സുദീഘമായ പ്രവാസംകൊണ്ടു് വിച്ഛിന്നമായ രാമവൃത്താന്തം.

യജ്ഞ:_രാമൻ ഈ തപോവനത്തിൽ പ്രവേശിച്ചിരിക്കുന്നുവെന്നു നിനക്കറിയാമോ?

വേദ:_അദ്ദേഹം വരുവാൻ സംഗതിയെന്തു്?

യജ്ഞ:_നീ തിലോത്തമയുടെ അടുത്തു ചെല്ലു. ഞാൻ സീതയുടെ സമീപത്തു പോകയാണ്.

(എന്നു പോകുന്നു.)

## പ്രവേശകം.

(അനന്തരം രണ്ടു മേൽമുണ്ടു പുതച്ചുകൊണ്ടു സീതയും യജ്ഞവതിയും പ്രവേശിക്കുന്നു.)

യജ്ഞ:_സഖി വൈദേഹി, ആരാണ് നിനക്ക് ഈ രണ്ടു മേൽമുണ്ടു പുതയ്ക്കുന്ന അപൂർവ്വസമ്പ്രദായം പറഞ്ഞുതന്നതു്?

സീത:_ഈ പൊയ്കയിലെ തിരകളിൽതട്ടി വരുന്ന അത്യന്ത ശീതളമായ കാററു്.

യജ്ഞ:_സഖി, ശരച്ചന്ദ്രരശ്മിപുഞ്ജംപോലെ വെണ്മയു

ള്ളതും സൌരഭ്യംകൊണ്ടു വണ്ടിൻചാത്തു മണ്ടിവരുന്നതുമായ ഈ മേൽമുണ്ടു വിരഹത്തിനു ചേന്നതല്ല.

സീത:—സഖി, മഹാരാജശാസനമനുസരിച്ചു വനവാസത്തിനു പോയ കാലത്തു ചിത്രകൂടം വിട്ടു ദക്ഷിണാപഥത്തിലേക്കു പുറപ്പെട്ടപ്പോഠം വളരെക്കാലം അവിടെപ്പാത്തു സഖ്യമുളവായിത്തീന്ന വനദേവതമായാവതി ചിന്താകുലയായി ഓമ്മക്കുവേണ്ടി ചന്ദ്രധവളവും സുഗന്ധമേല്പിച്ചതുമായ ഈ ദിവ്യോത്തരീയം എനിക്കു സമ്മാനിച്ചു. ആൎയ്യപുത്രൻെറയും എൻെറയും കയ്യിൽ ചിരകാലം ഇരുന്ന ഇതു ദീഘ ദുഃഖത്തിൽ ആശ്വാസകരമാകുമെന്നു കരുതി ഞാൻ സാദരം ധരിച്ചതാണ്.

(എന്നു കരയുന്നു.)

യജ്ഞ:-സഖി കരയരുതു്. ഈ തപോവനവാസം വനവാസമല്ലല്ലോ എന്നു വിചാരിച്ചു ചോദിച്ചുപോയതാണ്.

സീത:-ഞാൻ എങ്ങിനെ കരയാതിരിക്കും? ഈ തപോവനത്തിൽ ആൎയ്യപുത്രൻ വന്നിട്ടുണ്ടെന്നോ............ ഞാൻ ഒററക്കിരുന്നു നെടുവീപ്പിട്ടു രാവും പകലും കഴിച്ചുകൂട്ടുന്നു. ഇപ്പോഠം ശോകാവേഗത്തിനു അധികം കാരണമായിരിക്കുന്നു.

യജ്ഞ:-ഈ സങ്കടങ്ങഠം അനുഭവിച്ചേ തീരൂ. ഈ പൊയ്കയുടെ വക്കത്തു പക്ഷികളുടെ കളികണ്ടു് അല്പം ആശ്വസിക്കുക. ഞാൻ കുറച്ചു ജോലിചെയ്യാനുള്ളതു ചെയ്യട്ടെ.

(ചുററിനടക്കുന്നു.)

സീത:-(പൊയ്കയിലേക്കുനോക്കി) ഈ രാജഹംസമിഥുനം അത്യന്തം ഭാഗ്യമുള്ളവതന്നെ. ഇങ്ങിനെ വിരഹം വരാതെ സമാഗമസുഖം അനുഭവിക്കുനുണ്ടല്ലോ. ദമ്പതികൾക്കു ഉപദേശം കൊടുക്കുവാൻ എന്റെ വിരഹത്തേക്കാൾ നല്ല ഉപാദ്ധ്യായനില്ല. പക്ഷി കൾകൂടി അന്യോന്യം ഹൃദയമറിഞ്ഞു ചാടുവചന ങ്ങൾ പറഞ്ഞു രസിക്കുന്നുവല്ലോ.

യജ്ഞ:-(നോക്കിയിട്ട്) പെട്ടെന്ന് എഴുന്നേററു വല്ക്കല മെടുത്തു പത്നിമാരുടെ ചുമലിൽഇട്ടു വിസ്മയത്തോടു കൂടി ഒരേ ദിക്കിലേക്ക് നോക്കിക്കൊണ്ടു മുനിമാ രെല്ലാം ഇതാ പോകുന്നു. മഹാരാജാവു വന്നിരി ക്കണം.

(എന്നു പോകുന്നു).

(അനന്തരം ചിന്താവിവശനായ രാമനും കണ്വനും പ്രവേശിക്കുന്നു.)

കണ്വൻ:-ഭഗവാൻ വാല്മീകി കല്പിച്ചു—"കണ്വ,കണ്വ, നൈമിശാരണ്യത്തിന്റെ രമണീയത കാട്ടി രാമ നെ വിനോദിപ്പിക്കുക" എന്ന്. ഇദ്ദേഹമാകട്ടെ ചിന്താപാരവശ്യം നിമിത്തം മുന്നിലുള്ള എന്നെ ക്കൂടി കാണുന്നില്ല.

(1) സമനിലമതിലും തടഞ്ഞു വീഴ്വൂ
ബതഗതി മന്ദതകൊണ്ടു പിന്നിലേറം
നതവദനനഹോ നിതാന്തരമ്യം
വനമിതിലും നയനം പതിപ്പതില്ല.

(അടുത്തു ചെന്നിട്ട്) രാജാവേ!

രാമൻ:-വയസ്യ, താപസന്മാർക്ക ചേർന്നതല്ല ഈ വിളി.

അഥവാ വയഃപരിണാമമാണു ഇതിന്നുത്തരവാദി, ഭവാനല്ല.

(2) രാമൻ നിനക്കുഞാൻ ബാല്യ-
ത്തിങ്കൽ കണ്വനെന്നിക്കു നീ
മുതിന്നപ്പോഠം ഭവാനാൎയ്യൻ
ഇവൻ രാജാവുമായിതു.

കണ്വൻ:- അഹോ, ധീരോദാത്തമായ ഉപാലംഭം.
രാമൻ:- പറയുവാൻ വിചാരിച്ചതു പറയൂ.
കണ്വൻ:—

(3) സുരഭി സുമസുഗന്ധം നാലുപാടും പരത്തി-
ഫലഭരമതു തൂങ്ങിത്തിങ്ങിനില്ക്കും മരങ്ങഠം
വനതലമതിന്നുള്ളപ്പച്ചയാം വേലിപോലേ
പറയുക പരിതോഷം പാരമേകുന്നിതോ തേ?

രാമൻ:- മനസ്സിൽ ബഹുമാനം നിറഞ്ഞിരിക്കുന്നഎന്നെ ഈ തപോവനം രമിപ്പിക്കുന്നുവോ ഇല്ലയോ എന്നു പറയേണ്ടതില്ല. നോക്കൂ —

(4) ദാവാഗ്നിച്ചൂടഹോമപാവകസമം വൃക്ഷങ്ങഠം
യൂപോപമം
നാനാപക്ഷിനിനാദമോ മുനിഗണപ്രോ-
ദ്ഗീതസാമോപമം.
ഇങ്ങിക്കാട്ടുമൃഗങ്ങളോ മുനിസമം കാണുന്നുഞാൻ,
നൈമിശം
തന്നിൽകാലടിവെക്കുവാനിവനഹോ
സങ്കോചമുണ്ടേററവും.

കണ്വൻ:- ധൎമ്മൈകപരായണനും സകല ലോകങ്ങളുടേയും അഭ്യുദയനിശ്രേയസങ്ങഠംക്കു കാരണഭൂതനുമായ മഹാരാജാവിന്നു നിർവ്വിഘ്നതപസ്സിദ്ധിക്കേ

ത്രവും പൂർവ്വരാജർഷിവംശാദ്ധ്യാസിതവുമായ നൈമിശത്തിൽ ബഹുമാനം തോന്നുന്നതു യുക്തംതന്നെ.

(5) വിണ്ണോളമിബ്ഭുവനമാകെ ജയിച്ചു വില്ലാൽ
പുണ്യാദ്ധ്വരങ്ങൾവഴിയായ് പരലോകമാർഗ്ഗം
നന്നാക്കി, മക്കളിൽ മഹീഭരമേററി, മോക്ഷ-
ത്തിന്നീയരണ്യമണയുന്നിതു രാഘവന്മാർ.

(രാമൻ നമസ്കരിക്കുന്നു).

കണ്വൻ:-മററു തപോവനങ്ങൾക്കില്ലാത്ത നൈമിശത്തിൻെറ മാഹാത്മ്യം നോക്കുക.

(6) ഇക്കാട്ടിൽ കുടികൊണ്ടിട്ടും ഹരശിരശ്ചന്ദ്ര
പ്രകാശത്തൊട്ടും
കൂടിച്ചേർന്നു കവോഷ്ണമായ കൊടുതാം ഗ്രീ-
ഷ്മാതപം പോലുമേ
വാട്ടുന്നില്ലിഹ പല്ലവങ്ങളെ വരട്ടുന്നില്ല
ഹോ പൊയ്കയെ
ചേക്കുന്നില്ലൊരു താപമിങ്ങുമിഴികൾക്കാ-
ലോകമേകുന്നതേ.

അത്രയുമല്ല:—

(7) നിത്യം യാഗമെഴുന്നോരിങ്ങുപതിവായ്
ദേവേന്ദ്രനെത്തുന്നു, ത-
ന്മൂലം നന്ദനപാദപങ്ങളെ വെടിഞ്ഞിങ്ങു
ള്ള വൃക്ഷങ്ങളെ
മൈത്തെരാവതബന്ധനത്തിനുപയോഗി-
ക്കുന്നു, തദ്രജ്ജുസം-
ഘർഷത്താൽ തൊലിതെല്ലുപോയവയിതാ
നിൽക്കുന്നിതത്യുന്നതം.

രാമൻ—(നോക്കീയിട്ട്) സദാ യാഗങ്ങൾ നടക്കുന്ന ഈ ധർമ്മാരണ്യം നിമിത്തം ഇന്ദ്രൻ നന്ദനവനത്തെക്കൂടി വിസ്മരിക്കുന്നു.

(8) സുരപതിയെ വിളിച്ചിടുന്ന മന്ത്ര-
സ്വരമതുകേട്ടു വെടിഞ്ഞു പുഷ്പമാല്യം
ശചിയനുദിനമാരചിച്ചിടുന്നു
വിരഹിജനോചിതവേണി ബന്ധനംഹാ.

കണ്വൻ:- ഇതാ മറ്റൊന്നു കാണുന്നില്ലേ?

(9) ഇങ്ങിക്കപോലമദവാരിനിപാനലോല
ലോലംബപങ്ക്തിയതിനെത്തടയുന്നതില്ല
സാമദ്ധ്വനിശ്രവണദത്ത മനോവധാന-
നിഷ്പന്ദമന്ദമദവാരണകർണ്ണതാലം

രാമൻ—(ചിരിച്ചിട്ട്) ഇതിലെന്താണാശ്ചര്യം?

(10) പാവനം മധുരം നല്ല
സാമഗാനം മനോഹരം
വിരഹത്തിലിരിപ്പോർക്കും;
ഒന്തീകൾക്കെന്തു ചൊല്ലുവാൻ?

കണ്വൻ:- (ആത്മഗതം) അഹോ, രാമനു വിരഹത്തിൽ വലിയ നിർവ്വേദമുണ്ട്. അതുകൊണ്ടാണല്ലോ വിരഹികൾ തിര്യക്കുകളേക്കാൾ ശൂന്യഹൃദയരാണെന്നു കരുതുന്നത്. (പ്രകാശം) ഇങ്ങോട്ടുനോക്കു-

(11) കാലം വസന്തമല്ലതുവല്ല, മുനിപ്രഭാവാ-
ലെന്നാലുമിങ്ങു സഹകാരതരുക്കൾ പൂത്തു.
മണ്ടുന്നുവണ്ടുകളതൊക്കെ വെടിഞ്ഞുഹോമ-
ധൂമംഭയന്നു കമലത്തിനകത്തൊളിപ്പാൻ.

രാമൻ:-ഇടവിടാതെയുള്ള ആഹുതികൊണ്ട് വൎദ്ധിച്ചിരിക്കുന്ന ധൂമരാശി മധുകരങ്ങളെ എന്നപോലെ നമ്മെയും ബാധിക്കുവാൻ തുടങ്ങിയോ? (ധൂമബാധ അഭിനയിക്കുന്നു).

കണ്വൻ:-ഓഹോ, പുകകൊണ്ടു കണ്ണ് വല്ലാതെ കലങ്ങിപ്പോയല്ലോ.

രാമൻ:—

(12) സീതാവിരഹദുഃഖത്താ-
ലൊഴുകും മിഴിനീരിനാൽ
കണ്ണുരണ്ടും കലങ്ങിപ്പോയ്;
പുകയാലിത പിന്നെയും!

കണ്വൻ:- അതുകൊണ്ട് ഈ ആശ്രമദീൎഘികയിലിറങ്ങി തണുത്ത വെള്ളംകൊണ്ട് മുഖം കഴുകി കുറച്ചുനേരം ഇവിടെ വിശ്രമിക്കൂ. ഞാൻ കുലപതി അഗ്നിഹോത്രകൎമ്മം ചെയ്യുന്നസമയത്ത് അവിടെച്ചെന്ന് ആദരം പ്രദൎശിപ്പിക്കട്ടെ. (എന്നു പോകുന്നു).

രാമൻ:-(ചുററിനടന്നിട്ട്) ഈ പൊയ്കയുടെ വക്കത്തിറങ്ങട്ടെ. (ഇറങ്ങിയിട്ട്) അഹോ താമരപ്പൊയ്കയിലെ വെള്ളത്തിൻെറ ഒരു തെളിവ്! (വെള്ളത്തിൽ പ്രതിബിംബം കണ്ടു സംഭ്രമത്തോടുകൂടി) ഓ! സീതയും ഇവിടെത്തന്നെയുണ്ടോ?

(ഹൎഷവിസ്മയം നടിക്കുന്നു).

സീത:-(നോക്കിയിട്ട്) കഷ്ടം! ഹംസമിഥുനത്തെ നോക്കിക്കൊണ്ടിരുന്ന ഞാൻ ആൎയ്യപുത്രൻ ഓൎക്കാതെ വന്നതു കണ്ടില്ല. അതുകൊണ്ട് ദൂരെ പോയ്ക്കളയാം. (അങ്ങിനെ ചെയ്യുന്നു).

രാമൻ:-എന്നെ ആദരിക്കാതെ സീത പുറപ്പെട്ടുപോയയോ?

(13) ഏറുന്ന ദീർഘവിരഹവ്യഥകൊണ്ടുപാരം
നീറുന്നഹൃത്തൊടു വിളർത്തമുഖത്തൊടും ഞാൻ
കണ്ടേൻ മനോരഥവശാൽ പല നാറംക്കശേഷം
വീണ്ടും ഗമിപ്പതിവളെന്നെ വെടിഞ്ഞിതെങ്ങോ?

ഇവളെ പിടിച്ചുനിർത്തട്ടെ. (കൈകറം നീട്ടി) ഇതു് വൈദേഹിയല്ല.

(14) പൊയ്ക്കതൻ വക്ക വഴിയായ്
പോകും വൈദേഹിതന്നുടെ
വെള്ളത്തിലുള്ള നിഴൽ ക-
ണ്ടവളെന്നോർത്തുപോയി ഞാൻ.

ഈ പ്രതികൃതിയുടെ മൂലപ്രകൃതിയെ അന്വേഷിക്ക തന്നെ. (അന്വേഷിക്കുന്നതായി നടിക്കുന്നു) ഈ ദീർഘികാതീരം ജനസഞ്ചാരശൂന്യംതന്നെ. ബിംബമില്ലാതെ പ്രതിബിംബമുണ്ടാകുക സാദ്ധ്യമല്ല. എന്താണിതു്?

സീത:-നിഴലുകാണുന്നു; എന്നെ കാണുന്നില്ലെന്നോ? (ആലോചിച്ചിട്ടു്) ആട്ടെ; മനസ്സിലായി. ഈ ദീർഘികാതീരത്തിൽ തപോവനവാസിനികളായ സ്ത്രീകറം പുരുഷനയനങ്ങറംക്കു് അദൃശ്യകളായിത്തീരുന്നതു മുനിപ്രസാദം കൊണ്ടാണു്. നിഴലും കാണാതിരിക്കുവാൻ മഹർഷി കല്പിച്ചിരുന്നുവെങ്കിൽ ഇവറം അനുഗൃഹീതയായി. ഈ നിഴലു കാണാതിരിക്കുന്നതിന്നു ഞാൻ ദൂരെപ്പോകട്ടെ.

(എന്നു മാറിപ്പോകുന്നു.)

രാമൻ:_തെളിഞ്ഞ വെള്ളത്തിൽ പ്രതിബിംബിച്ചു കാണുന്ന ആ സീതയെത്തന്നെ നോക്കട്ടെ. (നോക്കിയിട്ട്) ആ നിഴലും മറഞ്ഞുപോയോ? (മോഹാലസ്യപ്പെട്ടു വീഴുന്നു.)

സീത:_കഷ്ടം കഷ്ടം! ആര്യ്യപുത്രൻ മോഹാലസ്യപ്പെട്ടുപോയല്ലോ. അടുത്തു ചെല്ലട്ടെ. (ചുററി നടക്കുന്നു) അഥവാ ആര്യ്യപുത്രനെ ഞാൻ അടുത്തുചെന്നു കണ്ടാൽ വീണ്ടും കോപിച്ചേക്കാം. അപ്പോൾ മുനിജനം ഞാൻ അവിനീതയാണെന്നു കരുതും. അതുകൊണ്ടു പോയ്ക്കളയാം. (തിരിഞ്ഞുനിന്നിട്ട്) അല്ലെങ്കിൽ ഇതു യുക്തായുക്തവിചാരണക്കുള്ള കാലമല്ല. ആര്യ്യപുത്രൻ കോപിക്കയാണെങ്കിൽ കോപിക്കട്ടെ; മുനിജനം ഞാൻ അവിനീതയാണെന്നു കരുതുകയാണെങ്കിൽ കരുതട്ടെ. ഈ അവസ്ഥയിൽപെട്ട ആര്യ്യപുത്രനെ ഉപേക്ഷിക്കുവാൻ ഞാൻ ഒരു വിധത്തിലും ശക്തയല്ല. (ചുററിനടക്കുന്ന) ലോകപാലന്മാരേ! ഭവാന്മാർ കേൾക്കേണമേ. ആര്യ്യപുത്രനാൽ നിർവ്വാസിതയായ ഞാൻ അവിനയംകൊണ്ട് ആര്യ്യപുത്രൻെറ ആജ്ഞയെ അതിക്രമിക്കയല്ല, ശോകാവേഗത്തിന്നടിമപ്പെട്ടു തന്നെത്താൻ നിയന്ത്രിക്കാൻ കഴിയാതെ സാഹസം അനുഷ്ഠിക്കയാണ്. (അടുത്തുചെന്നു നോക്കിയിട്ട്) കഷ്ടം കഷ്ടം! ആര്യ്യപുത്രൻ തൻെറടമില്ലാതെ കിടക്കുന്നു. (ആലിംഗനംചെയ്യുന്നു.)
(രാമൻ വീണ്ടും ബോധം വന്നതായി നടിക്കുന്നു).
(സീത വിട്ടുമാറുന്നതായി നടിക്കുന്നു).

രാമൻ:_എന്താണ് കാരണം കൂടാതെ എനിക്കു രോമാഞ്ചമുണ്ടായത്?

സീത:_അങ്ങിനെ നിർവ്വാസിതയായ ഞാൻ ഇത്തരമൊരു സാഹസമനുഷ്ഠിച്ചതു നിമിത്തം എനിക്കു വല്ലാത്തൊരു ഭയം തോന്നുന്നു.

രാമൻ:_(കരഞ്ഞുകൊണ്ട്)

(15) മുറുകെപ്പുണരുസീതേ.

സീത:_ഞാൻ നിരപരാധയായി,

രാമൻ:_നിന്നെക്കാണട്ടെ ഞാൻപ്രിയേ.

സീത:_സിദ്ധശാസനം അലംഘ്യമാണ്. മന്ദഭാഗ്യയായ ഞാൽ എന്തുചെയ്യട്ടെ.

രാമൻ:_ദീഘകോപം വെടിഞ്ഞാലും.

സീത:_ഞാനും ഇതുതന്നെയാണ് ആയ്യപുത്രനോടപേക്ഷിക്കുന്നതു്.

രാമൻ:_എന്നിൽ കാരുണ്യമില്ലയോ?

സീത:_ആയ്യപുത്ര, വിപരീതമായി ശകാരം.

രാമൻ:_ദേവി ഞാനറിയിക്കുന്നു.

(16) ചേലാഞ്ചലംകൊണ്ടൊരു കാററിവൻെറ
ദേഹത്തിലേല്പിപ്പതിനിങ്ങുപാത്താൽ.
കാണുന്നതില്ലത്ര മഹത്വമാന്ന
ജനത്തെയജ്ജാനകിയെന്നിയേഞാൻ.

സീത:_ഞാൻ മനസ്സിരുത്തി കേൾക്കുന്നുണ്ട്. ആജ്ഞാപിക്കുള.

രാമൻ:_ചാരിത്രവതിയായ നീ.

സീത:_അഹോ! പ്രാണനെ ഉപേക്ഷിക്കേണ്ടതില്ല.

രാമൻ:_ത്യക്തയായ് നാട്ടിൽനിന്നെന്നാൽ.

സീത:_ആയ്യപുത്രന് എല്ലാം പരിജനങ്ങളേയും എന്തും ചെയ്യുവാനുള്ള അധികാരമുണ്ടല്ലോ.

രാമൻ:_എൻതെററിതു പൊറുക്കണം.

സീത:_അങ്ങു പ്രസാദിക്കണം; ഞാൻ എന്നും പ്രസന്ന യാണല്ലോ.

രാമൻ:—

(17) ബാഹൂപധാനമാന്നെന്നു
കിടക്കും മൃദുമെത്തയിൽ
മുഴുതിങ്കളെഴും രാത്രി
മുഴുവൻ നിന്നൊടൊത്തുഞാൻ?

സീത:_ഹേ ജനാപവാദഭീരോ! ഇജ്ജനംഅടുത്തുള്ളപ്പോഠം സന്തപിക്കുന്നുവല്ലോ.

രാമൻ:_ഹാ പ്രിയേ ജനകരാജപുത്രി, എനിക്കു മറുപടി തരൂ. (മോഹാലസ്യപ്പെടുന്നു.)

സീത:_ആര്യപുത്രൻ വീണ്ടും മോഹാലസ്യപ്പെട്ടുപോയോ? ആശ്വസിപ്പിക്കട്ടെ. (ചേലത്തുമ്പുകൊണ്ടു വീശുന്നു)

രാമൻ:_(കൈനീട്ടി ചേലത്തുമ്പു പിടിക്കുന്നു) ചേലത്തു മ്പാണെന്നു തോന്നുന്നുവല്ലോ. ഇതാരായിരിക്കും? (ആലോചിച്ചിട്ടു്) അഥവാ—

(18) ജനകതനയയായ ദേവിയെന്യേ
ജനമിഹമററു തഥാവിധപ്രഭാവം
മമതനുവിതിലിപ്പടാന്തവാതാ_
പതനമതിന്നിവനിങ്ങു കാണ്മതില്ല.

അതുകൊണ്ടു് ഇവളെ കണ്ടുപിടിക്കട്ടെ. (കണ്ണുമിഴിച്ചു്) ഇടവിടാതെ ഒഴുകുന്ന കണ്ണുനീരുകൊണ്ടു് കണ്ണു മൂടുകയാൽ ഒന്നും കാണ്മാനില്ല. അതുകൊണ്ടു് ഈ ചേലത്തുമ്പു വലിച്ചു കണ്ണുനീർ തുടയ്ക്കട്ടെ. (ആ ചേലത്തുമ്പു പിടിച്ചു വലിച്ചു് അതുകൊണ്ടു കണ്ണുനീർ തുടയ്ക്കുവാൻ തുടങ്ങുന്നു.)

സീത:-(ഉത്തരീയം ഉപേക്ഷിക്കുന്നു) ആര്യപുത്ര, പ്രണയകുപിതനായ ഒരാളെപ്പോലെ മററൊരാളുടെ ഉത്തരീയംകൊണ്ടു് കണ്ണുനീർ തുടയ്ക്കേണ്ട.

രാമൻ:-(ഉത്തരീയം വീണുപോയതുകണ്ടു്) ഉത്തരീയം മാത്രമേ കാണുന്നുള്ളു. ഉടുപുടവ കാണുന്നില്ല.

(19) അന്യാംശുകമതിവേഗാ-
ലോക്കാതെവലിച്ചെടുത്തുഞാൻ കഷ്ടം!
വാനിൽനിന്നുപതിച്ചിതു
ജ്യോത്സ്നാനിമ്മോകലളിതമിച്ചേല.

(വീണ്ടും സൂക്ഷിച്ചുനോക്കി) മററെന്തു്? കാരണംകൂടാതെ ഞാൻ അസമീക്ഷ്യകാരിയായിപ്പോയെന്നു തോന്നുന്നു. ചിത്രകൂടവനദേവതയായ മായാവതി പ്രദശിപ്പിച്ചതാണെന്നു വ്യക്തം.

(20) ചൂതിൽപണം, വിശറിവീശുവതിന്നുകാമ-
കേളിക്കശേഷമിയലുംശ്രമമൊക്കെനീക്കാൻ,
സീതക്കുരാത്രികലഹത്തിലെമെത്ത, ദൈവാ-
ലീയുത്തരീയമിവനിങ്ങുലഭിച്ചുവല്ലോ.

സീത:-ഭാഗ്യവശാൽ ആര്യപുത്രൻ തിരിച്ചറിഞ്ഞു.

രാമൻ:-പ്രിയക്കു ഇഷ്ടമായ ഇതിനെ എങ്ങിനെയാണിപ്പോറം സൽക്കരിക്കേണ്ടതു്? (ആലോചിച്ചിട്ടു്) ആട്ടെ. ഇതുതന്നെയാണു് ഇതിന്നു് അനന്യസാധാരണമായ സൽക്കാരം. (പുതയ്ക്കുന്നു.)

(നോക്കിയിട്ടു്) രണ്ടാമതൊരുത്തരീയവുംകൂടി പുതച്ചിരിക്കുന്ന എന്നെ കണ്ടിട്ടു മുനിജനം എന്തു വിചാരിക്കും? അതുകൊണ്ടു് എൻെറ ഉത്തരീയം ഉപേക്ഷിക്കട്ടെ.
(എന്നു മേൽപ്പോട്ടെറിയുന്നു.)

സീത:-(എടുത്തു സന്തോഷത്തോടുകൂടി) സന്തോഷം. ഏറെനാറം ജീവിച്ചിരുന്നതിൻെറ ഫലം ലഭിച്ചു. (ഘ്രാണിച്ച്) ഭാഗ്യവശാൽ ആര്യ്യപുത്രൻെറ ഉത്തരീയത്തിൽ കുറിക്കൂട്ടിൻെറ പരിമളം കലൎന്നിട്ടില്ല. രാഘവന്മാർ സത്യസന്ധന്മാർ തന്നെ. (പുതച്ചിട്ട്) അഹോ പ്രിയജനസംസൎഗ്ഗംകൊണ്ടു സുഖസ്പൎശമായ ഈ ഉത്തരീയം പുതച്ചിട്ട്, ആര്യ്യപുത്രൻെറ വക്ഷസ്ഥലത്തിൽ വിശ്രമിച്ചാലെന്നപോലെ എൻെറ ദേഹം മുഴുവൻ രോമാഞ്ചമുണ്ടാകുന്നു.

രാമൻ:-(വിസ്മയത്തോടുകൂടി) ഈ ഉത്തരീയം ഭൂമിയിൽ വീഴുന്നതിന്നുമുമ്പായിത്തന്നെ ആരോ അപഹരിച്ചു. അതുകൊണ്ടു എൻെറ മനോരഥഫലം അടുത്തിരിക്കുന്നുവെന്നു ഞാൻ വിചാരിക്കുന്നു. (ആലോചിച്ചിട്ട്) അപഹരിക്കപ്പെട്ട ഉത്തരീയം വെള്ളത്തിലുള്ള നിഴലിൽ കാണുന്നു. സീതയെ കാണുന്നതുമില്ല. ഇതെന്താണ്? ആട്ടെ. സിദ്ധാശ്രമവാസികളിൽനിന്നു ഇവറംക്കു ഈ ശക്തി സിദ്ധിച്ചതായിരിക്കാം. ഇവളെ അടുത്തു കാണുന്നതിന്നു എന്താണ് മാൎഗ്ഗം? ഹേ വൈദേഹി! പൂൎവ്വവൃത്താന്തം ഒന്നും സ്മരിക്കുന്നില്ലെന്നോ? ഒന്നു കാണുന്നതിന്നുകൂടി ദയയില്ലല്ലോ.

സീത:-ഇപ്പോഴും എന്തു പൂൎവ്വവൃത്താന്തം?

രാമൻ:-പണ്ടു ചിത്രകൂടത്തിൽ പാക്കുന്ന കാലത്ത്,

(21) സുതനു, സുമമറുപ്പതിന്നുനീപോ-
യളവറിയാതിവനങ്ങുവന്നുപിന്നിൽ
അവചിതകുസുമങ്ങറംമണ്ണിലിട്ട-
പ്പുടവപിടിച്ചതുവിസ്മരിച്ചിതോനീ?

സീത:-(ചിരിച്ചുകൊണ്ടു്) സാഹസക്കാര! അതുകൊണ്ടുതന്നെയാണടുപ്പിക്കാത്തതു്.

രാമൻ:-എന്താ ഒരു മറുപടിയും തരാത്തതു്?

സീത:-സന്ധ്യാസമയം ആസന്നമായി. ഈ അവസ്ഥയിൽപെട്ട ആൎയ്യപുത്രനെ കേവലം വേതാളഭീതിയനാക്കിനിൎത്തി വിട്ടുപോകുന്നതും ശരിയല്ല. എന്താണിവിടെ ചെയ്യേണ്ടതു്? (നാലുപാടും നോക്കി) ഭാഗ്യവശാൽ ഇതാ പ്രിയവയസ്യൻ കൌശികൻ എന്തോ അന്വേഷിക്കുന്നതുപോലെ കൌതുകത്തോടുകൂടി അങ്ങുമിങ്ങും നോക്കിക്കൊണ്ടു് ഇങ്ങോട്ടുതന്നെ വരുന്നു. അതുകൊണ്ടു ഞാൻ പോകട്ടെ. (പോകുന്നു.)

(അനന്തരം അന്വേഷിക്കുന്നതായി നടിച്ചു് വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂഷ:-തത്രഭവാൻ രാജാവിപ്പോൾ എവിടെയായിരിക്കും? (ചുററി നടന്നുനോക്കി) ഇതാ പ്രിയവയസ്യൻ ചിന്താകുലനെന്നപോലെ നിഭൃതമനോഹരമായ ആകൃതികൊണ്ടു ദീൎഘികാതീരത്തെ അലങ്കരിക്കുന്നു. അതുകൊണ്ടു അടുത്തുചെല്ലട്ടെ. (അടുത്തുചെന്നു) ഭവാൻ ജയിക്കട്ടെ.

രാമൻ:-(നോക്കിയിട്ടു്) ഭാഗ്യവശാൽ പ്രിയവയസ്യൻ കൌശികൻ വന്നിരിക്കുന്നു. വയസ്യ, കൌശിക, ഭവാൻ എവിടെ നിന്നാണു് വരുന്നതു്?

വിദൂ:-ഇന്നു പുലൎച്ചമുതൽക്കു് പകൽ മുഴുവനും ഞാൻ അങ്ങയെ അന്വേഷിച്ചു നടക്കുകയായിരുന്നു.

രാമൻ:-എന്താണു് നമ്മെ അന്വേഷിച്ചു വിഷമിക്കുവാൻ?

വിദൂ:-രാവിലെ അതിമുക്തമണ്ഡപത്തിനുള്ളിൽ ഒളിച്ചി രുന്നിരുന്ന ഞാൻ സൈ്വരസല്ലാപം ചെയ്യുന്ന മുനികന്യകമാരും അപ്സരസ്ത്രീകളുംകൂടി ഒരു തപോവനരഹസ്യം മന്ത്രിക്കുന്നത് കേട്ടു. അതെനിക്ക് പ്രിയമായിരുന്നു. അകത്തിരിക്കുന്ന ഗൂഢഗർഭംപോലെ അതെന്നെ അധികം പീഡിപ്പിക്കുന്നു.

രാമൻ:-എന്തു തപോവനരഹസ്യമാണ്?

വിദൂഷ:-അറിയില്ലേ? തത്രഭവതി—

രാമൻ:-(ചെവി പൊത്തി) സ്ത്രീകളെപ്പററിയുള്ള രഹസ്യമാണോ? എനിക്കു കേൾക്കേണ്ട.

വിദൂ:-പേടിക്കേണ്ട. രാമവയസ്യനല്ലേ ഞാൻ! അറിയില്ലേ തത്രഭവതി പുരാണസ്വർഗ്ഗദാസി—

രാമൻ:-(ആത്മഗതം) അപ്സരസ്ത്രീകളുടെ കഥയാണ്. അതു കേൾക്കുന്നതുകൊണ്ടു ദോഷമില്ല. (പ്രകാശം) ഏതു പുരാണസ്വർഗ്ഗദാസി, ഉർവ്വശിയോ? തിലോത്തമയോ?

വിദൂ:-തിലോത്തമയോ സിലോത്തമയോ എനിക്കറിഞ്ഞുകൂടാ. അവൾ ഏറെ നാളായി വിട്ടുപിരിഞ്ഞിരിക്കുന്ന തത്രഭവതി വിദേഹരാജപുത്രിയുടെ രൂപം ധരിച്ചു പ്രിയവയസ്യനെ പരിഹസിക്കുവാൻ ആഗ്രഹിക്കുന്നുണ്ടത്രേ.

രാമ:-(ആത്മഗതം) കഷ്ടം. കൗശികൻ മനസ്സിലാക്കിയതു ശരി. അല്ലെങ്കിൽ പ്രിയാസാന്നിദ്ധ്യത്തിൻെറ അടയാളം കാണുന്നു, പ്രിയയെ കാണുന്നതുമില്ല എന്നുള്ള കാൎയ്യം മനുഷ്യസ്ത്രീകളിൽ സംഭാവ്യമല്ല. കാമരൂപിണിയായ തിലോത്തമ എന്നെ ചതിച്ചു.

(22) ദാഹിച്ചുമോഹവശഗൻ
തെളിനീരുകൊതിച്ചു ഞാൻ
കൈക്കൂട്ടിക്കാട്ടിനുകരാൻ
കാട്ടിലെ മൃഗതൃഷ്ണയേ.

(ഉത്തരീയം നോക്കി) മായാവിനിയായ ഇവൾ ഉത്തരീയവും നിർമ്മിച്ചുവെന്നോ? അഹോ, പരവഞ്ചനത്തിനുള്ള പരമസാമർത്ഥ്യം!

വിദൂഷ:– തോഴരേ! വിസ്മയിച്ചുനില്ക്കുന്നതുപോലെയിരിക്കുന്നല്ലോ. എന്താ അവൾ പററിച്ചുവോ?

രാമൻ:– ഞാൻ വഞ്ചിതനായിപ്പോയി.

വിദൂ:– ഞാൻ കേട്ട രഹസ്യം മറിച്ചാകുമോ?

(അണിയറയിൽ)

(23) തേജസ്സിനാലഖിലലോകമതിന്നു താപം
പരം വളർത്തിയൊരു തീക്ഷ്ണനരാധിപൻപോൽ.
അന്തികചണ്ഡകരനിങ്ങുവയസ്സുകൂടി
ശാന്തപ്രതാപനിത സൌമ്യതയാർന്നിടുന്നു,

രാമൻ:– (നോക്കിയിട്ട്) ആദിത്യഭഗവാൻ അസ്തമിക്കുന്നു.

(24) വരനുടെ വരവും പാർത്താർത്തിയാൽ നാൾഗണിപ്പൂ
വിരലിൽ, വിരഹമാളും നാരിമാർ മാരമാലാൽ
അവരുടെ വിരലോടൊ, ത്തക്കനീണ്ടസ്തമിക്കെ
സ്സരസകമലപത്രശ്രേണിയും കൂമ്പിടുന്നു.

അത്രയുമല്ല,

(25) യാത്രാവേഗം കടിഞ്ഞാൺവലി മുറു
കുകയാൽ മന്ദമാക്കി, പ്രതോദാ–
ഘാതത്താൽ നില്പതിന്നും ത്വരിതമിഹ
കുതിക്കുന്നതിന്നും ഞെരുങ്ങി

അഞ്ചിങ്ങുന്നിക് ഖുരാഗ്രംപെരികെ വിഷ.
മമാമസ്തശൈലത്തിൽനിന്നി-
ങ്ങത്യന്തം ക്ലേശമാന്നീജ്ജലനിധിയിലിറ
ങ്ങുന്നു സൂയ്യാശ്വവൃന്ദം.

(എന്ന് എല്ലാവരും പോകുന്നു.)

നാലാമങ്കം കഴിഞ്ഞു.

---

## അഞ്ചാമങ്കം

(അനന്തരം വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂ:-(അണിയറയിലേക്ക് നോക്കി) തപോധനന്മാർ വരുന്ന സമയമായി. അതുകൊണ്ടു വേഗമാകട്ടെ.

(അനന്തരം രാമൻ പ്രവേശിക്കുന്നു.)

രാമൻ:—

(1) സവനമതുകഴിഞ്ഞു ഹോമവും ചെ-
യ്തുദയഗനാം സവിതാവിനേവണങ്ങി
ദിനമുഖവിധിയൊക്കെ നിർവ്വഹിച്ചീ
നിയമികളെ പ്രണമിപ്പതിന്നു വന്നേൻ.

വിദൂ:- ഇതാതൃസ്ഥാനമണ്ഡപം. ഭവാൻ പ്രവേശിച്ചാലും.

രാമൻ:—(ചിന്ത നടിച്ചുകൊണ്ട്) ആ! ആശ്ചര്യം! ഇന്നലെ എന്തൊന്നാണുണ്ടായത്?

(2) ഇല്ലെന്നുതോന്നും വിധമത്രമാത്രം
തെളിഞ്ഞ വെള്ളത്തിനകത്തു കണ്ടുഞാൻ
ലംബാളകം പാണ്ഡുരപീനഗണ്ഡം
പ്രസാദരമ്യം മുഖമാന്ന തന്വിയേ.

അഥവാ തിലോത്തമ ഉണ്ടാക്കിത്തീൎത്ത നേരമ്പോക്കാണിതെന്നു തോന്നുന്നു.

(3) തൻ കൈകളാലവരം രചിച്ചതിനൊത്തമാല,
സാദൃശ്യമാൎന്ന പദപങ്ക്തികരം സൈകതത്തിൽ,
ആഛരായയും വിബുധവേശ്യ രചിച്ചിടട്ടെ
തൻകച്ചയാൽ ഗണികരാമനെ വീശിയെന്നോ?

(ചിന്ത നടിക്കുന്നു).

വിദൂ:_ ഇദ്ദേഹം എന്തോ ചിന്തയിലാണ്ടിരിക്കുന്നപോലെ തോന്നുന്നു. അതുകൊണ്ട് ഇരുന്നു നിബ്ബന്ധിച്ചുനോക്കട്ടെ. (ഇരുന്നിട്ട്) തോഴരേ, അങ്ങ് ഇവിടെയല്ല ഇരിക്കേണ്ടത്. എവിടെയാണിരിക്കേതെന്നോ? പുതുമേഘംപോലെ സ്നിഗ്ദ്ധശ്യാമളനും മുത്തുമാല ചാൎത്തിയവനുമായ ഭവാൻ അത്യന്തം ഉന്നതങ്ങളും ദുരാരോഹങ്ങളും ഇന്ദ്രനീലമയങ്ങളുമായ ഭവനസ്തംഭങ്ങളിൽ ഒന്നുപോലെ എനിക്കു ഹൃദയവിഭ്രമം ഉൽപാദിപ്പിക്കുന്നു. അതുകൊണ്ടു ലക്ഷ്മീനിവാസഭവനവും സേവാസമയത്തിങ്കൽ സമുപാഗതന്മാരായ സാമന്തമധുകരങ്ങളുടെ മധുരശബ്ദപൂൎണ്ണവുമായ ആസ്ഥാനമണ്ഡപപുണ്ഡരീകത്തിൻെറ കൎണ്ണികാമണ്ഡലംപോലെയുള്ള ഈ സിംഹാസനത്തിൽ മധുമഥനനാദി കമലകൎണ്ണികാസമാരൂഢനായ ഭഗവാൻ പിതാമഹൻെറ മഹിമയെ അധഃകരിച്ചുകൊണ്ട് ഉപവേശിക്കുക.

രാമൻ:_ ഭവാൻ പറഞ്ഞതുപോലെ (ഇരുന്നു ചിന്ത നടിച്ച്) ഇന്നു ഞാൻ പുതുതായി സുഖദുഃഖാഭിജ്ഞനായതുപോലെ തീൎന്നിരിക്കുന്നു. (വിചാരിക്കുന്നതായി നടിച്ചു കൈ ഹൃദയത്തിൽവെച്ച്)

171876
O32:2N121:11
J1;1

(4) പ്രിയതമയെ വെടിഞ്ഞിട്ടിത്രനാളും നിരാശാ-
നിഹതമഹഹ ചിത്തം സൌഖ്യദുഃഖാദിഹീനം
നിഴലതുമ്പത കണ്ടിട്ടിന്നു വീണ്ടും പിറന്നെ-
ന്മനമിത സുഖദുഃഖം രണ്ടുമിപ്പോൾ ഗ്രഹിപ്പൂ.

(ചിന്ത നടിക്കുന്നു).

വിദൂ:-(നോക്കിയിട്ട് ആത്മഗതം) അഹോ ഇപ്പോൾ ഇദ്ദേഹത്തിന്റെ അഭിപ്രായം അറിയാം. (പ്രകാശം) രാജേവേ! മുഖത്തുള്ള മുത്തുമാലയെന്ന വ്യാജേന ഈ ആസന കേസരികൾ ഗുരുതരമായ ഭാരംവഹിച്ചു ക്ഷീണം മുഴുത്തു നരയും പതയുമൊഴുക്കുന്നു; അതുകൊണ്ട് ഞാനൂഹിക്കുന്നു ഭുജയുഗളംകൊണ്ടു പൃഥിവിയേയും ഹൃദയംകൊണ്ടു പൃഥിവീപുത്രിയേയും വഹിച്ചു ഭവാൻ ഗുരുതരനായി പരിണമിച്ചിരിക്കുന്നുവെന്നു്.

രാമൻ:-(ആത്മഗതം) സീതാകഥയെ ഉപക്ഷേപിച്ചുകൊണ്ടാണ് കൌശികന്റെ ജിജ്ഞാസ. ഇദ്ദേഹം എന്റെ ബാലമിത്രമാണ്. അതുകൊണ്ട് ഇദ്ദേഹത്തിനോട് ഉള്ള സംഗതി പറയാം (പ്രകാശം) വയസ്യ, ഇതുശരിയാണ്. ഞാൻ നിരന്തരം വൈദേഹിയെ സ്മരിച്ചുകൊണ്ടേ ഇരിക്കുന്നു.

വിദൂ:-ദോഷമായിട്ടോ ഗുണമായിട്ടോ?

രാമൻ:-ദോഷമായിട്ടുമല്ല, ഗുണമ

MUL
171876

വിദൂ:-ഇതു രണ്ടും വിട്ടു പിന്നെ
കളെ സ്മരിക്കുക?

രാമൻ:-മററു ദമ്പതിമാൎക്കു് പ്രേമാവേശം കാരണാനുസരണമായിരിക്കും; സീതാരാമന്മാൎക്കു് അങ്ങിനെയല്ല.

...SITY LIBR...

(5) സൌഖ്യത്തിൽ ദുഃഖത്തിലുമേറെനാളാ-
യാത്മാവിലെപ്പോലവളിൽ ഭവിച്ചു
അസൂച്യമായ് ദോഷഗുണാനപേക്ഷം
നിർവ്യാജസിദ്ധം മമ ഭാവബന്ധം.

വിദൂ:-പൂവുപോലെ മൃദുലഹൃദയയായ വൈദേഹിയെ എന്നപോലെ നമ്മെയും അങ്ങ് അളീകമധുരവചനങ്ങളെക്കൊണ്ട് വഞ്ചിക്കുന്നു. അങ്ങിനെയെല്ലാമുള്ള അങ്ങ് ദേവിയെക്കൂടാതെ-

രാമൻ:-ഏകാന്തത്തിൽ രാമന് സീതയെപ്പററി വിചാരമില്ലെന്നു കരുതരുത്.

(6) പുറമേ കക്കശനാമെൻ
രാഗവികാരങ്ങൾ നൂനമന്തരിതം.
താമരനാളം തന്നുടെ
യകമേ സുകുമാരമായ നൂൽപോലെ.

വിദൂ:-അങ്ങ് അതിപ്രബലമായ ഹൃദയതാപത്താൽ, ബഡവാനലനാൽ മഹാസമുദ്രമെന്നപോലെ, മഹത്വത്തിനു ഹാനികൂടാതെ വർത്തിക്കുന്നു. ഞാനാകട്ടെ സീതാദേവിയുടെ ഗതിയോർത്ത് സ്വഭാവലാഘവംനിമിത്തം, കാട്ടുതീയ്യിനാൽ മഞ്ഞുതുള്ളി എന്നപോലെ, നിശ്ശേഷം വററിപ്പോകുന്നു.

(എന്നു കരയുന്നു).

രാമൻ:-സീത സ്മരണയോഗ്യയാണെന്നു ഭവാൻ കരുതുന്നുണ്ടെങ്കിൽ ഞാൻ അവളെ ഉപേക്ഷിക്കുവാൻ പുറപ്പെട്ടപ്പോൾ എന്തുകൊണ്ടു തടഞ്ഞില്ല?

വിദൂ:-പ്രസാദസുമുഖനാണെങ്കിൽകൂടി രാജാവിനോടു സേവകന്മാർക്ക് എന്തെങ്കിലുമൊന്നപേക്ഷിക്കുവാൻ പ്ര

യാസമുണ്ട്. കോപഭീഷണനാണെങ്കിൽ പിന്നെ പറയാനുണ്ടോ?

രാമൻ:-വയസ്യ, സുഹൃത്തുക്കൾ പറഞ്ഞാൽ കേൾക്കാതിരിക്കത്തക്ക വിധത്തിലൊരു കോപാവസ്ഥയിൽ എന്നെപ്പോലെയുള്ളവർ ഒരിക്കലും പെടുകയില്ല.

(7) ക്ഷിതിപതിയതിയായ് പ്രതാപമാന്നാൽ
ഗുണികളമാത്യർ തടഞ്ഞു നിർത്തിടേണം
ഭുവനമഭിതപിക്കുമംശുമാനെ
ജ്ജലധരപങ്ക്തി മറിച്ചിടുന്നുവല്ലോ.

വയസ്യ, ഈ സീതാകഥ നമുക്ക് രണ്ടുപേക്കും സന്താപമുണ്ടാക്കുന്നതാണ്. അതുകൊണ്ട് പ്രതീഹാരഭൂമിയിൽ ചെല്ലൂ. ദ്വാരപാലന്മാരോട് പറയൂ, "തപോധനന്മാർ വരാറായി, അതുകൊണ്ട് എല്ലാവരും തെയ്യാറായി നിൽക്കണം" എന്ന്.

വിദൂ:-രാജാവേ, ഫലമൂലങ്ങളും തിന്ന്, മരവുരിയുംചുററി, നീണ്ട ദണ്ഡുമൂന്നി നടക്കുന്ന ഇവരെ ഇത്രയൊക്കെ ആദരിക്കാനുണ്ടോ?

രാമൻ:-ഭവാൻെറ ഈ സന്ദേഹം യുക്തമല്ല. ആദിമൂലത്തിൽ ആത്മയോഗംമൂലം സകല ഫലങ്ങളും സമ്പാദിക്കുന്ന ജ്ഞാനികളാണ് ഇവർ. നോക്കൂ—

(8) ആപ്തപ്രദീപ്തം പരമുള്ളിലുള്ള
തേജസ്സു നൽകുന്ന യഥാർത്ഥബോധം.
സ്വയംനടത്താൻ നിജകർമ്മമഗ്നി
സമർത്ഥനോ വായു സഹായമെന്യേ?

വിദൂ:-തപോധനന്മാരുടെ വരവുകൊണ്ടു വലിയ കാര്യമുണ്ടെങ്കിൽ ഞാൻ വേഗം പോയി കല്പനപ്രകാരം

ചെയ്യാം. (പോയി വീണ്ടും പ്രവേശിച്ച്) ഇപ്പോറം ഞാൻ രാജാവിൻെറ കല്പനപ്രകാരം പ്രതിഹാരഭൂമിയിൽ ചെന്നപ്പോറം കണ്ടു രണ്ടു താപസകുമാരന്മാരെ. സ്നിഗ്ദ്ധശ്യാമളമായ കാന്തി യൌവനത്തിലേക്കു കടക്കുന്ന ദേഹം. ബാലഭാവം നിമിത്തം മംഗളത്തിൻെറ മുളകറംപോലിരിക്കുന്നു. വളച്ചതികഞ്ഞു കഴിഞ്ഞിട്ടില്ല. എപ്പോഴും അപ്രമത്തരായിരിക്കുന്നു. സൌന്ദര്യംകൊണ്ടു കന്ദർപ്പദാരകന്മാർ. ഔന്നത്യംകൊണ്ടു സാലവൃക്ഷതുല്യന്മാർ. എന്തുകാന്തി! എന്തു ധൈര്യം! എന്തു വീര്യം! എന്തു സൌന്ദര്യം! വയസ്യനെ സംഗീതകലകൊണ്ടു സന്തോഷിപ്പിക്കുവാൻ വന്നതാണത്രേ.

രാമൻ:_(സാകൂതം) അവരെ നമ്മുടെ മുമ്പാകെ കൊണ്ടുവരുന്നതിന്നു എന്താണ് പ്രതിബന്ധം?

വിദൂ:_ബാലഭാവത്താൽ അതിരമണീയന്മാരും കുതൂഹലശാലികളുമായ ഇവരുടെ കഥ കേറംക്കുക.

രാമൻ:_പറയൂ, പറയൂ.

വിദൂ:_അവർ വാല്മീകി മഹർഷിയുടെ ശിഷ്യന്മാരാണ്. വീണാപ്രയോഗത്തിൽ അത്യന്തം പ്രവീണന്മാരുമാണ്. അപൂർവ്വമായ വിദ്യ വശമുള്ളവരാണ്. അവർ ഇങ്ങിനെ പറയുന്നു— "രാജർഷിയുടെ ആറംക്കാക്കും തപോധനബഹുമാനം നിമിത്തം ഞങ്ങളെപ്പോലെ നിലത്തുതന്നെ ഇരിപ്പിടം തയ്യാറാക്കണം. മഹാപുരുഷചരിതത്തെ അവലംബിച്ച മഹാകവി രചിച്ചിരിക്കുന്നതും മഹാൎത്ഥഗംഭീരവും ദുഷ്കരവിന്യാസവും ആരും മുമ്പ് കേറംക്കാത്തതുമായ ഒരാഗമം ഞങ്ങറംക്കറിയാം. സംഗീതസംവാദിയും

സ്വരസമ്പൂർണ്ണമായ ആ വീണക്കമ്പികഠം മീട്ടി ഞങ്ങഠം പാടിക്കേറംപ്പിക്കാം. അപ്പോഠംവിജ്ഞാനവിശേഷ്യം കൊണ്ടു് പ്രസന്നഹൃദയനായ രാജാവു് എന്തു ചെയ്യുന്നു, എന്നറിയണം. ഇതാണു് ഞങ്ങഠംക്കു് ഭഗവാൻ വാല്മീകിമഹൎഷിയുടെ കല്പന". എന്നു്.

രാമൻ:_അഹോ, വിജ്ഞാനാവലേപം! വയസ്യ, ഇഷ്ടം പോലെയാവാമെന്നു പറഞ്ഞു വേഗം കൂട്ടിക്കൊണ്ടു വരു. വളരെനേരം കാത്തുനിന്നു മടുത്തു് അവർ മടങ്ങിപ്പോകാനിടയാകരുത്തു്.

വിദൂ:_എങ്ങിനെയാണു് മടുക്കുക? അവരുടെ പരസ്പര സൌഹാൎദ്ദവും ആകാരസാദൃശ്യവും കാകപക്ഷപരിഭൂഷിതമായ മുഖവും കണ്ടു് "ദശരഥമഹാരാജാവു് ഇരിക്കുന്ന കാലത്തു് രാമലക്ഷ്മണന്മാർ ഇങ്ങിനെ രാജസ്ഥാനത്തെ അലങ്കരിച്ചിരുന്നു" എന്നു് നിങ്ങളുടെ ബാല്യത്തേയും മഹാരാജാവിനേയും സ്മരിച്ചു് കണ്ണുനീർ തൂകി ദ്വാരപാലന്മാർ ഓരോന്നു് ചോദിക്കുമ്പോഠം അതിന്നു മറുപടി പറഞ്ഞുകൊണ്ടു് അവിടെ നിൽക്കുകയാണവർ.

രാമൻ:_ഞങ്ങളുടെ ശൈശവത്തെ അനുകരിക്കുന്ന ആകൃതിയാണോ അവൎക്കുള്ളതു്?

വിദൂ:_അതെ.

രാമൻ:_എന്റെ കുതൂഹലം വൎദ്ധിക്കുന്നു വേഗം കൂട്ടിക്കൊണ്ടുവരു.

വിദൂ:_ഭവാന്റെ കല്പനപോലെ.

(എന്നു പോകുന്നു).

(അനന്തരം വിദൂഷകൻ നിർദ്ദേശിക്കുന്ന മാർഗ്ഗത്തിലൂടെ കുശലവന്മാർ പ്രവേശിക്കുന്നു.)

വിദൂ:_ആര്യന്മാർ ഇതിലെ ഇതിലെ.

(ചുററി നടന്നിട്ട്)

കുശൻ:_(ലവനോട് സ്വകാര്യമായി) വത്സലവ, ഇപ്പോഠം ഭഗവാൻ വാല്മീകിയുടെ കല്പനപ്രകാരം അമ്മയെ നമസ്കരിച്ച് ഞാൻ രാജഭവനത്തിലേക്കു പുറപ്പെടുന്ന സമയത്ത് തലമുടി തലോടി നിന്നെ പർണ്ണശാലയിലേക്കു കൂട്ടിക്കൊണ്ടുപോയി അമ്മ നിന്നോട് സ്വകാര്യമായി പ്രത്യേകം ഒന്നു പറഞ്ഞില്ലേ? അതെന്താണ്?

ലവൻ:_എന്നോട് പ്രത്യേകം സ്വകാര്യമെന്നും പറഞ്ഞിട്ടില്ല. താപസജനസങ്കുലമായ പർണ്ണശാലയുടെ അകത്തുചെന്ന് എന്നെ മുറുകെ കെട്ടിപ്പിടിച്ച് നിറുകയിൽ ചുംബിച്ച് ഒന്നു പുഞ്ചിരിക്കൊണ്ട്, അല്പമൊന്ന് ശങ്കിച്ച് മെല്ലെ മെല്ലെ കർണ്ണാഭരണത്തെ സ്വസ്ഥാനത്തേക്കൊതുക്കി മുഖത്തോട് മുഖമടുപ്പിച്ച് ഇങ്ങിനെ പറഞ്ഞു__"വത്സ, നിങ്ങഠക്ക് സ്വാഭാവികമായിട്ടുള്ള അവലേപമൊന്നും അവിടെ കാട്ടരുത്. രാജാവിനെ വണങ്ങി കുശലം ചോദിക്കണം" എന്ന്.

കുശൻ:_കുശലപ്രശ്നം നല്ലതുതന്നെ. വണങ്ങുന്നതെങ്ങിനെ?

ലവൻ:_എന്താണ് എങ്ങിനെയെന്ന്?

കുശൻ:_നമ്മുടെ വംശക്കാർ ആരെയും വണങ്ങാത്തവരാണ്.

ലവൻ:_ആരാണിതു പറഞ്ഞത്?

കുശൻ:_അമ്മ.

ലവൻ:_ആ അമ്മതന്നെയല്ലേ ഇപ്പോഠം വണങ്ങുവാനും പറഞ്ഞത്? ഗുരുനിയോഗത്തെക്കുറിച്ചു പിന്നെ വിചാരിക്കാനില്ല.

കശൻ:_പോകുക. അവിടെ ചെല്ലുമ്പോഠം ഉചിതമായി തോന്നുന്നതുപോലെ ചെയ്യാം.

(ചുററിനടക്കുന്നു.)

വിദൂ:_ആയ്യന്മാർ ഇതിലെ ഇതിലെ.

രാമൻ:_(കണ്ടിട്ട്) ഓ! ആ കുട്ടികഠംതന്നെയാണ് കൌശികൻ കാണിക്കുന്ന മാഗ്ഗത്തിലൂടെ ഈ വരുന്നത്. എന്താണ് എനിക്കു പെട്ടെന്നൊരു ഭാവമാററം?

(9) അറിവില്ലിവരാരെന്നു_
മെന്തഭിപ്രായമെന്നതും
എന്നാൽകാണുന്നനേരത്തേ
കണ്ണിൽവെള്ളംനിറഞ്ഞുപോയ്.

അഥവാ ഇതിലെന്താണാശ്ചയ്യം?

(10) കാണുമ്പൊഴേക്കേതൊരുഹേതുവാലോ
സംബന്ധികഠംക്കുള്ളുകുളുത്തിടുന്നു
ചന്ദ്രോദയത്തിങ്കലലിഞ്ഞുപോവ_
തച്ചന്ദ്രകാന്തംഗുണദോഷമോത്തോ?

ഇവരുടെ ആകൃതി എങ്ങിനെയിരിക്കുന്നുവെന്നു നോക്കട്ടെ. എന്ത്? നോക്കുവാൻതന്നെ വയ്യെന്നോ? ഈ കുമാരന്മാരെ നോക്കുംതോറും മുമ്പുണ്ടായിട്ടില്ലാത്ത ഒരു വികാരസമ്മർദ്ദം എനിക്കനുഭവപ്പെടുന്നു. ഭയം, സന്തോഷം, ശോകം, ദയ എല്ലാംകൂടി ഇടതിങ്ങി എൻെറ മനസ്സു വ്യാമൂഢമായിത്തീരുന്നു. (മോഹാലസ്യമഭിനയിച്ച്) കണ്ണുനീർ വീഴുന്നുവല്ലോ! ബാഷ്പപാതംകൊണ്ട് എൻെറ

ഹൃദയസ്തംഭം പ്രശാന്തമായതുപോലെ തോന്നുന്നു. ഞാൻ സ്വസ്ഥനായിരിക്കുന്നു. കണ്ണുനീർ തുടച്ചു വീണ്ടും നോക്കട്ടെ. (നോക്കിയിട്ട്) ഗംഭീരോദാരമായ അവയവസന്നിവേശം. പ്രശാന്തമനോഹരമായ വേഷവിധാനം. വിനയമധുരമായ നടത്തം. നിശ്ചയമായും ഇവർ ഉൽകൃഷ്ടകുലജാതന്മാരായിരിക്കണം.

വിദൂ:- ഇതാ അത്രഭവാൻ രാജാവു്. ആര്യന്മാൎക്കു് ഇഷ്ടം പോലെ അടുത്തു ചെല്ലാം.

കുശൻ:- വത്സലവ, ഇപ്പോഴുംതന്നെ, വണങ്ങുന്നതിനെപ്പററി ഞാൻ പറഞ്ഞതു ഓൎക്കുന്നുണ്ടോ?

ലവൻ:- എന്നിട്ടു ഇപ്പോഴും എന്താ?

കുശൻ:- ഈ രാജാവിന്റെ അടുത്തു ചെല്ലുംതോറും ഉള്ളിലൊരു ഭയം. ശരീരം തന്നെ സ്വാധീനമല്ലാതായിപ്പോകുന്നു. എന്റെ അവലേപം എന്നെ വെടിഞ്ഞുപോയോ? ഇദ്ദേഹത്തിന്റെ മുന്നിൽ തല കുനിക്കാതെ നില്ക്കുവാൻ ഞാൻ ശക്തനല്ല. ഞാനിതാ നമസ്കരിക്കുന്നു.

ലവൻ:- എന്തു്! ആര്യനും എന്നെപ്പോലെ അവശനായിത്തീൎന്നുവോ?

(രണ്ടുപേരും നമസ്കരിക്കുന്നു)

രാമൻ:- ഭവാന്മാർ മൎയ്യാദാലംഘനം ചെയ്യരുതു്. എന്തു്! നമസ്കരിച്ചുകഴിഞ്ഞുവോ? കഷ്ടം! ബ്രാഹ്മണർ എന്നെ നമസ്കരിക്കുന്നു! (വിഷാദം നടിക്കുന്നു).

വിദൂ:- എന്താണു് അങ്ങു വിഷണ്ണനായിരിക്കുന്നതു്? ഇവരുടെ പ്രണാമത്തെ സ്വീകരിച്ചില്ലല്ലൊ. ഇതുകൊണ്ടു് അങ്ങെക്കു് ഹാനിയില്ല.

രാമൻ:_കൌശികൻ പറഞ്ഞതു ശരി. നിങ്ങഠം വളരെ ദാക്ഷിണ്യമുള്ളവരാണ്. കേഠംക്കുവിൻ—

(11) ഇപ്പോഠം ഭവാന്മാരതിസംഭ്രമത്താ-
ലെനിക്കു ചെയ്തീടിനൊരിപ്രണാമം
ഭവദ്ഗുരുക്കഠംക്കുപഹാരമായി-
ബ്ഭവിച്ചിടട്ടേ മദനുജ്ഞയാലേ.

വിദൂ:-പ്രിയവയസ്യൻെറ കല്പനക്കുതടവില്ല. ഈ പ്രണാമത്തിൻെറ പരിണാമം ഇങ്ങിനെതന്നെ.

കുശലവന്മാർ:_(എഴുന്നേററ്) മഹാരാജാവിനു കുശലം തന്നെയല്ലേ?

രാമൻ:_നിങ്ങളെ കണ്ടതുകൊണ്ടു് ഒരു വിധം കുശലം തന്നെ. ഞാൻ ഭവാന്മാരുടെ കുശലപ്രശ്നത്തിനു പാത്രമാണോ? അതിഥിയോഗ്യമായ ആലിംഗനത്തിനല്ലേ ഔചിത്യം? (ആലിംഗനംചെയ്തു്) അഹോ ഹൃദയഗ്രാഹിയായ സ്പർശം! (ആലോചിച്ച്) പുത്രപരിഷ്വംഗ സൌഖ്യമെങ്ങിനെയാണെന്നു് എനിക്കറിഞ്ഞുകൂടാ. എന്നാൽ ഇപ്പോഠം ഞാൻ അതിനു തുല്യമായ അവസ്ഥ അനുഭവിക്കുന്നു ഗൃഹസ്ഥന്മാർ തപോവനപരാങ്മുഖന്മാരായിവർത്തിക്കുന്നതു യുക്തംതന്നെ.

(അദ്ധ്യാസനത്തിൽ ഇരുത്തുന്നു.)

കുശലവന്മാർ:_ഇതു രാജാസനമാണ്. ഞങ്ങഠം ഇവിടെ ഇരിക്കുന്നതു ശരിയല്ല.

രാമൻ:_ഒരു വ്യവധാനമുണ്ടായാൽ പിന്നെ ദോഷമില്ല. അതുകൊണ്ടു് സിംഹാസനത്തിൽ എൻെറ മടിയിൽ ഇരിക്കുക.

(മടിയിൽ ഇരുത്തുന്നു.)

കുശലവന്മാർ:-(ഇഷ്ടമില്ലെന്നു നടിക്കുന്നു). രാജാവേ! അധികം ദാക്ഷിണ്യം വേണ്ട.

രാമൻ:-അധികം ലജ്ജ വേണ്ട.

(12) ഗുണഗണമിയലുന്നവക്കലാളി-
പ്പതിനതി യോഗ്യർ ശിശുക്കളാം, വയസ്സാൽ
ഹിമകരനു ലഭിപ്പു ശൈശവത്താൽ
പശുപതിമസ്തകകേതകച്ഛദത്വം.

(കണ്ണുനീർ തൂകി നോക്കിക്കൊണ്ട് പിന്നെയും ആലിംഗനം ചെയ്യുന്നു. വിദൂഷകനെ നോക്കി)

സീതയെ നാട്ടിൽനിന്നയച്ചിട്ട് എത്രകൊല്ലമായി എന്ന് ഭവാന്ന് ഓർമ്മയുണ്ടോ?

വിദൂ:-(ആലോചിച്ചിട്ട്) ഭാഗ്യംകെട്ട എനിക്ക് ഓർമ്മയുണ്ട്. (കൈവിരലുകൾകൊണ്ട് കണക്കുകൂട്ടി ഒടുവിൽ മൂന്നു കാൽവിരലുംകൂടി കൂട്ടി) അധികം കണക്കു കൂട്ടാനില്ല. തന്നെത്താൻ ദേവിയെ ദൂരത്തയച്ചുകളഞ്ഞിട്ട് ഇന്നേക്കു പത്തുസംവത്സരമായിരിക്കുന്നു:

രാമൻ:-(കുട്ടികളെ നോക്കി) കേടുകൂടാതെ പ്രസവിച്ചു കുട്ടികൾ വളൎന്നുവരികയാണെങ്കിൽ അവർ ഈ പ്രായമാകുമായിരുന്നു.

വിദൂ:-കഷ്ടം! ഭാഗ്യംകെട്ട ഞാൻ ഈ അജ്ഞാതവിപ്രയുക്തപുത്ര കഥകൊണ്ട് സ്തംഭിച്ചുപോയിരിക്കുന്നു.

(കരയുന്നു).

രാമൻ:-ഞാനും ഈ താപസകുമാരന്മാരെ കണ്ടു അസഹ്യവേദനയായ ഒരവസ്ഥയിലായിരിക്കുന്നു.

(13) ഏതേതവസ്ഥാന്തരമാത്മപുത്ര-
നാണെന്നു ചിന്തിപ്പു വിദേശവാസി
അതാതു ചേരുന്ന കുമാരനെക്ക-
ണ്ടവന്നുദിക്കുന്നു ദയാർദ്രഭാവം.

(കെട്ടിപ്പുണന്നു കരയുന്നു).

വിദൂ:-(സംഭ്രമത്തോടുകൂടി) അയ്യോ! വിട്ടു, വിട്ടു. പാമ്പ്, പാമ്പ്! തപസ്വികുമാരന്മാർ ജീവിച്ചിരിക്കട്ടെ. സിംഹാസനത്തിൽ നിന്നിറങ്ങട്ടെ.

രാമൻ:-(സംഭ്രമിച്ചു കുമാരന്മാരെ വിട്ട്) വയസ്യ, എന്താണിത്?.

വിദൂ:-അയോദ്ധ്യയിലെ വൃദ്ധന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്- "രഘുകുലജാതനല്ലാത്ത ഒരാൾ ഈ സിംഹാസനത്തിൽ കേറിയാൽ അവൻെറ തല ഉടനെത്തന്നെ നൂറായിനുറുങ്ങിപ്പോകു"മെന്ന്.

രാമൻ:-(ആവേഗത്തോടുകൂടി) ഇറങ്ങൂ വേഗം.

(രണ്ടുപേരും ഇറങ്ങി ഭൂമിയിൽ ഇരിക്കുന്നു).

രാമൻ:-ഭവാന്മാർക്കു സ്വാസ്ഥ്യം തന്നെയല്ലേ? മൂർദ്ധാവിന്നു യാതൊരു കേടും പററിയിട്ടില്ലല്ലോ.

രണ്ടുപേരും:-ഞങ്ങൾക്കു സ്വാസ്ഥ്യംതന്നെ. മൂർദ്ധാവിന്നു യാതൊരു കേടും പററിയിട്ടില്ല.

വിദൂ:-അഹോ ആശ്ചര്യം ആശ്ചര്യം! യാതൊരു കേടും കൂടാതെ സ്വസ്ഥശരീരന്മാരായിരിക്കുന്നു.

രാമൻ:-ഇതിലെന്താണാശ്ചര്യം? (കുട്ടികളെ ചൂണ്ടിക്കാണിച്ച്) സ്വസ്ത്യയനപരിഗൃഹീതങ്ങളാണ് തപസ്വിശരീരങ്ങൾ നോക്കു—

(14) തപസ്സിൻചട്ടയിട്ടോരിൽ
നിഷ്ഫലങ്ങളാം ശരങ്ങളും
ഇന്ദ്രൻെറ കുലിശംപോലും
കുണ്ഠമെന്നതു നിർണ്ണയം.

(കുമാരന്മാരെ ഉദ്ദേശിച്ച്)

ഭവാന്മാർ വെറും നിലത്തിരിക്കുന്നുവോ?

കുശലവന്മാർ:-ഇതു ആദ്യംമുതല്ക്കുതന്നെ ശീലിച്ചതാണ്:

രാമൻ:-അങ്ങിനെയോ?

വിദൂ:-രാജാവേ! ഇവർ അതിഥികളാണ്. അതുകൊണ്ടു് സല്ലാപംകൊണ്ടു് ആതിഥ്യം നിർവ്വഹിക്കു.

രാമൻ:-ഭവാന്മാരുടെ സൌന്ദര്യം കണ്ടുണ്ടായ കൌതുകം കൊണ്ടു് ചോദിക്കയാണ്. ഏതു വർണ്ണവും ആശ്രമവു മാണ് ഭവാന്മാരുടെ ജന്മദീക്ഷകളാൽ അലങ്കരിക്ക പ്പെടുന്നതു്?

കുശൻ:-(ലവൻെറ നേരെ ആംഗ്യം കാണിക്കുന്നു.)

ലവൻ:-രണ്ടാമത്തെ വർണ്ണം; ഒന്നാമത്തെ ആശ്രമം.

രാമൻ:-ഇവർ ബ്രാഹ്മണരല്ല. അതുകൊണ്ടു് പ്രണാമപ്ര യോഗത്തിലും ന്യൂനാസനസ്വീകാരത്തിലും അല്പ ദോഷമേ ഉള്ളു. ക്ഷത്രിയകുലപ്രവത്തകന്മാരായ സൂര്യ്യചന്ദ്രന്മാരിൽ ആരാണ് ഭവാന്മാരുടെ വംശ കത്താവു്?

ലവൻ:-ഭഗവാൻ സഹസ്രരശ്മി.

രാമൻ:-ഓഹോ! എൻെറ കുലംതന്നെയാണല്ലോ.

വിദൂ:-രണ്ടുപേരുടേയും മറുപടി ഒന്നുതന്നെയാണോ?

രാമൻ:-നിങ്ങൾ രണ്ടുപേക്കും തമ്മിൽ വല്ല രക്തബന്ധ വുമുണ്ടോ?

ലവൻ:-ഞങ്ങൾ സോദരന്മാരാണ്.

രാമൻ:-ഛായ യോജിച്ചിരിക്കുന്നുണ്ട്. ആരാണ് ജ്യേഷ്ഠൻ? എന്താണ് പേര്?

ലവൻ:-(അഞ്ജലികൊണ്ട് നിർദ്ദേശിച്ച്) ഞാൻ ആര്യന്റെ പാദാഭിവന്ദനം ചെയ്യുമ്പോൾ 'ലവൻ ഇതാ അഭിവാദ്യം ചെയ്യുന്നു' എന്നു പറയും. ആര്യൻ ഗുരുവന്ദനം ചെയ്യുമ്പോൾ—(അറിവില്ലെന്നു നടിക്കുന്നു.)

കുശൻ:-ഞാൻ 'കുശനിതാ അഭിവാദ്യം ചെയ്യുന്നു' എന്നു പറയും.

രാമൻ:-അഹോ, ഉദാത്തരമ്യമായ സമുദായാചാരം!

വിദൂ:-പേരു മനസ്സിലായി. ആരാണ് ജ്യേഷ്ഠനെന്നു പറഞ്ഞില്ലല്ലോ.

രാമൻ:-അഞ്ജലിനിർദ്ദേശംകൊണ്ടും പേരുച്ചരിക്കാത്തതുകൊണ്ടും കുശനാണ് ജ്യേഷ്ഠനെന്നു സ്പഷ്ടമാക്കിയല്ലോ.

വിദൂ:-ഇപ്പോൾ ശരിക്കു മനസ്സിലായി.

രാമൻ:-ഭവാന്മാരുടെ ഗുരുവിന്റെ പേരെന്താണ്?

ലവൻ:-ഭഗവാൻ വാല്മീകി.

രാമൻ:-ബന്ധം എന്ത്?

ലവൻ:-ഉപനയനോപദേശബന്ധം.

രാമൻ:-ഞാൻ ഭവാന്മാരുടെ ശരീരദാതാവായ പിതാവിനെ അറിയാനാഗ്രഹിക്കുന്നു.

ലവൻ:-എനിക്ക് അദ്ദേഹത്തിന്റെ പേരറിഞ്ഞുകൂടാ. ആശ്രമത്തിൽ ആരും അദ്ദേഹത്തിന്റെ പേര് പറയാറില്ല.

രാമൻ:-അഹോ മാഹാത്മ്യം!

കുശൻ:-എനിക്കറിയാം അദ്ദേഹത്തിന്റെ പേര്.

രാമൻ:_പറയൂ.

കുശൻ:_നിർദ്ദയൻ.

രാമൻ:_(വിദൂഷകനെ നോക്കി) അപൂർവ്വമായൊരു പേരു്.

വിദൂ:_(ആലോചിച്ചു്) ഇങ്ങിനെ ചോദിച്ചു നോക്കാം. നിർദ്ദയനെന്നു് ആരാണു് പറയാറു്?

കുശൻ:_അമ്മ.

വിദൂ._കോപിച്ചിരിക്കുമ്പോഴോ ഇങ്ങിനെ പറയുക പതിവു്? അതോ സമാധാനമായിരിക്കുമ്പോഴോ?

കുശൻ:_ഞങ്ങൾ കുട്ടികൾ വല്ല വികൃതിയും കാട്ടിയാൽ ഇങ്ങിനെ ചീത്ത പറയും—"നിർദ്ദയൻെറ കുട്ടികളേ! വികൃതി കാട്ടരുതു്."

വിദൂ:_ഇവരുടെ അച്ഛനു് നിർദ്ദയനെന്നാണു് പേരെങ്കിൽ അയാൾ ഇവരുടെ അമ്മയെ അവമാനിച്ചു പറഞ്ഞയച്ചതായിരിക്കണം. അയാളോടു് ഒന്നും ചെയ്യാൻ കഴിയാതെ അവൾ ഇത്തരം വാക്കുകൾകൊണ്ടു് കുട്ടികളെ ശകാരിക്കുകയായിരിക്കണം.

രാമൻ:_കൌശികൻ മനസ്സിലാക്കിയതു് ശരി. (നിശ്വസിച്ചു്) ഞാൻ വല്ലാത്ത ദുഷ്ടൻതന്നെ. ആ സാധ്വസ്ത്രീ ഞാൻ ചെയ്ത തെററുനിമിത്തം കുട്ടികളോടു ഇങ്ങിനെ കോപിച്ചു ചീത്തപറയുന്നു. (കണ്ണുനീർ തൂകിക്കൊണ്ടു് നോക്കുന്നു.) തത്രഭവാൻ നിർദ്ദയൻ നിങ്ങളുടെ ആശ്രമത്തിൽതന്നെയുണ്ടോ?

ലവൻ:_ഇല്ല.

രാമൻ:_(സംഭ്രമത്തോടുകൂടി) കേൾക്കുന്നുണ്ടോ?

ലവൻ:_(കുശനെ നോക്കുന്നു.)

കുശൻ:_ഞങ്ങൾ അദ്ദേഹത്തിൻെറ കാൽക്കൽ നമസ്കരിച്ചിട്ടേ ഇല്ല. അമ്മയുടെ ജടപിടിച്ച മുടി സൂചിപ്പി

ക്കുന്നു, അദ്ദേഹമാണ് അമ്മയുടെ നെടുവീർപ്പുകൾക്കെല്ലാം കാരണമെന്ന്.

രാമൻ:—അദ്ദേഹം ഭവാന്മാരെ ഒരിക്കലും ചുംബിച്ചിട്ടുമില്ലയോ?

കുശൻ:—അതുമില്ല.

രാമൻ:—അതിദീർഘവും ദാരുണവുമായ പ്രവാസംതന്നെ. ഇത്രകാലമായിട്ടും ഒന്നു കാണുവാൻകൂടി കഴിഞ്ഞിട്ടില്ലല്ലോ. (വിദൂഷകനെ നോക്കി, ജനാന്തികം) കുതൂഹലംനിമിത്തം, ഇവരുടെ അമ്മയുടെ പേരറിയുവാൻ എനിക്കാഗ്രഹമുണ്ട്. സ്ത്രീകളുടെ വർത്തമാനം ചോദിക്കുന്നത് യുക്തവുമല്ല, വിശേഷിച്ചും തപോവനത്തിൽ അതുകൊണ്ട് എന്താണ് വേണ്ടത്?

വിദൂ:—(ജനാന്തികം) ബ്രാഹ്മണക്ക് എന്തും പറയാം. ഞാൻ ചോദിക്കാം. (പ്രകാശം) നിങ്ങളുടെ അമ്മക്ക് എന്താണ് പേര്?

ലവൻ:—അമ്മക്ക് രണ്ടു പേരുണ്ട്.

വിദൂ:—അതെങ്ങിനെ?

ലവൻ:—തപോവനവാസികൾ ദേവി എന്നു വിളിക്കുന്നു. ഭഗവാൻ വാല്മീകിവധു എന്നും.

രാമൻ:—ഏതു ക്ഷത്രിയകുലമാണ് വാല്മീകിയുടെ വധൂശബ്ദംകൊണ്ട് ഉന്നതമായിത്തീർന്നത്?

വിദൂ:—ക്ഷത്രിയകുലത്തിൻെറ പരപ്പുനിമിത്തം ഏതു ക്ഷത്രിയകുലമാണെന്നറിയുന്നില്ല.

രാമൻ:—വയസ്യ, ഒരു നിമിഷനേരത്തേക്ക് ഒന്നിങ്ങോട്ടു വരൂ.

വിദൂ:—(അടുത്തുചെന്നിട്ട്) ഭവാൻ ആജ്ഞാപിച്ചാലും.

രാമൻ:_കുട്ടികളുടേയും എൻെറയും കുടുംബവൃത്താന്തം എല്ലാംകൊണ്ടും യോജിച്ചിരിക്കുന്നു, ഇല്ലേ?

വിദൂ:_എങ്ങിനെ?

രാമൻ:_നോക്കൂ. ഇവക്കും സീതയുടെ ഗർഭത്തിനും പ്രായമൊക്കും. രണ്ടുപേരും സൂര്യവംശത്തിൽ പിറന്ന ക്ഷത്രിയകുമാരന്മാർ. അച്ഛനെപ്പിരിഞ്ഞിരിക്കുന്നവർ. രാജാസനത്തിൽ കേറുമ്പോഠം വികാരമുണ്ടാകുന്നതുമില്ല. ഇവരുടെ അച്ഛന്ന് നിഷ്ഠുരതയെ സൂചിപ്പിക്കുന്ന നിർദ്ദയശബ്ദം. അമ്മയ്ക്കു് മാഹാത്മ്യസൂചകമായ ദേവീശബ്ദം. എല്ലാംകൊണ്ടും ഈ ഈ സാദൃശ്യബാഹുല്യത്താൽ മന്ദഭാഗ്യനായ ഞാൻ പര്യാകുലനായിരിക്കുന്നു. (പാരവശ്യം നടിക്കുന്നു)

വിദൂ:_ഇവർ സീതാപുത്രരാണെന്നാണോ ഭവാൻെറ അഭിപ്രായം?

രാമൻ:_അല്ലല്ല. കഷ്ടം! തപോവനത്തിൽ പാക്കുന്നവരിൽ ഇത്തരം ബന്ധം എങ്ങിനെയാണാരോപിക്കുക? പക്ഷെ—

(15) ഈ രണ്ടുകുട്ടികഠം,വയസ്സ്,കുലം,ശരീരാ_
കാരം, വിപദ്ഗതിയിതൊക്കെ നിനച്ചിടുമ്പോഠം
അമ്മൈഥിലിക്കഹഹ! വന്നൊരവസ്ഥയിങ്ങു
മന്മാനസത്തെയതിമാത്രമിളക്കിടുന്നു.

(ചിന്താശോകം നടിക്കുന്നു)

(അണിയറയിൽ)

ഹേ ഹേ ഇക്ഷ്വാകുകുലജാതരായ കുശലവന്മാരിൽ ആരാണിവിടെയുള്ളതു്?

കുശലവന്മാർ:-(കേട്ടിട്ട്) ഞങ്ങറം രണ്ടുപേരുമുണ്ട്.

(വീണ്ടും അണിയറയിൽ)

എന്താണ് ഇത്രനേരമായിട്ടും കല്പനയനുഷ്ഠിക്കാത്തത്?

(16) വാല്മീകിമാമുനിരചിച്ച, മഹാരഥാഗ്ര്യ
നാകും പുരാണപുരുഷൻെറ വിശിഷ്ടവൃത്തം
കേറംപ്പിക്കവേണമുടനേ രഘുനായകന്ന്;
തെററല്ല മദ്ധ്യസവനത്തിനുമുള്ളകാലം.

കുശലവന്മാർ:-രാജാവേ, ഉപാദ്ധ്യായൻെറ ദൂതൻ ഞങ്ങളെ ബദ്ധപ്പെടുത്തുന്നു.

രാമൻ:-മഹാത്മസംവിധായിയായ മുനിനിയോഗത്തെ ഞാനും മാനിക്കണമല്ലോ.

(17) ഭവാന്മാർപാടുന്നു, കവിയിഹ പുരാണൻമുനിവരൻ,
നവംവാക്കുന്ദർഭം ക്ഷിതിയിതിലിതൊന്നാമതുദിതം,
അതിശ്ലാഘ്യം ശ്രീമത്സരസിരുഹനാഭൻെറ കഥയും
ശ്രുതിപ്പോർക്കേകുന്നു രസവുമിതഹോപുണ്യഗതിയും.

വയസ്യ, മനുഷ്യർക്ക് ഈ സാരസ്വതാവതാരം അപൂർവ്വമാണ്. അതുകൊണ്ട് സുഹൃജ്ജനങ്ങളോടൊത്തു കേറംക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭ്യന്മാരെയെല്ലാം വിളിച്ചുവരുത്തു, സൌമിത്രിയെ എൻെറ അടുക്കലേക്ക് അയക്കു. ഞാനും ഇവക്കു കുറെ നേരമായി ഇരുന്നതുകൊണ്ടുണ്ടായ മടുപ്പു തീക്കുവാൻ കുറച്ചു നടക്കട്ടെ.

(എന്നു എല്ലാവരും പോകുന്നു.)

അഞ്ചാമങ്കം കഴിഞ്ഞു.

# ആറാമങ്കം

(അനന്തരം കഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചു:- രാജാവിൻെറ കല്പന നിർവ്വഹിച്ചു കഴിഞ്ഞു. ഇനി ഇവിടെ ഇരിക്കുന്ന സ്വാമിയെ ചെന്നുകാണട്ടെ. (നോക്കിയിട്ട്) ഇതാ സ്വാമി വന്നുവല്ലോ.

(1) ശീലശാലികൾ മൂന്നാള-
മൊന്നിച്ചിങ്ങു വരുന്നിതാ
വേദത്രയാലങ്കൃതമാ-
മശ്വമേധമതെന്നപോൽ.

(അനന്തരം കുശലവന്മാരാൽ അനുഗമ്യമാനനായ രാമനും, ലക്ഷ്മണനും പ്രവേശിക്കുന്നു).

(എല്ലാവരും ചുററിനടക്കുന്നു.)

കഞ്ചു:-(അടുത്തു ചെന്നിട്ട്) ആര്യൻ ജയിച്ചാലും. ഇതാ ആസ്ഥാനമണ്ഡപം തയ്യാറായിരിക്കുന്നു. ഇതാ ആസനം. (എല്ലാവരും ഇരിക്കുന്നു)

കഞ്ചു:- ദേവൻ ഇങ്ങോട്ടു നോക്കു. രാഘവന്മാരും പൌരജാനപദന്മാരും അങ്ങയെ മാനിക്കുന്നു.

രാമൻ:-(കണ്ടിട്ട്) ഇതെന്താണ് ഇവിടെ ഒരു തിരശ്ശീല കെട്ടി മറച്ചിരിക്കുന്നത്?

കഞ്ചു:—

(2) ഇതു കൌസല്യതൊട്ടുള്ള
മഹാദേവികൾ മൂന്നുപേർ
ഭരതാദികൾ മൂന്നാൾതൻ
വധുക്കളിത മൂന്നുപേർ.

ല:-(കഞ്ചുകിയെ ഉദ്ദേശിച്ച്) ആര്യ, വൈദേഹിയെ ദേ

വികളുടെ കൂട്ടത്തിലും ഗണിക്കുന്നില്ല, വധുക്കളുടെ കൂട്ടത്തിലും ഗണിക്കുന്നില്ല, അല്ലേ?

രാമൻ:-(നിശ്വസിച്ചിട്ട്) കഞ്ചുകി, ഇനി പോയി സ്വസ്ഥാനത്തിരുന്നുകൊള്ളുക.

കഞ്ചു:-പറഞ്ഞതുപോലെ.

(എന്നു പോകുന്നു)

രാമൻ:-ആര്യന്മാരേ, ആരംഭിക്കാം.

കുശലവന്മാർ:-

(3) പരിഗ്രഹിച്ചു രാജാവു
ധർമ്മപത്നികൾ മൂവരെ
കൌസല്യ പിന്നെക്കൈകേയി
സുമിത്രയിതവർക്കുപേർ.

രാമലക്ഷ്മണന്മാർ:-(സന്തോഷത്തോടെ) അച്ഛനെത്തന്നെ കവി കഥാനായകനാക്കി കല്പിച്ചിരിക്കുന്നു.

(രണ്ടുപേരും നമസ്കരിച്ച് ആസനത്തിൽനിന്നു ഇറങ്ങിയിരിക്കുന്നു.)

കുശലവന്മാർ:-

(4) കൌസല്യ രാമനെപ്പെററു

ല:-(നമസ്കരിക്കുന്നു)

കുശലവന്മാർ:-ഭരതൻതന്നെ യന്ന്യയും
ശത്രുഘ്ന ലക്ഷ്മണന്മാരെ-
പ്പെററുപിന്നെ സുമിത്രയും.

രാമൻ:-(ലക്ഷ്മണനെ ആശ്ലേഷിക്കുന്നു).

കുശലവന്മാർ:-

(5) ഭാര്യയായ്‌വന്നു രാമന്നു
സീത, ലക്ഷ്മണനൂർമ്മിള

ശത്രുഘ്നനും ഭരതനും
കുശദ്ധ്വജ കുമാരിമാർ.

(6) ബാല്യയൌവന മദ്ധ്യത്തിൽ
വർത്തിക്കും രാജനന്ദനർ
ഭാര്യമാരിൽ നവോൽക്കണ്ഠാ—
പാരവശ്യമിയന്നുതേ.

ല:_രമണീയംതന്നെ.

രാമൻ:_കാലം കളയേണ്ട. പാടുക.

(7) ഞങ്ങളന്നു കുമാരന്മാർ
താതൻ തലനരച്ചവൻ.
അന്നയോദ്ധ്യയിലിന്നുള്ള
മാമരങ്ങൾ കുരുന്നുകൾ.

കുശലവന്മാർ:—

(8) അന്നുരാമാഭിഷേകത്തി_
ന്നൊരുക്കങ്ങൾ നടക്കവേ,
അമ്മാത്തമ്മാമനെക്കാണ്മാൻ
ഭരതൻ പോയിരിക്കവേ,

രാമൻ:_(ആത്മഗതം) മദ്ധ്യമാംബയെ നിന്ദിച്ചേക്കും. (പ്രകാശം) ആ ഘട്ടം വിട്ടു സീതാപഹരണം മുതൽക്കു പാടുക.

കുശലവന്മാർ:—

(9) അക്കാലം പെണ്ണുങ്ങൾ ചൊല്ലീട്ടു
സൌന്ദര്യം കേട്ട രാവണൻ
കട്ടു വൈദേഹിതൻ ദേഹം
ചാരിത്രം തൊട്ടതില്ലവൻ.

ല:_(രാമനെ നോക്കുന്നു).

കുശലവന്മാർ:—

(10) സിന്ധുവിൽ സേതു ബന്ധിച്ചു
പോരിൽക്കൊന്നു ദശാസ്യനെ
സീതയോടൊത്തു സാകേത
പുരിപുക്കിതു രാഘവൻ.

രാമൻ:—അഹോ, വല്ലാതെ സംക്ഷേപിച്ചുവല്ലോ.

കുശലവന്മാർ:—

(11) രാജ്യം പ്രാപിച്ചു രാജേന്ദ്രൻ
ജനവാദപ്രചോദിതൻ
സൌമിത്രിയെ വിളിച്ചോതീ
"സംത്യജിക്കുക സീതയേ".

(12) ഗർഭത്തിൽ രാമസന്താനം
വഹിക്കുന്നൊരു സീതയേ-
അനാഥയായശ്രുവാർത്തു
കേഴും ശോകാഭിതപ്തയെ-

(13) മാനുഷാവാസമററേററം-
ക്രൂരജന്തുക്കൾ തിങ്ങിടും
ഘോരകാന്താരമദ്ധ്യത്തിൽ
വിട്ടുപോയിതു ലക്ഷ്മണൻ.

ല:—അഹോ, ലക്ഷ്മണനു വനചരന്റെ കീർത്തി!

രാമൻ:—നിനക്കെന്താണിതിലപരാധം?

രാമപരാക്രമങ്ങളാണിപ്പാടുന്നതു്. പിന്നെ-

കുശലവന്മാർ:—പാട്ടിതുവരെയേ ഉള്ളു.

രാമൻ:—(സോദ്വേഗം) ലക്ഷ്മണ, കഷ്ടമായല്ലോ.

രണ്ടുപേരും:—

(14) നിരാശയായ വൈദേഹി
താനേ കഥകഴിച്ചിതു.
അനിഷ്ടകഥ ശങ്കിച്ചു
കവിയും കഥ നിൎത്തിനാൻ.

കുശൻ:—(ലവനോട് സ്വകാൎയ്യമായി) ഈ മഹാഭാഗന്മാർ സീതാകഥയിൽ വളരെ വിഷണ്ണന്മാരായി കാണുന്നു. അതുകൊണ്ട് ചോദിക്കട്ടെ. (ലക്ഷ്മണനോട്) രാമായണകഥാനായകന്മാരായ രാമലക്ഷ്മണന്മാരാണോ ഭവാന്മാർ?

ലക്ഷ്മ:—ആ ക്ലേശഭാജനങ്ങൾ തന്നെയാണ് ഞങ്ങൾ.

കുശൻ:—അങ്ങാണോ സീതയെ കൊണ്ടുപോയി വിട്ടതു്?

ലക്ഷ്മ:—(ലജ്ജയോടെ) ഭാഗ്യംകെട്ട ഞാൻതന്നെയാണതു് ചെയ്തതു്.

കുശൻ:—സീത രാമൻെറ ധൎമ്മപത്നിയാണോ?

ലക്ഷ്മ:—അതെ.

കുശൻ:—സീതയുടേയോ അവളുടെ ഗൎഭത്തിൻെറയോ വല്ല വിവരവും പിന്നീടറിഞ്ഞുവോ?

ലക്ഷ്മ:—നിങ്ങളുടെ പാട്ടുകൊണ്ടറിഞ്ഞു.

രാമൻ:—ഇനി ഇവർ മംഗളമറിയിച്ചേക്കുമോ? (ആലോചിച്ചിട്ടു്) ഇങ്ങിനെ ചോദിക്കാം. ആൎയ്യന്മാരേ, നിങ്ങൾ ഇത്രയേ പഠിച്ചുകഴിഞ്ഞിട്ടുള്ളുവെന്നോ, ഗ്രന്ഥംതന്നെ ഇത്രയേ ഉള്ളുവെന്നോ?

കുശൻ:—ഞങ്ങൾക്കറിഞ്ഞുകൂടാ.

രാമൻ:—കണ്വനോട് ചോദിക്കാം. ലക്ഷ്മണ, കണ്വനെ വിളിക്കു.

(ലക്ഷ്മണൻ പോയിട്ടു് കണ്വനോടുകൂടി വീണ്ടും പ്രവേശിക്കുന്നു)

കണ്വൻ:_(നോക്കിയിട്ടു്)

(15) ശ്രീരാമനേററം നയനാഭിരാമൻ
സീതാസുതന്മാരരികത്തിരിപ്പു..
യദൃച്ഛയാ തിഷ്യപുനർവ്വസുക്കൾ
പാൎശ്വത്തിൽ നിൽക്കും ഹിമരശ്മിപോലെ.

ലക്ഷ്മ:_ആൎയ്യ, കണ്വനിതാ വന്നിരിക്കുന്നു.

രാമൻ:_(നമസ്കരിച്ചിട്ടു്) ഇതാ ആസനം ഇരിക്കു.

കണ്വൻ:_(ഇരുന്നിട്ടു്) രാമായണം കേൾക്കുവാനുള്ള കൌതുകമാണെങ്കിൽ, പറയൂ, ഏതുവരെയാണു കുശലവന്മാർ ചൊല്ലിയതു്?

ലക്ഷ്മ:_"മാനുഷാവാസമഭേററം" (എന്ന പദ്യംചൊല്ലി) ഇതുവരെയാണു് കുശലന്മാർ പാടിയതു്.

കണ്വൻ:_അതിനുശേഷം കേൾക്കുക.

രാമൻ:_മററു ഗതിയെന്തു്?

കുശലവന്മാർ:_രാമപത്നിയുടെ മംഗളകഥ പാടുന്നു.

കണ്വൻ:—

(16) ശിഷ്യർ ചൊല്ലിയറിഞ്ഞിട്ടു
വാല്മീകി മുനി സീതയെ
ആശ്വസിപ്പിച്ചു പിന്നെത്ത-
ന്നാശ്രമത്തിങ്കലാക്കിനാൻ.

രാമൻ:_ഭഗവാൻ രഘുകുലത്തെ അനുഗ്രഹിച്ചു. ഭഗവാൻ എന്നെ അഭ്യുദ്ധരിച്ചു.

കുശലവന്മാർ:_ഭാഗ്യവശാൽ രാമപത്നിക്കുകുശലംതന്നെ.

(എല്ലാവരും സന്തോഷം നടിക്കുന്നു)

കുശൻ:_വത്സലവ, വാല്മീകി തപോവനത്തിൽ സീതയെന്നു പറയുന്നതാരാണ്?

ലവൻ—ആരുമില്ല. വെറുതെ പാട്ടിൽ കെട്ടിച്ചേർത്തതാണ് സീത സീത എന്ന അക്ഷരങ്ങൾ.

രാമൻ:_പിന്നെ, പിന്നെ.

കണ്ഠൻ:—

(17) കാലം തികഞ്ഞു വൈദേഹി
പെററു രണ്ടു കുമാരരെ.
ഗഗനസ്ഥലിയാദിത്യ-
സുധാകരരെയെന്നപോൽ.

ലക്ഷ്മ:_ആര്യൻ ജയിച്ചാലും. ഭാഗ്യത്താൽ രാഘവകുലത്തിന്ന് അഭിവൃദ്ധി വന്നുചേരുന്നു.

കുശലവന്മാർ:—പുത്രജന്മത്താൽ മഹാരാജാവു ജയിച്ചാലും.

രാമൻ:_(സ്വഗതം) കുശലവന്മാരായിരിക്കുമോ?

കണ്ഠൻ:—

(18) ജാതകർമ്മമതും ചെയ്തു
വിധിപോലെ മഹാമുനി
പേരും കുശലവന്മാരെ-
ന്നവൎക്കിട്ടു യഥാക്രമം.

രാമൻ:_എന്ത്! ഇവർതന്നെയാണോ സീതാതനയന്മാർ? ഹാ പുത്രകുശ! ഹാ പുത്രലവ!

ലക്ഷ്മ:_ദേവിയിലുളവായ ആര്യപ്രതിബിംബമാണിവർ.

കുശലവന്മാർ:_അദ്ദേഹമാണോ ഇത്? അച്ഛ, രക്ഷിക്കണേ.

(എല്ലാവരും അന്യോന്യം ആലിംഗനംചെയ്തു മോഹാലസ്യപ്പെടുന്നു.)

കണ്വൻ-(വിഷാദത്തോടെ) ഇതു വലിയ കഷ്ടമായല്ലോ.

(19) മന്ദഭാഗ്യനിവൻ പാടും
മംഗളം കഥ കേൾക്കവേ
രഘുപ്രവീരർ നാലാളും
ഹന്ത മൂർച്ഛിച്ചു വീണുപോയ്.

(നോക്കിയിട്ടു്) ഭാഗ്യത്താൽ ശ്വാസമുണ്ടെന്നു തോന്നുന്നു. ഞാൻ ഈ വൃത്താന്തം ഭഗവാനേയും ദേവിയേയും അറിയിക്കട്ടെ.

(എന്നു പോകുന്നു).

---

(അനന്തരം വാല്മീകിയും സംഭ്രമത്തോടുകൂടി സീതയും പ്രവേശിക്കുന്നു.)

വാല്മീകി:-വത്സേ, വേഗമാകട്ടെ. താമസിക്കരുതു്. മോഹാലസ്യപ്പെട്ടു കിടക്കുമ്പോൾ ഉടനെ പ്രതിവിധി ചെയ്യാഞ്ഞാൽ വൈഷമ്യം വരുവാനിടയുണ്ടു്.

സീത: പറയൂ, വേഗംപറയൂ. രാഘവന്മാർ ജീവിച്ചിരിപ്പില്ലേ?

വാല്മീ:-ആശ്വസിക്കു. രാഘവന്മാർ ജീവിച്ചിരിപ്പുണ്ടു്. ശ്വാസം കാണുന്നില്ലേ?

സീത:-താതന്റെ വാക്കുകൊണ്ടു് എനിക്കുറപ്പായി.

വാല്മീ: (അന്വേഷണം അഭിനയിച്ചു്)

(20) അങ്ങു കണ്ണുകളയക്കു, മൈഥിലീ,
നല്ലപോലെയതി ധൈര്യമാന്നു നീ.
തദ്കഥാ പ്രളയവാതമേൽക്കയാൽ
നോക്കു, രാഘവകുലം പതിച്ചുപോയ്.

സീത:_(ലജ്ജയോടെ) ഭഗവൻ, ആൎയ്യപുത്രനെ കാണ്മാൻ എനിക്ക് അനുവാദമില്ല.

വാല്മീ:_(ഉറപ്പിച്ചുകൊണ്ട്) ഞാനുള്ളപ്പോൾ ആരാണ് അനുവാദത്തിനും പ്രതിഷേധത്തിനും? പോക; ഇദ്ദേഹത്തെ ചെന്നു കാണ്മാൻ ഞാൻ, വാല്മീകി, അനുജ്ഞ തന്നിരിക്കുന്നു. ശങ്ക കൂടാതെ ഭൎത്താവിന്റെ അടുത്തു ചെല്ലു.

സീത:_(നോക്കിയിട്ട്) ഇങ്ങിനെയായിരിക്കുന്നോ? എല്ലാം കൊണ്ടും ഞാൻ ഭാഗ്യംകെട്ടവൾ തന്നെ. (വീണു കരയുന്നു.)

വാല്മീ:_എഴുന്നേൽക്കു. ആശ്വസിക്കു. ഞാനും രാമലക്ഷ്മണന്മാരെ ആശ്വസിപ്പിക്കട്ടെ. വത്സരാമ, വത്സലക്ഷ്മണ, ആശ്വസിക്കു.

സീത:_മകനേ കുശ, മകനേ ലവ, ആശ്വസിക്കു, ആശ്വസിക്കു.

(വെള്ളം തളിക്കുന്നതായി നടിക്കുന്നു.)

രാമൻ:_(മൂർഛവിട്ട്) ആൎയ്യ കണ്വ, വൈദേഹി ജീവിച്ചിരിപ്പുണ്ടോ?

വാല്മീ:_മുന്നിൽ തന്നെയുണ്ട്.

രാമൻ:_(കണ്ടിട്ട്) ഓഹോ, ഭഗവാൻ വന്നിരിക്കുന്നുവോ? (ലജ്ജ നടിക്കുന്നു).

വാല്മീ:_ലജ്ജവേണ്ട. കളത്രവിഷയമായ അനുകമ്പയത്രേ വേണ്ടത്.

ലക്ഷ്മ:_(ആശ്വസിച്ച്) ആൎയ്യനു മോഹാലസ്യം വിട്ടിരിക്കുമോ?

രാമൻ:_മന്ദഭാഗ്യനായ ഞാൻ മൂർഛ വിട്ടുണൎന്നിരിക്കുന്നു.

കുശലവന്മാർ:_(ആശ്വസിച്ചിട്ട്) അച്ഛ, രക്ഷിക്കണേ(എന്നു കാൽക്കൽവീണു കരയുന്നു).

രാമലക്ഷ്മണന്മാർ:-(ആലിംഗനം ചെയ്തു ആശ്വസിപ്പിക്കുന്നു) കുട്ടികളേ, ശോകമരുത്.

വാല്മീകി:-അച്ഛനെക്കണ്ട കുട്ടികളേ, എന്തിന് ആർക്കു വേണ്ടി കരയുന്നു? കണ്ണുനീരു തുടയ്ക്കു.

കുശലവന്മാർ:-(കണ്ണുനീർ തുടച്ചു രാമനെ നോക്കിക്കൊണ്ടു നിൽക്കുന്നു.)

സീത:-(കുശലവന്മാരോട്) ആരെയാണു നിങ്ങളിങ്ങിനെ നോക്കുന്നത്?

രാമൻ:-അഹോ, വൈദേഹിയുടെ ഔദാസീന്യം! ചിരകാലപ്രാപ്തമായ എൻെറ സാന്നിദ്ധ്യത്തെ മുഖവികാസംകൊണ്ടുപോലും ആദരിക്കുന്നില്ലല്ലോ.

വാല്മീ:-(കോപത്തോടെ) ഹേ രാജാവേ! സൌഹാർദ്ദമൂർത്തേ, മഹാകുലീന, സമീക്ഷ്യകാരിൻ! ജനകൻ നൽകി, ദശരഥൻ സ്വീകരിച്ച്, അരുന്ധതി മംഗളകർമ്മങ്ങൾ അനുഷ്ഠിച്ച്, അഗ്നി ശുദ്ധി തെളിയിച്ച, കുശലവന്മാരുടെ അമ്മയും വിശ്വംഭരാഭഗവതിയുടെ പുത്രിയുമായ സീതാദേവിയെ ജനാപവാദം മാത്രം കേട്ടു നിരാകരിച്ചതു യുക്തമോ?

രാമൻ:-(പാരവശ്യം നടിക്കുന്നു.)

വാല്മീകി:-സൌമിത്രേ, ഇതു യുക്തമാണോ? അഥവാ, നിന്നെ എന്തിനു പറയുന്നു? അനുജനായ നീ ജ്യേഷ്ഠൻെറ കല്പന കേൾക്കുന്നവനാണല്ലോ. (രാമനോട്) ദശഗ്രീവ വീരഹത്യക്കുശേഷം സീതയെ സ്വീകരിക്കുന്നതിന്നു ഏതു ദേവനെയാണു് പ്രമാണമാക്കിയതു്?

രാമൻ:-ഭഗവാൻ വൈശ്വാനരനെ.

വാല്മീ:-വിശ്വാസം വിട്ടുപോകുവാൻ എന്തു കാരണം?

സീത:-കഷ്ടം കഷ്ടം. അധന്യയായ ഞാൻ നിമിത്തം ആ

ൎയ്യപുത്രൻ ഇങ്ങിനെ അധിക്ഷേപം കേൾക്കേമാറാ
യല്ലോ. (ചെവി പൊത്തുന്നു.)

വാല്മീ:—

(21) കുശലവജനനീ വിശുദ്ധിസാക്ഷ്യ-
ത്തിനുപവമാനസഖൻ നിയുക്തനായീ,
അതിനുപരിനിരങ്കുശം നിതാന്തം
ചപലജനോക്തികളെന്തുനീ ഗണിപ്പാൻ?

രാമൻ:_(വാല്മീകിയുടെ കൈ പിടിക്കുവാൻ ഭാവിച്ച്).

വാല്മീ:_വീരഹസ്തംകൊണ്ടു് എന്നെ തട്ടുന്നുവോ?

(22) അനുകൃതിസരളം മറവുള്ളവൎക്കുള്ള ചേത-
സ്സതിലിഹ കുടികൊൾവൂ രാഗവായ്പ്പാത്തവണ്ണം
നൃപഹൃദയമതിൽപ്പൂമാലപോൽ വാടിടുന്നൂ
നിലമതു വിളയുന്നോ സൈകതത്തിങ്കൽ നട്ടാൽ?

വത്സ, ഇങ്ങിനെ ചൊറിഞ്ഞുനിന്നതുകൊണ്ടു കാൎയ്യമില്ല.
കുശലവന്മാരെ സ്വീകരിക്കുക. ഞാൻ ആശ്രമത്തി
ലേക്കു പോകുന്നു. (എന്നു ചുററി നടക്കുന്നു).

രാമലക്ഷ്മണന്മാർ:_പ്രസാദിക്കണം. ഭഗവാൻ ഗമിച്ചാലും

വാല്മീ:_(തിരിഞ്ഞു നിന്നിട്ട്) വൈദേഹി, തപോവനഗ
തന്മാൎക്കും ശിക്ഷ കല്പിക്കുന്നു. അതുകൊണ്ടു് ആത്മ
ശുദ്ധി തെളിയിക്കു.

സീത:_ഞാൻ എങ്ങിനെയാണു് തെളിയിക്കേണ്ടതു്?

വാല്മീ:_നീ അപാപയാണല്ലോ

സീത:_(ലജ്ജയോടെ) ജനമദ്ധ്യഗതയായ ഞാൻ ഇങ്ങി
നെ പറയട്ടെ—“മന്ദഭാഗ്യയായ വിദേഹരാജപു
ത്രി അഭിന്നചാരിത്രയത്രേ”.

വാല്മീ:_എനിക്കു ദോഷമുണ്ടെങ്കിൽ അതിനുള്ള തെളിവു്
കാണട്ടെ എന്നു് ഉച്ചത്തിൽ ഉൽഘോഷിക്കു.

സീത:_ഗുരുനിയോഗം പ്രബലമാണു്.

(കൈകൂപ്പി നാലുപാടും നോക്കി).

ലോകപാലന്മാരേ! ആകാശമദ്ധ്യചാരികളായ ദേവന്മാരേ! ഗന്ധർവ്വസിദ്ധവിദ്യാധരന്മാരേ! തപഃപ്രഭാവംകൊണ്ടു സകലലോകരഹസ്യങ്ങളും എപ്പോഴും കണ്ടുകൊണ്ടിരിക്കുന്ന വാല്മീകി വിശ്വാമിത്ര വസിഷ്ഠപ്രമുഖരായ മഹർഷിമാരേ! സകലലോകങ്ങളുടേയും ശുഭാശുഭകർമ്മങ്ങൾക്കു സാക്ഷിയും രഘുകുലകൂടസ്ഥനുമായ ആദിത്യഭഗവാനേ! സീത തന്റെ ചാരിത്രശുദ്ധിയെപ്പററി ചെയ്യുന്ന സത്യം കേൾക്കേണമേ.

വാല്മീ:-സീതയുടെ മാഹാത്മ്യത്താൽ ഉളവാകുന്ന ആശ്ചര്യമിതു നോക്കുക. എല്ലാവരും—(വിസ്മയത്തോടെ) ആശ്ചര്യം ആശ്ചര്യം! ദേവി ഈ വാക്കുകൾ ഉച്ചരിച്ച ഉടനെ അതിലുള്ള ശ്രദ്ധയാലെന്നപോലെ ചരാചരപ്രപഞ്ചം മുഴുവനും നിശ്ശബ്ദശാന്തമായി നിവൃത്തസർവ്വാരംഭമായി നിലകൊള്ളുന്നു.

(23) ഇതാശാന്തം പാരം തിരനിരയടങ്ങിക്കടലുകൾ,
നിരാരംഭൻ വാനിൽപ്രകൃതിചപലൻ വായുവുമിതാ
ഇതാനില്പ്പൂതെല്ലം ചെവികളിളകാതിനകൾ, ജഗ-
ത്തശേഷം വൈദേഹീവചനമതുകേൾപ്പാ-
നവഹിതം.

സീത:-ഗുരുശാസനത്തിന്റെ മഹാത്മ്യത സകലലോകർക്കും പ്രകടമാകുമാറു് അതു നിറവേററിയവനും മാമലകൾ പറിച്ചെടുത്തു മഹാസമുദ്രത്തിൽ സേതുബന്ധിച്ചവനും സുരാസുരസഹിതമായ ഭുവനത്തിലെ അദ്വിതീയധനുർദ്ധരനും രാഘവകുല നന്ദനനുമായ അങ്ങയെ വിട്ടു അന്യനെ, പതിവ്രതാവിരുദ്ധമായ ഭാവത്തിൽ, ഞാൻ കണ്ണുകൊണ്ടു് നോക്കുകയോ, വാക്കുകൊണ്ടാലപിക്കുകയോ, ഹൃദയംകൊണ്ടു് ചി

ന്തിക്കുകയോ ചെയ്തിട്ടില്ല. എൻെറ ഈ സത്യവാക്കുപ്രകാരം മഹാപ്രഭാവയായ ഭഗവതി സകലലോകക്കും പ്രത്യക്ഷമായികാണത്തക്ക ദിവ്യരൂപം ധരിച്ചുവന്ന് എൻെറ ചിത്തശുദ്ധിയെ ലോകത്തിന് പ്രകാശിപ്പിക്കട്ടെ.

(എല്ലാവരും സംഭ്രമം നടിക്കുന്നു.)

വാല്മീ:-ഇതെന്താണ് അവ്യക്തഭീഷണമായ ഒരു രസാന്തരമാവിർഭവിക്കുന്നത്?

(24) പാതാളാന്തത്തിൽനിന്നും ഗഗനമതുമുഴ
ങ്ങുന്ന നാദം വരുന്നൂ
പാതക്ലിഷ്ടങ്ങളിപ്പർവ്വതനിരകൾ
പതുക്കെക്കുലുങ്ങുന്നുവല്ലോ.
ഊഢാനന്ദം സമുദ്രങ്ങളുമിത, മഥനം
ചെയ്തപോൽ നാലുപാടും
വേഗാൽത്തൻ സീമവിട്ടുത്തടവനമഖിലം
പ്ലാവനം ചെയ്തിടുന്നൂ.

സീതേ, നിന്നെ ഉദ്ദേശിച്ചു സകലലക്ഷണങ്ങളും പ്രാദുർഭവിക്കുന്നു. സത്യം വീണ്ടും ആവർത്തിക്കു.

സീത:-("ഗുരുശാസനത്തിൻെറ മഹാത്മ്യത. എന്നിങ്ങിനെയുള്ള സത്യവാക്യം ചൊല്ലുന്നു).

(അണിയറയിൽ)

ഗോക്കൾക്കു മംഗളം. ബ്രാഹ്മണർക്കു മംഗളം. രാഘവകുലത്തിന്നു മംഗളം.

(25) പാതാളത്തിങ്കൽനിന്നും ജനകതനയ
തൻ സത്യവാക് ശക്തിമൂലം
വെള്ളത്തിൽ താണുമുങ്ങീട്ടുയരുമതുവി
ധം സ്ഥാവരം മുത്തിവിട്ടു,

ദിവ്യാകാരം ധരിച്ചിട്ടധിരശനയാം
ദേവി സാക്ഷാൽധരിത്രി
പ്രത്യക്ഷം സർവ്വലോകത്തിനുമണയുവ
തീ മദ്ധ്യമം ലോകമിപ്പോൾ.

എല്ലാവരും:-(കേട്ടിട്ടു വിസ്മയം നടിക്കുന്നു.)

വാല്മീ:—അദൃഷ്ടപൂർവ്വവും അശ്രുതപൂർവ്വവുമായ ആശ്ചര്യ പരമ്പരകളുടെ ആവർത്തനം!

(26) പൊങ്ങുന്നു ബത നാഗലോകമതിൽ
നിന്നേതോ മഹസ്സൊന്നിതാ
തന്മാലാകുസുമങ്ങൾ തൻ പരിമളം
ചുറ്റും പരക്കുന്നിതാ.
ഭൂദേവി സ്വയമിങ്ങുവന്നു നൃപതേ, കൈ-
കൂപ്പി സൗമിത്രി നീ
പാദത്തിൽ പ്രണമിക്ക, പൂക്കൾ
വിതറൂ രാമൻെറ പൊന്മക്കളേ!

(എല്ലാവരും പറഞ്ഞതുപോലെ ചെയ്യുന്നു.)

(അനന്തരം ശുഭ്രോജ്ജ്വലവേഷധാരിണികളായി പുഷ്പവർഷം ചെയ്യുന്ന സ്ത്രീകളോടുകൂടി പാതാളം പിളർന്നു പൊങ്ങുന്നതായി നടിച്ചുകൊണ്ടു ഭൂമിദേവി പ്രവേശിക്കുന്നു).

എല്ലാവരും—(തൊഴുതുകൊണ്ട്)

(27) ശേഷൻ മൂർദ്ധാവിലോറും നീ
ജഗത്തെല്ലാം ഭരിക്കുമ്പോൾ
ദേവന്മാരിഷ്ടമെല്ലാം പ-
ണ്ടങ്ങയിൽ നിന്നു നേടിനാർ.

(28) ഉന്നതം വിന്ധ്യകൈലാസം
നിൻെറ രണ്ടുപയോധരം
ഗംഗ നിൻ ചാരുഹാരം താൻ
സമുദ്രം രത്നമേഖല.

(29) യജ്ഞാംഗങ്ങൾ വളർന്നീടാൻ
നിന്നിൽ വർഷിപ്പു വാസവൻ
രത്നങ്ങളോഷധികളും
തൽപ്രസൂതി മഹേശ്വരി.

വിശ്വംഭരാഭഗവതിക്കു നമസ്കാരം.

(എല്ലാവരും നമസ്കരിക്കുന്നു.)

ഭൂമിദേവി— (നാലുപാടും നോക്കി) അഹോ! പതിവ്രതകളുടെ ശാസനം അലംഘനീയം തന്നെ.

(30) ദ്യോവും ഭൂവും നിറഞ്ഞോരിനകര
നികരം യാതൊരേടത്തു ചെല്ലാ-
ഗാംഭീര്യാക്ഷീണവേഗൻ ഗരുഡനുമെതിനെ
ത്താനി[illegible]ന്ദം ഗമിപ്പൂ.
ദൂർത്താനൽ യാതൊരേടം ലംഘിതപ്രിയ
ലും ഭോഗികൾക്കും ദുരാപം
ഞാനാരസാതലത്തുനിന്നും ജനകതനയയാ-
ലിങ്ങുപാനീതയായി.

സീത—(വിസ്മയത്തോടുകൂടി നോക്കിയിട്ടു) ഭഗവതി! അങ്ങാരാണ്?

ഭൂമി:—ഭവതി എന്നെ അറിയുകയില്ലേ?

(31) ഓതുന്നു മാമുനികൾ ഞാൻ പ്രണവദ്വിതീയ-
യെ,ന്നെന്നിൽനിന്നഖില ലോകവുമുദ്ഭവിപ്പൂ.
വൈദേഹി, സിദ്ധിയടയുന്നു തപസ്സുമെന്നിൽ
ഭൂദേവി ഞാനറിക, നിന്നരികത്തുവന്നേൻ.

വത്സേ, ഇതു കൂടി ധരിക്കൂ.

(32) പരം മദഭ്യൂദ്ധരണം
സഹസാ സമനുഷ്ഠിതം
പണ്ടാമഹാവരാഹത്താൽ
ഇന്നു നിൻപ്രഭാവത്തിനാൽ.

സീത:- (കൈകൂപ്പി) ഭഗവതി, ദയചെയ്തു അവികലചാരിത്രയായി എന്നെ അവിടുന്നു അവലോകനംചെയ്തപോലെത്തന്നെ അഖിലലോകത്തിനും പ്രകാശിപ്പിക്കൂ.

ഭൂമിദേവി:- അങ്ങിനെയാവാം. (ചുററും നോക്കി).

(33) ഋഷിദാനവ സിദ്ധന്മാർ
യക്ഷഗന്ധർവ്വകിന്നരർ
മനുഷ്യർ ലോകപാലന്മാർ
ശ്രദ്ധവെച്ചിതു കേൾക്കണം.

(34) സീതയെദ്ദാശരഥിയാം
രാമനേവിട്ടൊരന്യനെ
പ്രാപിച്ചില്ല മനസ്സാലും
ധരിക്കണമിതേവരും.

(ആകാശത്തുനിന്നു പുഷ്പവൃഷ്ടിയും ദുന്ദുഭിശബ്ദവും)

എല്ലാവരും— (സന്തോഷത്തോടുകൂടി) അഹോ അശ്ചര്യം! ഭൂമിദേവി തെളിയിച്ചിരിക്കുന്ന ശുദ്ധിയെ അനുസരിച്ചുകൊണ്ടു പലതുമിതാ പ്രാദുർഭവിക്കുന്നു.

(35) കേൾക്കുന്നിതാ ത്രിദശദുന്ദുഭി നാദഘോഷം
ദ്യോവിങ്കൽനിന്നിത നിരന്തരപുഷ്പവർഷം
ദേവികളമീതെ വിതതംഗഗനത്തിലാരോ
ത്തുക്കുന്നതോരണവിതാനമകാരണം താൻ.

(അണിയറയിൽ)

(36) നരപതി വിജയിപ്പു സത്യസന്ധൻ
ദശരഥ, നഗ്രണിധനപ്രീകൾക്കു രാമൻ
വിജയി രഘുകുലം കളങ്കമുക്തം
ജനകജയും വിജയിപ്പു പുണ്യശീല.

ഭൂമിദേവി:- വൈദേഹി ശുദ്ധിമതിയല്ലേ?

എല്ലാവരും:- തൊഴുതുകൊണ്ട്)

(37) മണ്ടിയന്യജനവാദവാരിതം
കൊണ്ടുതാൻ പ്രകൃതിശുദ്ധയെങ്കിലും.
ഇന്നു സീതയെ വിശുദ്ധയാക്കി നീ
വെണ്ണിലാവിനെ ശരത്തുപോലവേ.

(നമസ്കരിക്കുന്നു). ഈ അദ്ഭുതദമ്പതികൾ വീണ്ടും ചേരുകയില്ലേ?

വാല്മീ:- കൌസല്യാപുത്ര, പരിശുദ്ധയായ സീതയെ പരിഗ്രഹിക്കുക.

രാമൻ:- ഗുരുവിൻെറ ആജ്ഞപോലെ. വത്സ ലക്ഷ്മണ, കാൽക്കൽ നമസ്കരിക്കൂ.

സീത:- (അഞ്ജലിബന്ധിച്ച് സന്തോഷത്തോടെ) ആര്യപുത്രൻ ജയിച്ചാലും!

വാല്മീ:- അഹോ, ഉദാത്ത ശാലീനമായ സ്വീകാരസമ്പ്രദായം!

ലക്ഷ്മ:- (സന്തോഷത്തോടും ലജ്ജയോടുംകൂടെ) ആര്യേ, വധ്യനും പാപിയുമായ ലക്ഷ്മണനിതാ നമസ്കരിക്കുന്നു.

സീത:- നീ എന്തിനു തന്നെത്താൽ നിന്ദിക്കുന്നു? ഇങ്ങിനെ ഗുരുനിയോഗവർത്തിയായിത്തന്നെ ചിരകാലം ജീവിച്ചിരിക്കുക.

വാല്മീ:-വത്സരാമ, ഇങ്ങിനെ വൈദേഹിയെ സ്വീകരിച്ചു വല്ലോ. സ്വയം സംഭാഷണംചെയ്തു കൈപിടിച്ചു യജ്ഞകമ്മത്തിൽ നിയോഗിക്കുക.

രാമൻ:-(ലജ്ജ നടിക്കുന്നു).

വാല്മീ:-ലജ്ജിക്കേണ്ട യജ്ഞാംഗമല്ലേ? സവ്വസാക്ഷികമാ യ പാണിഗ്രഹണം അപൂർവ്വമാണോ?

രാമൻ:-ഇതു സമാചാരവുമാണ്, ഗുരുനിയോഗവുമാണ്. സീതയുടെ കൈപിടിച്ച്) ഭദ്രേ വൈദേഹി!

(38) സന്താനവും യാഗവുമെന്നുരണ്ടു
ഫലങ്ങൾ വേളിക്കു പറഞ്ഞിരിപ്പൂ.
പൂർവ്വം ഫലം നിന്നിലുദിച്ചുഹൃദ്യം
ദ്വിതീയ മേകിട്ടുക വാസമൎന്നു.

സീത:-ആയ്യപുത്രൻ ആജ്ഞാപിക്കുംപോലെ. ആവൂ! എ നിക്കു വീണ്ടും പ്രാണൻ ലഭിച്ചു.

ഭൂമിദേവി:—

(39) യാഗം നിർവ്വിഘ്നമാകേണം
കാലത്തു മഴപെയ്യണം
പ്രജകൾക്കാത്തിതീരേണം
സീതാരാമസമാഗമാൽ.

(അന്തദ്ധാനം നടിച്ചുകൊണ്ടു് പോകുന്നു.)

രാമൻ:-ഭൂമിദേവി അന്തദ്ധാനം ചെയ്തുവോ?

വാല്മീ:-ദേവതകൾ ദീഘനേരത്തേക്കു സന്നിധാനം ചെ യ്യുയില്ല

രാമൻ:-ഭഗവാൻെറ അനുജ്ഞയോടുകൂടി ഞാൻ ലക്ഷ്മണ നെ അഭിഷേകം ചെയ്യാനാഗ്രഹിക്കുന്നു.

ലക്ഷ്മ:-(കൈകൂപ്പി) ആയ്യൻ ചിരകാലാനുചരനായ സൌ

മിത്രിയുടെ നേരെ പ്രസാദിച്ചെങ്കിൽ പുത്രനെ യുവരാജാവാക്കിയാലും.

വാല്മീ:- ഇക്ഷ്വാകുവംശത്തിനു യോജിച്ച വാക്ക്.

രാമൻ:- എന്താണു ചെയ്യുക? ലക്ഷ്മണൻെറ അപേക്ഷ രാമൻ ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. വത്സൻെറ ആവശ്യം ഇങ്ങിനെയാണെങ്കിൽ ഞാൻ അങ്ങിനെതന്നെ നിർവ്വഹിച്ചുകളയാം. ലക്ഷ്മണ, അഭിഷേകത്തിനുള്ള സാമഗ്രികൾ തയ്യാറാക്കൂ.

ലക്ഷ്മ:- ആര്യ, അഭിഷേകസാമഗ്രികളെല്ലാം ദേവതകൾതന്നെ സജ്ജമാക്കിയിരിക്കുന്നു — നോക്കൂ —

(40) വെൺകൊററക്കുടയേന്തിടുന്നു ഭഗവാനിന്ദ്രൻ
ശശാങ്കപ്രഭം
കൈയ്യിൽ ചാമരവും ധരിച്ചു മരുത്വന്നിന്ദ്രാ
ണിയും ഗംഗയും
തങ്കപ്പൊൻ കലശങ്ങളിൽ സലിലവും
കൈക്കൊണ്ടു മാലോകരും
ശങ്കിക്കേണ്ട തഥാവിധക്കു വരുമേ
സമ്പത്തു സമ്പ്രീതിയാൽ.

രാമൻ:- എന്നാൽ വേത്രാധികാരം നമുക്കാണ്.

ലക്ഷ്മണൻ:- ഈ കർമ്മവിഭാഗം അനുഗ്രഹീതം തന്നെ.

രാമൻ:- ലക്ഷ്മണ, വേത്രമെടുക്കൂ. (വാല്മീകിയോട്) ഭഗവാൻ, പൌത്രനെ അഭിഷേകം ചെയ്താലും.

വാല്മീ:- (കലശമെടുത്ത് അടുത്തുചെന്ന്) ഹേ സാകേതവാസികളായ പൌരന്മാരെ! നാനാദിഗന്തങ്ങളിലും വസിക്കുന്ന രാജാക്കന്മാരേ! വിഭീഷണസുഗ്രീവഹനുമൽ പ്രഭൃതികളായ മഹാരഥന്മാരേ! ഭവാന്മാർ കേൾക്കണം.

(41) മൈഥിലീതനയൻ ശ്രേഷ്ഠൻ
കുശനെന്ന മഹാരഥൻ
സാമ്രാട്ടായഭിഷിക്തൻ, ത-
ദാജ്ഞമാനിപ്പിനേവരും.

(42) ആവാസവന്നേതു സുരാലയത്തിൽ
ആവാസുകിക്കേതു രസാതലത്തിൽ
മാന്ധാതൃഭൂപന്നിഹ മന്നിലേത-
ശ്ശുഭംസമസ്തം തവകൈവരേണം.

(അണിയറയിൽ കോലാഹലം)

ജയജയ മഹാരാജ!

സീത:_എനിക്കു സന്തോഷമായി.

രാമൻ:_ലക്ഷ്മണൻെറ മനോരഥം പൂൎണ്ണമായി.

എല്ലാവരും: (സന്തോഷം നടിക്കുന്നു.)

രാമൻ:_(കുശനോടു) രാജാവേ, ഭവാൻെറ അനുജ്ഞയോടു കൂടി ലവനെ യുവരാജാവായി അഭിഷേകം ചെയ്യാൻ ഞാനാഗ്രഹിക്കുന്നു.

കുശൻ:_അച്ഛൻെറ കല്പനപോലെ.

രാമൻ:_(കലശമെടുത്തു്)

(43) മഹാരാജകുശൻ തൻെറ-
യനുജനു ലവന്നിതാ.
യൌവരാജ്യാഭിഷേകം ഞാൻ
ചെയ്യുന്നു തപചസ്സിനാൽ.

എല്ലാവരും—(സന്തോഷം നടിക്കുന്നു).

വാല്മീ:_ഇനിയെന്തു പ്രിയമാണു ഞാൻ ഉപാഹരിക്കേണ്ടതു്?

രാമൻ:—

(44) ആവൃത്തശുദ്ധിയിയല്വന്നൊരു പത്നിതന്നെ
താദൃശ്നാലിവനു യാഗസഹായയായി.

ഏല്പിച്ചുരാജ്യഭരവും മമനന്ദനനക്കി–
ന്നെന്താണിനി പ്രിയതമം, ഗുരുതാൻകഥിക്ക...
ഞാൻ ചെയ്യാം.

വാല്മീകി:–എന്നാലും ഇങ്ങിനെയാകട്ടെ–

(45) ബ്രഹ്മാവിഷ്ണു മഹേശനഗ്നിപവനൻ
താനും സമുദ്രങ്ങളും
ലോകംനാലുമശേഷമംഗളകരം
വേദങ്ങൾ മന്ത്രങ്ങളും
വിദ്യാസിദ്ധി തപ:പ്രഭാവമ–
ധികം പേരുന്നയോഗീന്ദ്രരും
ഭദ്രം ചേക്കണമിന്നരേന്ദ്രനഖിലം
വദ്ധിക്ക ഗോവൃന്ദവും.

(എല്ലാവരും പോകുന്നു).

ആറാമങ്കം കഴിഞ്ഞു.

മല്ലമാല സമാപ്തമായി.

ശുഭം.

കല്പവല്ലിയുടെ നല്പപല്ലവമതിന്റെ
ചാരുരുചിവെല്ലുവാൻ
കെല്പെഴുന്ന കമനീയമാകിന ഭവൽപ
ദത്തിലയിചിൽപതേ !
അല്പമെങ്കിലുമനല്പഭക്തിഭരചോദിതം
പ്രഥമകാവ്യമി–
ങ്ങല്പലേക്ഷണ, സമപ്പിതം തവ സു.
തൃപ്തിചേക്കണമനുക്ഷണം.

# പദ്യങ്ങളുടെ അകാരാദിസൂചി.


| | | |
|---|---|---|
| അക്കാലം പെങ്ങൾ ചൊല്ലീട്ടു | VI, | 9 |
| അഞ്ചു കണ്ണുകളയക്കള | VI, | 20 |
| അനുകൃതിസരളംമററു | VI, | 22 |
| അന്നു രാമാഭിഷേക | VI, | 8 |
| അന്യാംശുകമതിവേഗാ | IV, | 19 |
| അംഭോജകാനന | I, | 6 |
| അറിവില്ലിവരാരെന്നു | V, | 9 |
| ആദ്യംകാനനവാസം | III, | 13 |
| ആപ്തപ്രദീപ്തംപര | V, | 8 |
| ആര്യന്റെ യാജ്ഞ | I, | 9 |
| ആര്യൻ മിത്രം ബാന്ധവ | I, | 20 |
| ആവാസവന്നേതു | VI, | 42 |
| ആവൃത്തശുദ്ധി | VI, | 44 |
| ആഴിക്കുള്ളിൽ | III, | 3 |
| ഇക്കാട്ടിൽ വാഴുമൃഷി | I, | 24 |
| ഇക്കാട്ടിൽ കുടികൊണ്ടിടും | IV, | 6 |
| ഇക്ഷ്വാകുവംശ്യന്മാ | I, | 32 |
| ഇങ്ങിക്കപ്പോലമദ | IV, | 9 |
| ഇതു കൗസല്യ | VI, | 2 |
| ഇതാശാന്തംപാരം | VI, | 23 |
| ഇന്ദ്രൻ ചൂടുന്നമന്ദാര | I, | 2 |
| ഇപ്പോൾ ഭവാന്മാ | V, | 11 |
| ഇല്ലെന്നു തോന്നുംവിധ | V, | 2 |
| ഈ രണ്ടുകുട്ടികൾ | V, | 15 |
| ഉന്നതം വിന്ധ്യകൈലാസം | VI, | 28 |
| ഉള്ളിൽത്തള്ളിയെഴും | I, | 3 |
| ഋഷിദാനവസിദ്ധന്മാർ | VI, | 33 |

| | | |
|---|---|---|
| എവിടെയവരാദൃഷ്ടി | III, | 4 |
| ഏതേതവസ്ഥാന്തര | V, | 13 |
| ഏറുന്നദീർഘവിരഹ | IV, | 13 |
| ഒരുപിഴയുമെഴാത | III, | 1 |
| ഓടുന്നമാനുകളൊടൊ– | II, | 1 |
| ഓതുന്നമാമുനികൾ | VI, | 31 |
| കണ്ണാന്തദീർഘനയനൻ | III, | 15 |
| കല്ലിനങ്ങുകമനീപദ | I, | 1 |
| കാട്ടിൽ സ്വയംദേവിയെ | I, | 18 |
| കാണുമ്പൊഴേക്കേ | V, | 10 |
| കാലംതികഞ്ഞു | VI, | 17 |
| കാലം വസന്തർത്തുവല്ല | IV, | 11 |
| കിസലയസുകുമാരം | III, | 12 |
| കുശലവജനനി | VI, | 21 |
| കേൾക്കുന്നിതാത്രി | VI, | 35 |
| കേൾക്കേണമേ | I, | 25 |
| കൌസല്യ രാമനെപ്പെററു | VI, | 4 |
| കൌസല്യാപാദശുശ്രൂഷാ | I, | 33 |
| ക്ഷിതിപതിയതിയായ് | V, | 7 |
| ഗർഭത്തിൽ രാമസന്താനം | VI, | 12 |
| ഗുണഗണമിയലുന്ന | V, | 12 |
| ചാരിത്രഗുണവാനായ് | I, | 11 |
| ചൂതിൽപണം | IV, | 20 |
| ചൂരൽവള്ളികവച്ചു | III, | 8 |
| ജനകതനയയായ | IV, | 18 |
| ജലസുമമതുകൊണ്ടു | III, | 7 |
| ജാതകർമ്മമതും | VI, | 18 |
| ജ്യേഷ്ഠൻ കല്പിക്കമൂലം | I, | 21 |

| | | |
|---|---|---|
| ഞങ്ങളന്നു കുമാരന്മാ | VI, | 7 |
| ഞാനാവിദേഹനൃപ | I, | 30 |
| തപസ്സിൻചട്ടയിട്ടോരിൽ | V, | 14 |
| തരംഗം വീശുന്നു | I, | 8 |
| തരുമൂലമണഞ്ഞിട്ടു | III, | 16 |
| തൻകൈകളാലവൾ | V, | 3 |
| തെക്കൻകാററും ശിശിര | III, | 6 |
| തേജസ്സിലാലഖില | IV, | 23 |
| ദാഹിച്ചുമോഹവശ | IV, | 22 |
| ദാവാഗ്നിച്ഛടഹോമ | IV, | 4 |
| ദേവിഞാനറിയിക്കുന്നു | IV, | 16 |
| ദ്യോവും ഭൂവും | VI, | 30 |
| നരപതി വിജയിപ്പൂ | VI, | 36 |
| നിത്യം യാഗമെഴുന്നോ | IV, | 7 |
| നിരാശയായ വൈദേഹി | VI, | 14 |
| പരംമഭ്യുദ്ധരണം | VI, | 32 |
| പരിഗ്രഹിച്ചു രാജാവ് | VI, | 3 |
| പാതാളത്തിങ്കൽനിന്നും | VI, | 25 |
| പാതാളാന്തത്തിൽനിന്നും | VI, | 24 |
| പാവനം മധുരംനല്ല | IV, | 10 |
| പുറമേകക്ശെനാമെൻ | V, | 6 |
| പൊങ്ങുന്നൂബത | VI, | 26 |
| പൊയ്ക്കതൻവക്കുവഴിയായ് | IV, | 14 |
| പോരിൽ വൈരികളേവെന്നു | I, | 29 |
| പ്രമാദമർത്ഥത്തെഹനിച്ചി | III, | 2 |
| പ്രിയതമയെ വെടിഞ്ഞിട്ടി | V, | 4 |
| ബാല്യയൌവനമദ്ധ്യത്തിൽ | VI, | 6 |
| ബാഹ്വവധാനമാർന്നെന്നു | IV, | 17 |

| | | |
|---|---|---|
| ബ്രഹ്മാവിഷ്ണുമഹേശനഗ്നി | VI, | 45 |
| ഭവാന്മാർപാടുന്നു | V, | 17 |
| ഭാഗീരഥീശീകരശീത | I, | 12 |
| ഭാൎയ്യയായ്‌വന്നു | VI, | 5 |
| മഞ്ജിയന്യജനവാദ | VI, | 37 |
| മദ്ധ്യാഹ്നാൎക്കമയൂഖതാപ | III, | 17 |
| മനസ്സിൽനിന്നു തള്ളട്ടെ | I, | 16 |
| മന്ദഭാഗ്യനിവൻപാട്ടം. | VI, | 19 |
| മരതകമണിപോലേ | III, | 5 |
| മഹാരാജകുശൻതന്റെ | VI, | 43 |
| മാനുഷാവാസമററററം | VI, | 13 |
| മുള്ളുപോലെയതിതീക്ഷ്ണ | I, | 31 |
| മുനിമാർ ലോകപാലന്മാർ | I, | 14 |
| മുറുകെപ്പുണരു സീതേ | IV, | 15 |
| മൈഥിലീതനയൻ | VI, | 40 |
| യജ്ഞാംഗങ്ങളും വളൎന്നീടാൻ | VI, | 29 |
| യാഗം നിൎവ്വിഘ്നമാകേണം | VI, | 39 |
| യാത്രാവേഗം കടിഞ്ഞാൺ | IV, | 25 |
| രാജ്യംപ്രാപിച്ച രാജേന്ദ്രൻ | VI, | 11 |
| രാമൻ നിനക്കു ഞാൻ | IV, | 2 |
| രേരേഹിംസ്രവ്രാതമേ | I, | 26 |
| ലങ്കേശ്വരന്റെ പുരയിൽ | I, | 4 |
| വരനുടെ വരവും പാൎത്താ | IV, | 24 |
| വലത്തുകൈമുട്ടിലമൎത്തി | I, | 7 |
| വലുപ്പം തുല്യംതാൻ | III, | 11 |
| വംശം സമാനമെന്നുരൂപ | I, | 13 |
| വാല്മീകിമാമുനി രചിച്ച | V, | 16 |
| വിക്രാന്തനാം ദശരഥ | I, | 22 |

| | | |
|---|---|---|
| വിണ്ണോളമിബ് ഭുവന | IV, | 5 |
| വിലാസവാസ്ഥാലഥവാ | III, | 10 |
| വീശുന്നു മൃദുവായി | III, | 14 |
| വീശേണമേ കമലഗന്ധി | I, | 23 |
| വെൺകൊററക്കുടയേന്തി | VI, | 40 |
| വേഗം പുറപ്പെടുകവേണ | II, | 2 |
| ശഷ്പംവെടിഞ്ഞു | I, | 19 |
| ശിഷ്യർചൊല്ലി | VI, | 16 |
| ശീലശാലികൾ മൂന്നാളു | VI, | 1 |
| ശേഷൻ മൂർദ്ധാവിലേററുംനീ | VI, | 27 |
| ശ്രീരാമനേററം | VI, | 15 |
| സഖ്യംചേരും ചെറുനദി | I, | 27 |
| സന്താനവും യാഗവു | VI, | 38 |
| സന്ദേശമിതുകേട്ടിട്ടു | I, | 17 |
| സന്ധ്യാഭിഷേകമതിനായിഹ | I, | 28 |
| സമനിലമതിലും തടഞ്ഞു | IV, | 1 |
| സവനമതുകഴിഞ്ഞു | V, | 1 |
| സ്വകീയമെന്നോർത്തു | I, | 10 |
| സിന്ധുവിൽ സേതു | VI, | 10 |
| സീതയദ്ദാശരഥിയാം | VI, | 34 |
| സീതാവിരഹദുഃഖത്താ | IV, | 12 |
| സുതനുസുമമറുപ്പ | IV, | 21 |
| സുരപതിയെ വിളിച്ചിടുന്ന | IV, | 8 |
| സുരഭിസുമസുഗന്ധ | IV, | 3 |
| സൂക്ഷിച്ചുനോക്കുന്നളവിങ്ങു | III, | 9 |
| സൌഖ്യത്തിൽ ദുഃഖത്തിലു | V, | 5 |
| ഹയങ്ങളിക്കാതിലണഞ്ഞി | I, | 5 |
| ഹേ ദേവി ഹൃന്നിഹിത | I, | 15 |

# ടിപ്പണി.

## ഒന്നാമങ്കം.

ശ്ലോ. 1:_ 'കല്ലിനങ്ങ......പ്രദം'__ ശ്രീരാമാവതാരത്തിൽ കല്ലായിക്കിടന്ന അഹല്യയ്ക്കു് ശാപമോക്ഷം നൽകിയതു്. അതിദുസ്സാധമായ കാര്യങ്ങളെക്കൂടി സാധിയ്ക്കുന്നതെന്നു താല്പര്യം.

ശ്ലോ. 2:_ 'ഹേരംബപദ പാംസുക്കൾ'=ഗണപതിയുടെ കാലടികളിലെ പൊടികൾ. വിഘ്നവാരാശി=വിഘ്നങ്ങളാകുന്ന കടൽ.

ശ്ലോ. 3:_'ഗംഗാതോയ......നിവഹം'=ഗംഗാനദിയിലെ തിരമാലകളാകുന്ന സർപ്പങ്ങൾ; അഥവാ, ഗംഗാനദിയിലുള്ള സർപ്പങ്ങൾ. വല്മീകം=പുറ്റു്. ശശ്വത്താകും സന്ധ്യയോ=ശാശ്വതമായ സന്ധ്യാസമയമോ? ശിവന്റെ ചെമ്പിൻനിറമാർന്ന ജടക്കെട്ടിനെ തപശ്ശിഖിയുടെ ജ്വാലയായും ഗംഗാതരംഗസർപ്പങ്ങൾ നിവസിക്കുന്ന വല്മീകമായും, മുടിയിലണിഞ്ഞ അമ്പിളിക്കലയുടെ നിത്യമായ സന്ധ്യാകാലമായും ഉൽപ്രേക്ഷിക്കുന്നു. തേജസ്വിത, അധൃഷ്യത, സന്താപഹാരിത എന്നിവ സൂചിതമായി.

പേജ് 2:_'സ്ഥാപന'=ഭാസകൃതികളൊഴിച്ചു മറ്റെല്ലാ നാടകങ്ങളിലും 'പ്രസ്താവന' എന്നാണു് പദം.

ശ്ലോ. 6:_'ത്വത്സേവനോത്സുകിതയാന്നുപോൽ = അങ്ങയെ ശുശ്രൂഷിക്കുന്നതിലുള്ള കുതൂഹലത്താലെന്നപോലെ.

പേജ് 4:_ദോഹദകുതൂഹലം=ഗർഭകാലത്തുള്ള ഉത്സുകത.

ശ്ലോ. 8:_'പുണന്നാ....ഹൃദയം'. മാമരത്തിന്റെ നിഴൽ തോഴിയെന്നോണം സീതയെ കെട്ടിപ്പുണർന്ന് ഹൃദയത്തിൽ കുളുർമ്മയുണ്ടാക്കുന്നു.

ശ്ലോ. 9:_'വാക്ക്....മേ' അകത്തുനിന്നു പുറപ്പെടുന്നവാക്ക് ഹൃദയത്തിൽത്തന്നെ ബദ്ധമായി, പുറത്തേയ്ക്കു നിർഗ്ഗമിയ്ക്കുന്നില്ല.

ശ്ലോ. 10:_തങ്ങളുടേതെന്ന വിചാരത്തിൽ സുഹൃത്തുക്കൾ സുഖമനുഭവിച്ചതും രാമൻ അഗ്ന്യാധാനംചെയ്തിട്ടുള്ളതുമായ രാജഗൃഹം.

പേജ് 7:_'ഹാതാത....മരിച്ചുപോയത്'..പുത്രന്റെ നിരങ്കുശമായ ഈ വ്യവസായം ദശരഥനില്ലാത്തതിന്റെ ഫലമാണ്. അദ്ദേഹത്തിന്റെ മരണം ഹൃദയത്തിൽകൊണ്ടതു് ഇപ്പോഴാണ്.

ശ്ലോ. 15:_'ദാരാന്തരാഹരണ നിസ്പൃഹചിത്തൻ'=വേറൊരു ഭാര്യയെ സ്വീകരിയ്ക്കുവാൻ ഇഷ്ടപ്പെടാത്തവൻ.

പേജ് 10:_'....സീതയുടെ ധന്യതകൊണ്ടല്ല.' ഭർത്താവുപേക്ഷിച്ചവൾ ധന്യയാകുന്നതെങ്ങിനെ? ഭർത്താവിനു സന്ദേശമയയ്ക്കാൻ മോഹമില്ല; ലക്ഷ്മണന്റെ വാക്കു തട്ടാതിരിക്കുവാൻവേണ്ടി മാത്രമാണ്.

ശ്ലോ. 18:_....സ്വഖേന....വൈരി. രാവണന്റെ വേലേറു് മൂർഛിച്ചു പടക്കളത്തിൽ വീണ ലക്ഷ്മണനെ ഹനുമാൻ മൃതസഞ്ജീവിനി കൊണ്ടുവന്ന് ജീവിപ്പിച്ചു എന്നു് രാമായണം യുദ്ധകാണ്ഡത്തിലെ കഥ. ആ ജീവദാനം ഫലംകൊണ്ടു് വൈരമുളവാ

കലൊണ്'. മരിച്ചിരുന്നെങ്കിൽ ഇന്നീ അസഹ്യ ശോകത്തിന് ഇടമുണ്ടാകുമായിരുന്നില്ല. നൈരാശ്യത്തിന്റെ പരമകോടിയാണല്ലൊ ജീവദാതാവിനെക്കൂടി വൈരിയായെണ്ണൽ, കരുണരസത്തിന്റെ പരിപോഷത്തിൽ ഇതെങ്ങിനെ സഹായിക്കുന്നു എന്നു നോക്കുക.

ശ്ലോ. 19:_ശഷ്പം=ഇളംപുല്ല്. മാനുകൾക്കേറ്റവുമിഷ്ടപ്പെട്ടതാണെങ്കിൽക്കൂടി, ദുഃഖത്താൽ അതു അതുകൂടി വെടിയുന്നു.

പേജ് 13:_(സീത ഗർഭത്തെ ചൂണ്ടിക്കാണിയ്ക്കുന്നു) 'എന്നെയല്ല രക്ഷിക്കേണ്ടത്, രാഘവകുലാങ്കുരമായ ഗർഭത്തെയാണെ'ന്ന് സീതയുടെ ഇംഗിതം.

ശ്ലോ. 23:_വാതപോതങ്ങൾ:- ചെറുകാറ്റുകൾ.

ശ്ലോ. 25:_ 'ഓക്കാതിരിക്കെ' = അനവഹിതയായിരിക്കുമ്പോൾ.

ശ്ലോ. 26:_ഹിംസ്രങ്ങൾ=ഹിംസാലുക്കളായക്രൂരമൃഗങ്ങൾ.

പേജ് 16:_'........സീത.....എങ്ങിനെയാണിപ്പോൾ..... ചെയ്യുക' കാട്ടിലൊററയ്ക്ക്; പോരാത്തതിന് ആരെന്നറിയാത്ത ഒരു പരപുരുഷന്റെ മുമ്പിലകപ്പെട്ടുകയും ചെയ്തു. ഇതാണനൎത്ഥം.

പേജ് 17:_'വാല്മീകി....വൎണ്ണാശ്രമ....ഭവിക്കട്ടെ'.

സീതയാണതെന്ന് വാല്മീകി ഇനിയും മനസ്സിലാക്കിയിട്ടില്ല. ധൎമ്മദീക്ഷനായ രാജാവ് നാട്ടിൽനിന്നാട്ടിക്കളയണമെങ്കിൽ ഗുരുതരമായ തെററു ചെയ്തിട്ടുണ്ടായിരിക്കണം. ഇതും കരുണരസത്തിനുൽക്കൎഷം നൽകുന്നു.

പേജ് 18:_'വാല്മീകി (ധ്യാനിക്കുന്നതായി നടിക്കുന്നു)'. വാല്മീകി യുഞ്ജാനനാണെന്നഭിപ്രായം. "യുക്തസ്യ സര്‍വ്വദാഭാനം ചിന്താസഹകൃതോ f പരഃ".

ശ്ലോ. 33:_"കൌസല്യാ ...വരും". ആശ്രമവൃദ്ധകളെ ശുശ്രൂഷിയ്ക്കുന്നതുകൊണ്ട്, കൌസല്യാ പാദശുശ്രൂഷാസുഖം കൈ വരും.

രണ്ടാമങ്കം.

പേജ്.20:__ഭഗവാൻ=വാല്മീകിമഹര്‍ഷി.

ശ്ലോ. 1 :_സിംഹശാബകര്‍=സിംഹക്കുട്ടികൾ.

പേജ് 20:_'ഒന്നാ_ഇതിനെ സംഭൃതമാക്കണം'. സീത ഇത്രയും പുണ്യംചെയ്തിട്ടുണ്ട്. പോരാ. ഈ പുണ്യത്തിന്‍റ ഫലം മുഴുവനാക്കണം. അത് ഭര്‍ത്തൃപ്രാപ്തികൊണ്ടാണുതാനും. നൈമിശം=നൈമിശമെന്ന.വനം. അവിടെവെച്ചാണ് രാമൻ അശ്വമേധയാഗം നടത്താൻ പോകുന്നത്.

പേജ്21:_'പണ്ടുഞാൻ....പ്രാര്‍ത്ഥനീയയായിരുന്നു'. മിഥിലാവാസികൾ, സ്ത്രീയാവുകയാണെങ്കിൽ സീതയാവണമെന്ന് തന്‍റെ സൌഭാഗ്യത്തിൽ സ്പൃഹയോടെ പറയാറുണ്ടായിരുന്നു.

പേജ് 22:_നിദാഘം=വേനൽ.

പേജ് 25:_നൃശംസത=ക്രൂരത.

ശ്ലോ. 2 :_കോലം വരയ്ക്കുക=അരിമാവുകൊണ്ടും മററും അണിയുക.

പേജ് 26:_പ്രസ്ഥാനമംഗളം=പുറപ്പെടുന്നതിന്നു മുൻപുള്ള മംഗലകര്‍മ്മങ്ങൾ.

## മൂന്നാമങ്കം.

ശ്ലോ. 1 :=സ്വജനവിഷമലക്ഷൻ=സ്വന്തം ആളുകൾക്ക് ആപത്തുണ്ടാക്കിവെയ്ക്കുന്നതിൽ സമത്ഥൻ.

ശ്ലോ. 2 :=പ്രമാദം=തെററ്, അനവധാനത. ശീലം=സ്വഭാവം.

പേജ് 27:-'അറിയാതെതന്നെ വാല്മീകിയുടെആശ്രമമണയും'. ഗംഗാതീരത്തിലാണ് വാല്മീകിയുടെ ആശ്രമമെന്ന് ഒന്നാമങ്കത്തിൽ വ്യക്തം. ഇവിടെ ഇപ്പോൾ ഗോമതീനദീതീരത്തായി യാഗാവസരത്തിൽ ഉണ്ടാക്കപ്പെട്ട താൽക്കാലികമായ വാല്മീകിയുടെ ആശ്രമത്തിലേയ്ക്കാണ് രാമലക്ഷ്മണന്മാർ അയോദ്ധ്യയിൽനിന്നും പോകുന്നത്. ഗോമതി, ഗംഗയുടെ തന്നെ ചെറിയൊരു പോഷകനദിയാണ്. വാരാണസിയ്ക്കടുത്തു കിഴക്കുവെച്ചാണ് അതു ഗംഗയിൽ ചേരുന്നത്. ഈ സംഗമസ്ഥാനത്തിൻെറ അടുത്തായിട്ടായിരിക്കണം ഇപ്പോഴത്തെ വാല്മീകിയുടെ ആശ്രമം. ലക്ഷ്മണൻ സീതയെ ത്യജിക്കുവാൻ കൂട്ടിക്കൊണ്ടു പോകുന്ന അവസരത്തിൽ ഒരു രാത്രി ഗോമതീതീരത്തിലുള്ള ഒരാശ്രമത്തിൽ കഴിച്ചുകൂട്ടിയതായി രാമായണത്തിലും പ്രതിപാദിച്ചിട്ടുണ്ട്.
ഉത്തരകാണ്ഡം 46—16.

ശ്ലോ. 4 :-ശ്വാപദനിര=ഹിംസ്രജന്തുക്കളുടെ സമൂഹം.

ശ്ലോ. 6 :-വരാകി=പാവം, ദീന.

ശ്ലോ. 7 :-ഈ ശ്ലോകത്തിൽനിന്നും അടുത്തു ലക്ഷ്മണൻ പറയുന്ന വാക്യത്തിൽനിന്നും ഗോമതീനദിയിലാണ് മുല്ലമാല കാണപ്പെട്ടതെന്നു തോന്നും. വാസ്തവ

ത്തിൽ, ഗംഗയ്ക്കു മുല്ലമാല വഴിപാട് കൊടുക്കാമെന്നാണ് സീത നേൎന്നതു്. ഒരുപക്ഷെ, ഗോമതിയിയിലൊഴുക്കിയ മാല പോഷ്യനദിയായ ഗംഗയിലെത്തുമല്ലോ എന്നാവാം കരുതിയതു്. എന്നാലും, അടുത്തു സീത ഗംഗയിൽ കളിച്ചുവന്നതായി പറയുന്നതു് എങ്ങിനെ സംഗതമാവുമെന്നാലോചിക്കേണ്ടിയിരിക്കുന്നു. അധികം ആമുഖം പേജിൽ നോക്കുക.

വരനാഗി=സൎപ്പപ്പെൺകൊടി.

പേജ് 30:- കസുമരചനാവിന്യാസകൌശലം= പൂക്കൾ കെട്ടിയുണ്ടാക്കിയ 'മാതിരിയിലുള്ള സാമൎത്ഥ്യം.

ശ്ലോ. 8 :- ശരാരുവല്ലഭകൾ=ഹിംസ്രജന്തുക്കളുടെ പ്രേയസികൾ. അവൎക്കുകൂടി ഭയമുണ്ടാക്കുന്നതു് അനഭിലഷണീയമാണ്; പ്രത്യേകിച്ചും പ്രിയാവിരഹിതനായ രാമനെസ്സംബന്ധിച്ചേടത്തോളം.

ശ്ലോ. 10:- മന്ഥരം=മന്ദം. കളഹംസവിഭ്രമം=അരയന്നങ്ങളുടെ കാൽവെപ്പിന്റെ വിലാസവായ്പിനോടൊത്തതു്. പദത്തിന്റെ വിശേഷണം.

ശ്ലോ. 11:- ചാരുതിലകം- ഭംഗിയുള്ള പൊട്ടു്. സീതയുടെ കാലടിപ്പാടുകളിൽ പത്മാകാരത്തിലുള്ള രേഖകൾ പതിഞ്ഞു കാണുന്നു. ഈ രേഖാപത്മം കാലടിപ്പാടിലുള്ള പൊട്ടായി സങ്കല്പിച്ചിരിക്കുന്നു.

പേജ് 33:- 'സന്ധ്യാവന്ദനവും കഴിഞ്ഞു.' സന്ധ്യാവന്ദനം, ഹോമം എന്നിവയിൽ മഹിളകൾക്കുകൂടി അധികാരമുണ്ടായിരുന്നു.

ശ്ലോ. 12:- പരിമൃദുപദപാതം=(ക്രിയാവിശേഷണം) പതുക്കെ, മയത്തിൽ, കാലടികൾവെച്ചുകൊണ്ടു്.

പേജ് 36:-'കൂടിനടക്കാൻ പാടില്ലാത്തവർ'=പന്തിഭോജനമില്ലാത്തവർ, സ്വജനങ്ങളല്ലാത്തവർ.

ശ്ലോ. 15:-വ്യൂഢോരസ്കൻ=വിശാലമായ മാറിടത്തോടു കൂടിയവൻ.

നാലാമങ്കം.

പേജ് 40:-ആര്യ്യഹസിതൻ=രാമൻെറ വിദൂഷകൻെറ പേരാണ് ഹസിതനെന്ന്. ഇനി 'കൌശികനെ'ന്ന നാമത്തിലും അദ്ദേഹം വ്യവഹരിക്കപ്പെടുന്നുണ്ട്. 'കൌശികൻ' എന്നതു ഗോത്രനാമമാണ്. കുശിക ഗോത്രജൻ എന്നൎത്ഥം.

പേജ് 41:-'യജ്ഞവേദി—ഈ തപോവന..........പോയതാണ്. വനവാസം മാത്രമായിരുന്നെങ്കിൽ, വിരഹം മാത്രമായിരുന്നെങ്കിൽ, ഇതു ധരിക്കാം. തപോവന വിരുദ്ധമാണല്ലോ സ്വഭാനുഭവാശ. ലൌകികച്ഛവ പരത്തുന്ന ഈ ഉത്തരീയം ആശ്രമാന്തരീക്ഷത്തിൻെറ പരിശുദ്ധിയോട് പൊരുത്തമില്ലാത്തതാണെന്ന് താൽപൎയ്യം.

പേജ് 44:-ധീരോദാത്തമായ ഉപാലംഭം=അന്തസ്സോടുകൂടിയ ചീത്തപറയൽ.

ശ്ലോ. 4:-ദാവാഗ്നിച്ഛട=കാട്ടുതീപ്പരപ്പ്. യൂപം=യാഗത്തിൽ യാഗപശുവിനെ കെട്ടുവാനുള്ള മന്ത്രപൂതമായ തൂണ്. മുനിഗണപ്രോൽഗീതസാമോപമം=മഹൎഷിമാർ പാടുന്ന സാമഗാനത്തോടു തുല്യം. സാധാരണങ്ങളായ വസ്തുക്കളെപ്പോലും, നൈമിശത്തിനോടുള്ള ഭക്തിയാൽ, വൈദികങ്ങളായ യാഗസാമഗ്രികളായിട്ടാണ് രാമൻ ദൎശിക്കുന്നത്.

പേജ് 44:-'അഭ്യുദയനിശ്രേയസങ്ങൾ' ലൌകികമായ അഭിവൃദ്ധി അഭ്യുദയം; ആത്മീയവും പാരലൌകികവുമായത് നിശ്രേസം. ഇവയെത്തന്നെ 'പ്രേയസ്സ്' എന്നും 'ശ്രേയസ്സ്'എന്നും യഥാക്രമം പറയുന്നു.

ശ്ലോ:-6. കവോഷ്ണം=കുറഞ്ഞൊരു ചൂടുള്ളത്.

ശ്ലോ:-7. ഇന്ദ്രൻ ഐരാവതത്തിൽ കയറിയാണ് നൈമിശത്തിലേക്ക് യജ്ഞാംശം വാങ്ങാൻ വരാറ്. തദ്രജ്ജുസംഘർഷത്താൽ=ഐരാവതത്തെക്കെട്ടിയ കയറു ഉരസിയതുകൊണ്ട്.

ശ്ലോ:-8. വിരഹിയായ രാമൻ അവിടേയും, ഇന്ദ്രൻ നൈമിശത്തിലേക്ക പോരുമ്പോഴുണ്ടാകുന്ന ശചിയുടെ വിരഹദുഃഖത്തെ ഓർത്തുപോകുന്നു.

ശ്ലോ:-9. 'കപോല....പങ്ക്തി=കവിൾത്തടം പൊട്ടിയൊഴുകുന്ന മദജലം കുടിക്കുന്നതിൽ കുതുകിയായ വണ്ടിൻനിര. സാമധ്വനി....താലം=സാമഗാനത്തിൽ ശ്രദ്ധവെച്ച് അനങ്ങാതെനിൽക്കുന്ന മദംപൊട്ടിയ ആനകളുടെ ചെവികൊണ്ടുള്ള താളംപിടിക്കൽ. (കർത്താവ്)

പേജ് 47:-ദീർഘിക=പൊയ്ക.

പേജ് 47:-'രാമൻ — ഓ, സീതയും....ഉണ്ടോ'. സ്ത്രീജനങ്ങളാണദൃശ്യമാവുന്നത്. അവരുടെ പ്രതിബിംബം ദൃശ്യംതന്നെ. വാല്മീകിയുടെ മാഹാത്മ്യം!

പേജ് 50:-'സീത—ആര്യപുത്ര....ശകാരം'. കാരുണ്യമില്ലയോ എന്നു ഞാൻ അങ്ങയോടാണ് ചോദിക്കേണ്ടത്.

ശ്ലോ:-17. ബാഹൂപധാനമാന്ന്=കൈകൾതന്നെ തലയണയാക്കിവെച്ച്.

പേജ് 52:-'രാമൻ.....ഉത്തരീയം....കാണുന്നില്ല'. സീതയുടെ ദേഹത്തിൽനിന്നും വേറുപെട്ടപ്പോൾ ഉത്തരീയം ദൃശ്യമായി. സ്ത്രീകൾ പുരുഷനയനങ്ങൾക്ക് ദൃശ്യകളാവുമെന്നാണല്ലോ വാല്മീകിയുടെ സങ്കല്പം.

ശ്ലോ:-19. ജ്യോത്സ്നാ........ലളിതം=നിലാവിന്റെ പുറംതൊലി (വള, ചട്ട, പടം എന്നെല്ലാം പറയപ്പെടുന്ന, പാമ്പിന്റെ വെളുത്തുനേരിയ ഉറയാണ് നിർമ്മോകം) യോ എന്നു തോന്നുമാറ് മൃദുലവും ലളിതവും.

പേജ് 52:-അസമീക്ഷ്യകാരി=ആലോചിക്കാതെ പ്രവർത്തിക്കുന്നവൻ.

ശ്ലോ:-'സീതയ്ക്ക....മെത്ത.' പ്രണയകലഹത്തിൽ കുപിതയായ സീത രാമന്റെ ശയ്യയിൽനിന്നും എഴുന്നേററു് തന്റെ ഉത്തരീയംവിരിച്ച് വേറെ കിടക്കാറുണ്ടായിരുന്നു.

പേജ് 53:-'ഭാഗ്യവശാൻ........കലന്നിട്ടില്ല'. അന്യാസംഗമുണ്ടായിട്ടില്ലെന്നു താല്പര്യം.

പേജ് 54:-ദേവതാദ്വിതീയനായി=ഒററയ്ക്ക്.

പേജ് 55:—'അകത്തിരിക്കുന്ന ഗൂഢഗർഭംപോലെ'—അതു പുറത്താരോടും പറയാനും വയ്യ; വിചാരിക്കുംതോറും വ്യഥയെ വർദ്ധിച്ചുകൊണ്ടുമിരിക്കും. വിദൂഷകന്റെ ഉപമ കാര്യവുംഹാസ്യവും നിറഞ്ഞതാണ്.

പേജ് 55:-'രാമവയസ്യനല്ലേ ഞാൻ?' രാമനോടു ഇന്നതേ പറയാവൂ എന്നെനിക്കറിഞ്ഞുകൂടേ? അബദ്ധമൊന്നും എഴുന്നള്ളിക്കില്ല എന്നു താല്പര്യം.

ശ്ലോ. 24:-കമലപത്രശ്രേണി= താമരയിതളുകൾ. വിരഹിണികളുടെ കൈവിരലുകളോടൊത്ത് കൂമ്പുന്നു.

വിരഹിയായ രാമൻ എന്തിലും വിരഹാവസ്ഥതന്നെ ദർശിക്കുന്നത് സ്വാഭാവികംതന്നെ.

ശ്ലോ. 25:- പ്രതോദാഘാതത്താൽ= ചാട്ടയടികൊണ്ട്. ഖുരാഗ്രം=കുളമ്പിന്നറ്റം. കുന്നിൽനിന്നുമുള്ള ഇറക്കമാണ്. ഇറക്കത്തിൽ രഥംമറിഞ്ഞുപോകാതിരിപ്പാൻ കടിഞ്ഞാൺ വലിച്ച്, കുതിരകളുടെ ഗതി മന്ദമാക്കുന്നു. കടിഞ്ഞാൺ മുറുകെവലിയുമ്പോൾ അവ നിന്നുപോകുന്നു; അപ്പോൾ നടത്തുവാനായി ചാട്ടയടി. ആകപ്പാടെ 'നില്ക്കണോ നടക്കണോ' എന്നറിയാതെ കുഴങ്ങുകയാണ് കുതിരകൾ. അടി പേടിച്ച് കാൽ ചുളുക്കി കുളമ്പുകളുടെ അറ്റം മാത്രമേ നിലത്തു തൊട്ടുവിക്കുന്നുള്ളു.

## അഞ്ചാമങ്കം

ശ്ലോ. 1:- സവനം=കുളി. ദിനമുഖവിധി=പ്രഭാതകൃത്യം.

ശ്ലോ. 2.:- 'ഇല്ലെന്നു....തെളിഞ്ഞ=വെള്ളത്തിന്റെ തെളിവുകൊണ്ട് അവിടെ ഒന്നുമില്ലയോ (കഴിഞ്ഞ പ്രദേശമാണോ) എന്നു ശങ്ക തോന്നുമാറ് അത്രയും തെളിഞ്ഞ. ലംബാളകം=കുറുനിരകൾ തൂങ്ങിയത്. പാണ്ഡുരപീനഗണ്ഡം= വിളർത്തുപീത്ത കവിൾത്തടങ്ങളോടുകൂടിയത്. (രണ്ടും മുഖത്തിന്റെ വിശേഷണം.)

ശ്ലോ. 3:- വിബുധഃവേശ്യ=ദേവവേശ്യ, തിലോത്തമ.

പേജ് 58:- 'പുതുമേഘംപോലെ ... ഉപഃവശിക്കുക. വിദൂഷകൻ തന്റെ പാണ്ഡിത്യവും സഹൃദയത്വവും വെളിപ്പെടുത്തുകയാണ്! ആ സ്ഥാനമണ്ഡപത്തെ താമരപ്പൂവായും, സിംഹാസനത്തെ അതിന്റെ മ

ദ്ധ്യത്തിലുള്ള കർണ്ണികയായും കല്പിച്ചിരിക്കുന്നു. ഭഗവാൻ പിതാമഹൻ=ബ്രഹ്മാവ്.

പേജ് 58:—'പുത്രതായി ദുഃഖാഭിജ്ഞനായതുപോലെ' രണ്ടാമതും ദുഃഖമെന്തെന്നറിയാൻ കഴിയുന്നവനായതുപോലെ. ഇതിനെത്തന്നെ അടുത്ത പദ്യത്തിൽ വിവരിക്കുന്നു.

ശ്ലോ. 4:—ഇത്രനാളും വിരഹവിമൂഢനായ താൻ, സുഖദുഃഖങ്ങളെ (അവ ഉണ്ടായിരുന്നാലും) അറിവാൻ അശക്തനായിരുന്നു. ഇപ്പോഠം സീതയുടെ നിഴൽ കണ്ടതു മുതൽ, ദുഃഖമറിവാനുള്ള കഴിവ് തന്റെ മനസ്സിന് വീണ്ടും തിരിച്ചുകിട്ടിയിരിക്കുന്നു. ഇതേവരെ മനസ്സുതന്നെ ഇല്ലാത്തപോലെയിരുന്നു; ഇപ്പോഠം അതു രണ്ടാമതും ജന്മമെടുത്തിരിക്കുന്നുവെന്നു തോന്നും.

പേജ് 59:—'രാജാവേ....പരിണമിച്ചിരിക്കുന്നുവെന്ന്'. ഗുരുതരനാവാനുള്ള കാരണം സംഗതമാണല്ലോ. വിദൂഷകന്റെ ഹാസ്യം അലങ്കാരപ്രൌഢമായ ഭാഷയിലൂടെ കാണാം

ശ്ലോ. 5:—'ആത്മാവിനലല്ലോ....ഓരോ ജീവിക്കും ആത്മാവിനോടുള്ള സ്നേഹം ദോഷത്തെയോ ഗുണത്തെയോ മുൻനിർത്തിയുള്ളതല്ല. അതു നിർവ്യാജസിദ്ധമാണ്. 'ആത്മാവിനുവേണ്ടിയാണ് മററെല്ലാററിനേയും സ്നേഹിക്കുന്നത്' (ബൃഹദാരണ്യകോപനിഷത്തിലെ മൈത്രേയീയാജ്ഞവല്ക്യസംവാദവും, മഹാഭാഗവതത്തിൽ ദശമസ്കന്ധത്തിൽ പതിന്നാലാമദ്ധ്യായത്തിലെ 50-ാമത്തെ ശ്ലോകവും നോക്കുക'). അസൂച്യം=അതിനെ വിവരിക്കു

ന്ന കഥ ഇരിക്കട്ടെ; സൂചിപ്പിക്കുവാൻപോലും സാദ്ധ്യമല്ല. അനുഭവൈകവേദ്യമാണെന്നർത്ഥം. ഭാവബന്ധം=സ്നേഹബന്ധം. ഇതേപദം കാളിദാസൻെറയും നിരന്തരലാളനയ്ക്കു പാത്രമായിട്ടുള്ളതാണ്.

പേജ് 60:_അളീകമധുരവചനങ്ങൾ=കളവായിപ്പറയുന്ന ചക്കര വാക്കുകൾ.

ശ്ലോ. 6:_താമരനാളവും പുറമെ കക്കശമാണല്ലോ! അന്തരിതം=മറച്ചുവെയ്ക്കപ്പെട്ടത്.

പേജ് 60:_'വിട്ടു—അങ്ങ്........വററിപ്പോകുന്നു.' ബഡവാഗ്നി ചുററും പടന്നുപിടിച്ചു നില്പുണ്ടെങ്കിലും മഹാസമുദ്രത്തിൻെറ വലുപ്പം ചുരുങ്ങുന്നില്ല. ഒരു തുള്ളിവെള്ളംപോലും വററുന്നില്ല. കാട്ടുതീയിൽപെട്ട മഞ്ഞുതുള്ളിയുടെ കഥയോ?

പേജ് 61: 'രാമൻ —സുഹൃത്തുക്കൾ.........പെടുകയില്ല.' ഇതൊരു വെറും വാക്കാണ്. രാമൻെറ പ്രിയം വർദ്ധിപ്പിക്കുന്നു.

ശ്ലോ. 7:_'ഭുവന........മറച്ചിടുന്നുവല്ലോ.' ലോകത്തെ ചുട്ടുപൊട്ടിക്കുന്ന സൂൎയ്യനെ കാറിൻനിര മറച്ചുനില്ക്കാറില്ലേ?

പേജ് 61:_'ആദിമൂലത്തിൽ..........ഇവർ'. 'ഫലമൂലങ്ങളും തിന്നു' എന്ന വിദൂഷകൻെറ വാക്യത്തിനുള്ള പ്രത്യുത്തരം. ആദിമൂലം=പ്രപഞ്ചകാരണമായ ബ്രഹ്മം, ഈശ്വരൻ. അതിനോട് വ്യഷ്ടിയായ ആത്മാവിനെ യോജിപ്പിച്ച് പരമപുരുഷാൎത്ഥമായ മോക്ഷഫല.

ത്തെ സമ്പാദിച്ചവരാണിവർ. ലൌകികങ്ങളായ മൂലഫലങ്ങളിലല്ല, കുറെക്കൂടി അർത്ഥവ്യാപ്തിയുള്ള നിത്യങ്ങളായ മൂലഫലങ്ങളിലാണവർ ജീവിക്കുന്നതെന്നർത്ഥം. യോഗമെന്നാൽ സമഷ്ടിയായ ആത്മാവിനോടു വ്യഷ്ടിയായആത്മാവിൻെറ ചേർച്ചയാണല്ലോ.

ശ്ലോ. 8:_ആപ്തപ്രദീപ്തം=ആപ്തന്മാരാൽ, വിശ്വാസയോഗ്യന്മാരാൽ, പ്രദീപ്തം (ജ്വലിപ്പിക്കപ്പെട്ടതു്.) വ്യഷ്ടിയായ ആത്മാവു് വാസ്തവത്തിൽ സമഷ്ടിയായ ബ്രഹ്മംതന്നെ. അജ്ഞാനം അതിൻെറ യഥാർത്ഥഭാവത്തെ മറച്ചുനില്ക്കുന്നു. ആപ്തനായ ഗുരു ഉള്ളിലുള്ള ചൈതന്യത്തെ ഉണർത്തുമ്പോഠംമാത്രമേ അജ്ഞാനമകലൂ, യഥാർത്ഥജ്ഞാനം പ്രകാശിക്കൂ. 'അനന്യപ്രോക്തേഗതിരത്രനാസ്തി' എന്ന കഠോപനിഷദ്വാക്യം നോക്കുക.

പേജ്ജ്' 62:_അപ്രമത്തർ=ജാഗരൂകർ, അവധാനത്തോടുകൂടിയവർ.

പേജ്ജ്' 63:_വിജ്ഞാനാവലേപം=വിദ്യാഗർവ്വം

പേജ്ജ്' 63:_കാകപക്ഷപരിഭൂഷിതം=ഒതുക്കമില്ലാതെ തൂങ്ങിക്കിടക്കുന്ന തലമുടിച്ചാർത്തുകൊണ്ടു് അലങ്കരിക്കപ്പെട്ടതു്. വിദൂഷകൻെറ വാക്യമാണെന്നോർക്കുക. നിങ്ങളുടെ=രാമലക്ഷ്മണാദികളുടെ. മഹാരാജാവു്=ദശരഥൻ.

ശ്ലോ. 10:_ജഡമായ ചന്ദ്രകാന്തംപോലുമലിഞ്ഞുപോകുന്നു! ഉത്തരരാമചരിതം ആറാമങ്കം പന്ത്രണ്ടാം ശ്ലോകം നോക്കുക. ഈ ഗ്രന്ഥത്തിൻെറ ഭൂമികയും.

പേജ്ജ്' 65:_'ബാഷ്പപാതം........തോന്നുന്നു.' ഹൃദയം കട്ടി

യായി നില്ക്കുകയായിരുന്നു. കണ്ണുനീർ വീണു അതൊന്നായഞ്ഞു.

ശ്ലോ. 11:—അതിസംഭ്രമത്താൽ = വികാരവൈവശ്യത്തോടു കൂടി. 'ഭവദ്ഗുരുക്കൾക്ക്..........മദനുജ്ഞയാലേ'. രാമനറിയാതെതന്നെ ഈ വാസ്തവം പറഞ്ഞതാണ്. ഗുരുവിനെ, പിതാവിനെതന്നെയാണല്ലോ അവർ നമസ്കരിച്ചത്. വിദൂഷകൻെറ അടുത്ത വാക്യവും ഇതിനെത്തന്നെ സൂചിപ്പിക്കുന്നു.

പേജ് 67:—'ഗൃഹസ്ഥന്മാർ........യുക്തംതന്നെ.' എന്തെന്നാൽ തപോവനത്തിൽ പോയാൽ അവൎക്കു സൌഖ്യം ലഭിക്കുമോ?

പേജ് 67:—വ്യവധാനം=മറവ്.

ശ്ലോ. 12:—പശു.......ശരത്വം=പരമേശ്വരൻെറ വാർമുടിയിലെ കൈതപ്പൂവിൻകീറായിത്തീരുക എന്ന നില, ശിരോലങ്കാരത്വം.

പേജ് 68:—'തന്നെത്താൻ'. വേറെ ആരും പറഞ്ഞിട്ടല്ല; സ്വയം ചെയ്ത സാഹസമാണ്.

പേജ് 68:—അജ്ഞാതവിപ്രയുക്ത പുത്രകഥ=അറിയപ്പെടാത്ത, വേർപിരിഞ്ഞ പുത്രന്മാരുടെ വൃത്താന്തം.

പേജ് 69:—'വിദൂ—അയ്യോ, പാമ്പ്....' ശാകുന്തളം ഏഴാമങ്കം നോക്കുക. ഈ ഗ്രന്ഥത്തിൻെറ ഭൂമികയും.

പേജ് 69:—'സ്വസ്ത്യയന....തപസ്വിരങ്ങൾ' = മംഗലം പുലരുന്ന ആശീർവ്വചനങ്ങൾകൊണ്ടു സുരക്ഷിതരാണ് തപസ്വികൾ.

ശ്ലോ:—14. കണ്ഠം=മൂർച്ചയില്ലാത്തതു, പ്രസരിക്കാത്തതു്.

പേജ് 70:_രണ്ടാമത്തെവർണ്ണം=ക്ഷത്രിയവർണ്ണം. ഒന്നാമത്തെ ആശ്രമം=ബ്രഹ്മചര്യം.

പേജ് 71:_ഉദാത്തരമ്യമായ=അന്തസ്സും അഴകുമുള്ള. സമുദാചാരം=ആചാരക്രമം.

പേജ് 71:_'രാമൻ—അഹോമാഹാത്മ്യം!' ആശ്രമത്തിലുള്ളവർകൂടി സാധാരണയായുച്ചരിക്കാത്ത നാമമാണെങ്കിൽ, അതു തീർച്ചയായും ഒരു മഹാത്മാവിൻേറതായിരിക്കണം.

പേജ് 74:_'രാജാസനത്തിൽ........ഉണ്ടാവുന്നതുമില്ല'. വൃദ്ധവചനമനുസരിച്ച് അവരുടെ തല പൊട്ടിത്തെറിക്കേണ്ടതാണല്ലോ.

ശ്ലോ:_16. പുരാണപുരുഷൻ=വിഷ്ണു, രാമൻ വിഷ്ണുവിൻേറ അവതാരമാണല്ലോ.

പേജ് 75:_മഹാത്ഥസംവിധായി=വലിയ അത്ഥഗംഭീര്യത്തോടുകൂടിയതു്. വലിയൊരു കാര്യത്തെ ഉദ്ദേശിച്ചു ചെയ്യപ്പെട്ടതു് എന്നുമാകാം. ഈ നിയോഗമാണല്ലോ, സീതാരാമസമാഗമത്തിലേക്കു് എത്തിക്കുന്നതു്.

ശ്ലോ:_17. വാക്‌സന്ദർഭം=ഗ്രന്ഥം.

പേജ് 75:_ ഈ സാരസ്വതാവതാരം= ശബ്ദബ്രഹ്മത്തിൻേറ വിവത്തം. വേദത്തിലല്ലാതെ ഛന്ദഃപ്രയോഗം ഒന്നാമതായുണ്ടായതു് രാമായണത്തിലാണല്ലോ.

ആറാമങ്കം.

പേജ് 76:_പൌരജാനപദന്മാർ= പുര (നഗര) ത്തിലും ജനപദ (രാജ്യ) ത്തിലുമുള്ളവർ.

ശ്ലോ:_2. വധുക്കരം=ഭാൎയ്യമാർ. 'പുത്രഭാൎയ്യ' എന്നൎത്ഥത്തിൽ ഈ പദം മുൻപുപ്രയോഗിച്ചിട്ടുണ്ടു്.

പേജ്ജ് 78:_(ലക്ഷ്മണനൻ രാമനെ നോക്കുന്നു). കേട്ടുകൊള്ളു, ഭഗവാൻ വാല്മീകി പറയുന്നതു്. ഇനിയുമെന്തു പറയുന്നു? എന്നു സാകൂതം നോക്കുന്നു.

പേജ്ജ് 80:_'രാമൻ—ഇനി....ച്ചേക്കുമോ?' ഇനിയെങ്കിലും സീതയുടെ ശുഭമായ അനന്തരകഥ കേരംക്കാമോ എന്ന അത്യൎത്ഥിക്കുണ്ടു.

ശ്ലോ:_15. നിഷ്യപുനൎവ്വസുക്കരം=പൂയവും പുണർതവും.

പേജ്ജ് 85:_'സീത—ആരെയാണ്........നോക്കുന്നതു്?' നിങ്ങളെ ഗൎഭത്തിൽ വഹിച്ചുകൊണ്ടിരിക്കവെ നിങ്ങളുടെ അമ്മയെ കാട്ടിൽ വെടിഞ്ഞ ആളെയാണോ നോക്കുന്നതു്?

പേജ്ജ് 85:_വൈശ്വാനരൻ=അഗ്നി.

ശ്ലോ:_21. കുശലവന്മാരുടെ അമ്മയുടെ വിശുദ്ധിക്കു മററാരാളുടെ സാക്ഷ്യപത്രമെന്തിനു്? പവമാനസഖൻ=അഗ്നി. അയാരംക്കുതന്നെ മററൊരാളുടെ ആലംബം വേണം.

ശ്ലോ:_22. അനുകൃതിസരളം=മറവുള്ളവക്കനുകരിക്കാനെളുപ്പമായ വിധത്തിൽ 'നേരെവാ നേരേപോ' എന്ന മട്ടുള്ളതു്. സാധാരണ ജനങ്ങളുടെ ഹൃദയാന്തൎഭാഗത്തിലെ വാടാഗ്ഗുണമാണു് പ്രേമം. രാജാക്കന്മാൎക്കാകട്ടെ പ്രേമമൊരലങ്കാരമത്രേ; അതു ഹൃദയത്തിനു പുറത്തു് പൂമാലപോലെ ധരിക്കാനുള്ളതാണു്. അതു വാടിപ്പോകുന്നു. അതിൽ തെററില്ല. തരിശായ മണലിൽ സ്നിഗ്ദ്ധമായ തിലം വിളയുകയില്ലല്ലോ.

പേജ്ജ് 87:_'നിവൃത്തസർവ്വാരംഭമായി' = ഉദ്യമങ്ങളിൽനിന്നെല്ലാം വിരമിച്ച്. ചിത്രലിഖിതമെന്നപോലെ.

പേജ്ജ് 87:_ഗുരുശാസനം=പിതാവായ ദശരഥന്റെ ആജ്ഞ.

പേജ്ജ് 88:_അവ്യക്തഭീഷണം=അസ്പഷ്ടവും ഭയങ്കരവും. രസാന്തരം=മറെറാരു സംഭവം; മറെറാരു രസാ (പൃഥ്വി) ഇതേവരെയുള്ള രസംമാറി ഇപ്പോൾ നിർവ്വഹണസന്ധിയിലുള്ള അത്ഭുതരസമാവിർഭവിക്കുകയുമാണ്.

ശ്ലോ. 24 :_പാതാളാന്തം=പാതാളലോകത്തിന്റെ അടി. പാതക്ലിഷ്ടങ്ങൾ=വീണുപോയേക്കുമോ എന്ന ആശങ്കയാൽ ആകുലങ്ങൾ. പ്ലാവനം ചെയ്തിടുന്നു=അലകളുടിച്ചു കയററി മുക്കുന്നു:

ശ്ലോ. 25 :_വെള്ളത്തിൽ മുങ്ങിയ ആൾ പൊന്തിവരികയാണോ എന്നു തോന്നുമാറ്. സ്ഥാവരംമൂർത്തി=ദൃശ്യമായ ഈ ജഡാകാരം.

ശ്ലോ. 27 :_ജഗത്ത്=ചരാചരപ്രപഞ്ചം.

ശ്ലോ. 29 :_'ദുദോഹഗാം സയജ്ഞായ
സസ്യായമഘവാദിവം
സമ്പദ്വിനിമയേനോഭൌ
ദധതുർഭുവനദ്വയം.' (രഘുവംശം)

'ദേവാൻ ഭാവയതാനേന
തേദേവാ ഭാവയന്തുവ:
പരസ്പരം ഭാവയന്ത:
ശ്രേയ: പരമവാപ്സ്യഥ' (ഗീത)

എന്നീ പദ്യങ്ങൾ നോക്കുക.

ശ്ലോ. 30 :_ഇഹകരനികരം=സൂര്യരശ്മികളുടെ സമൂഹം.

ശ്ലോ. 31 :_പ്രണവമധിതീയ=സാക്ഷാൽ പ്രപഞ്ചശക്തി. അതാണല്ലോ പ്രണവപ്രതീകമായ ബ്രഹ്മത്തിൻെറ സഹചാരിണി.

ശ്ലോ. 35 :_'ത്രിദശ....ഘോഷം'=ദേവന്മാർ പെരുമ്പറയടിക്കുന്ന ശബ്ദം.

ശ്ലോ. 37 :_'അന്യ....വാദം'=അറിവില്ലാത്ത ജനങ്ങൾ പറഞ്ഞുപരത്തിയ അപവാദമാകുന്ന കരിങ്കാറ്.

പേജ്ജ് 92:_ ഉദാത്തശാലീനമായ=അന്തസ്സും വിനയവും നിറഞ്ഞ. രാമൻെറ സ്വീകാരപ്രകാരം നോക്കുക. ലക്ഷ്മണൻ സീതയെ നമസ്കരിക്കുകയാണ്, സീത രാമപത്നിയായി എന്നതിനെ ദൃഢീകരിക്കുന്നത്.

ശ്ലോ. 38:_പൂർവ്വംഫലം=സന്താനമെന്ന ഫലം.

പേജ്ജ് 94:_ വേത്രാധികാരം=ചൂരൽവടി പിടിച്ചു നില്ക്കുവാനുള്ള അധികാരം.

ശ്ലോ. 42 :_മാന്ധാതൃഭൂപൻ=സൂര്യവംശജനും മഹാത്മാവുമായ ഒരു രാജാവ്. കൃതയുഗത്തിൽ ജീവിച്ചിരുന്നതായി പുരാണം പറയുന്നു.

ശ്ലോ. 44 :_വൃത്തശുദ്ധി=ചാരിത്രശുദ്ധി.

171876
0324:N12:11
J7;1
MUL
171876

6 MAR 1959